# കർത്താവിനായി കത്തിജ്വലിച്ച ചില ജീവിതങ്ങൾ



ശാന്ത ജെ. ഫിലിപ്പ്

## കർത്താവിനായി കത്തിജ്വലിച്ച ചില ജീവിതങ്ങൾ

യേശുക്രിസ്തു ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായി തീർന്നു. (ഫിലിപ്പിയർ 2:6–8)

ഒന്നു ഞാൻ ചെയ്യുന്നു. പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന് ആഞ്ഞുകൊണ്ടും ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു. (ഫിലിപ്പിയർ 3:14)

ശാന്ത ജെ. ഫിലിപ്പ്

*Published by*

BEETHREN RESEARCH GROUP

COCHIN - 682 022

Price : 150/-

# കർത്താവിനായി കത്തിജ്വലിച്ച
# ചില ജീവിതങ്ങൾ

ശാന്ത ജോൺസൺ

# ഉള്ളടക്കം

സമർപ്പണം

അവതാരിക


അഭിപ്രായം

1. അവരോട് ക്ഷമിക്കേണമേ
2. മഹാരാജാവിനാൽ നിയമിക്കപ്പെട്ടവൾ
3. ഒരു ചെറിയ പെൺകുട്ടിക്ക് എന്തു ചെയ്യുവാൻ കഴിയും
4. ഇന്ത്യയിലെ ആദ്യത്തെ ബ്രദറൺ രക്തസാക്ഷി
5. അങ്ങയുടെ ഇഷ്ടം
6. ഇനി ഞാൻ ക്ഷമിക്കയില്ല
7. യുജിനിയ
8. രക്തസാക്ഷികളായ 6001 പട്ടാളക്കാർ
9. സംസാരിക്കുന്ന ചുണ്ണാമ്പ് കട്ടകൾ
10. കൂട്ടുകാരന്റെ ശിക്ഷയ്ക്ക് ഞാൻ ഉത്തരവാദിയോ
11. ഒരു പെൺകുട്ടിയുടെ അവസാന പ്രാർത്ഥന
12. കരുതുന്ന ദൈവം
13. ഉറച്ചു നിൽക്കുക
14. എന്റെ കൃപ നിനക്ക് മതി
15. പാപത്തോട് വിട പറയാൻ എങ്ങനെ സാധിക്കും
16. മാറ്റി വെയ്ക്കുകയില്ലാ, പിന്തിരിയുകയില്ലാ, പശ്ചാത്താപമില്ലാ
17. പ്രാർത്ഥനാ വീരൻ
18. മാതൃക പുരുഷൻ
19. അമ്മേ
20. ജനിതകശാസ്ത്രജ്ഞൻ വിശ്വാസിയോ
21. പേർ വിളിക്കുന്നേരം
22. കത്ത്
23. വിളിക്കുമ്പോൾ കേട്ട് ഉത്തരം തരുന്ന സ്നേഹവാനായ ദൈവം
24. പ്രകാശ് തയ്യാറായിരുന്നു
25. വേദപുസ്തകത്തിനുവേണ്ടി സകലവും ത്യജിച്ച മേരി ജോൺസ്
26. ഭാവന - ഇരുമ്പുപുളി
27. പ്രഥമ ബ്രിട്ടീഷ് രക്തസാക്ഷി
28. മനോഹരമായ രണ്ട് ചിറകുകൾ
29. കഴുകനെപ്പോലെ ചിറകടിച്ചു കയറാൻ
30. സുന്ദരിയായ തിയോഡറസും ദിദിമോസും
31. ഭാവന-വിതയ്ക്കുന്നതു തന്നെ കൊയ്യും
32. റോസപൂക്കൾ
33. വിലേയറിയ നിക്ഷേപം

34. ഭാവന - അന്ത്യകാലം
35. രക്തസാക്ഷിയായ സിറിൽ
36. ഭാവന-ടീച്ചറേ, എന്റെ മകൻ എവിടെ
37. ഡോക്ടറെ, നമ്മുടെ ജീവിതം വെച്ചു മാറാം
38. കൈകൾ കൂപ്പിയ ചിത്രം
39. ബാലനായ വില്ലസ്
40. എബ്രഹാം ലിങ്കന്റെ തീരുമാനം
41. 57 പെനിയും ഒരെഴുത്തും
42. ഗിദയോൻ ബൈബിളിന്റെ വിതരണത്തിന്റെ ആരംഭം
43. എലിസബത്ത് ഫ്രൈ
44. ഭാവന-ഞാൻ എന്തു ചെയ്തു എന്നെ ഇങ്ങനെ വേദനിപ്പിക്കുവാൻ
45. അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കുന്ന ദൈവം
46. ഭാവന-മമ്മീ, എന്നെ ജീവിക്കുവാൻ എന്തുകൊണ്ട് അനുവദിച്ചില്ലാ
47. കർത്താവിന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മ അനുഭവിച്ചറിയാമെന്നാഗ്രഹിച്ച് സ്ത്രിരത്നം
48. കഷ്ടതയിലും പുഞ്ചിരിതൂകാൻ
49. ഇന്നും അത്ഭുതങ്ങൾ നടക്കുന്നുണ്ടോ
50. എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും
51. ക്രിസ്ത്യൻ സിസ്റ്റേഴ്സ് ഫെലോഷിപ്പ് (CSF)ന്റെ ആരംഭം



52. ഉറക്കം വരാത്ത രാത്രി
53. ഒരു വിധവയുടെ 2 ചില്ലികാശും Y.M.E.F.ന്റെ വാഹനവും
54. ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു
55. ദൗത്യം
56. ആറുവയസ്സുകാരനായ ജോൺസൻ സി. ഫിലിപ്പിന്റെ തീരുമാനം
57. അഗ്നിശോധനയിൽ സന്തോഷിക്കുക
58. അവൾ തന്നാൽ ആവതു ചെയ്തു
59. എന്നെ വിടുവിച്ച സർവ്വശക്തനായ ദൈവം
60. നമ്മെ എങ്ങനെ അറിയപ്പെടണം എന്നാണ് നാം ആഗ്രഹിക്കുന്നത്

## സമർപ്പണം

ഒന്നാമതായി ഞാൻ ഈ പുസ്തകം ത്രിയേക ദൈവത്തിനായി സമർപ്പിക്കുന്നു. എനിക്ക് അലോചനയും എഴുതുവാൻ  കഴിവും തന്നത് എന്നെ രക്ഷിച്ചു എനിക്കു വേണ്ടി സകലവും തന്ന കർത്താവാണ്. അല്ലെങ്കിൽ ഇങ്ങനെ ഒരു പുസ്തകം എഴുതുവാൻ എനിക്ക് സാധിക്കു മായിരുന്നില്ല.

രണ്ടാമതായി ഞാൻ അപ്പൻ എന്ന് വിളിക്കുന്ന എന്റെ Fatherന്റെ father ശ്രീ. കെ. വർക്കിക്കും, ഞാൻ അമ്മ എന്നു വിളിക്കുന്ന എന്റെ അപ്പച്ചന്റെ പെങ്ങളുമായ മറിയാമ്മ വർക്കിക്കും സമർപ്പിക്കുന്നു.  വീട് കിഴക്കെപൊതി, ഊരമനയിൽ. ഞങ്ങളുടെ അപ്പൻ ദൈവഭക്തനും വിശ്വസ്തനും ഉദാരമനോഭാവമുള്ളവനുമായിരുന്നു. കടമറ്റം സഭയിൽ വചനം പഠിപ്പിക്കുമായിരുന്നു. 33-ാമത്തെ വയസ്സിൽ ഭാര്യ മരിച്ചു. താൻ 4 മക്കളെയും ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ വളർത്തി. താൻ  96 വയസ്സു വരെ ജീവിച്ചു. ദൈവ വചനം വായിക്കുകയും കാണാപാഠം പഠിക്കുകുയം ചെയ്യുമായിരുന്നു. ഞാൻ പലപ്പോഴും വിചാരിച്ചിരുന്നു അപ്പന്  ബൈബിൾ മുഴുവനും കാണാപാഠം അറിയാം എന്നായിരുന്നു. അത്ര നിശ്ചയം വചനത്തിൽ ഉണ്ടായിരുന്നു. അപ്പൻ ഒരിക്കലും തന്റെ അലമാര പൂട്ടിയിരുന്നില്ല. ഞങ്ങൾ കൊച്ചുമക്കൾക്ക് അപ്പന്റെ അലമാരിയിലെ മേശ കള്ളിയിൽ (drawer) നിന്ന് രൂപ എടുക്കുവാൻ, ആവശ്യത്തിന് ഉപയോഗിക്കുവാൻ, മിഠായി പോലും മേടിക്കുവാൻ അനുവാദം തന്നിരുന്നു.



മറിയാമ്മ വർക്കിയുടെ 12-ാമത്തെ വയസ്സിൽ താൻ ഒരു വിധവയായി. അമ്മ മരിച്ചുപോയതുകൊണ്ട് ഇളയ കുഞ്ഞുങ്ങളെ വളർത്തുവാൻ അപ്പന് സഹായമായി.  ഒരു വിധവയായി വിശ്വസ്തതയോടുകൂടി 89 വയസ്സ് വരെ ജീവിച്ചു. വേദപുസ്തകം വായിക്കുകയും പഠിക്കുകയും ചെയ്യുമായിരുന്നു. വട്ടയപ്പവും മോരും ഒക്കെ ഉണ്ടാക്കി പാവപ്പെട്ടവരുടെയും സുഖമില്ലാതെ കിടക്കുന്നവരുടെയും വീടുകളിൽ കൊണ്ടുപോയി കൊടുക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഞാൻ ഇവരുടെകൂടെ അനേകം വർഷങ്ങൾ താമസിച്ചതു കാരണം അനേകം കാര്യങ്ങൾ പഠിക്കുവാൻ സാധിച്ചു. അമ്മ നല്ല നല്ല കഥകൾ പറഞ്ഞു തരുമായിരുന്നു. ഈ കഥ നിറഞ്ഞു പുസ്തകം എഴുതുവാൻ അവരുടെ ജീവിതവും സാക്ഷ്യവും എനിക്ക് പ്രേരകമായി.

മൂന്നാമതായി ഞാൻ ഈ പുസ്തകം എന്റെ ഭർത്താവ് ഡോ. ജോൺസസൺ സി. ഫിലിപ്പിന് സമർപ്പിക്കുന്നു. അദ്ദേഹത്തിന്റെ പ്രോത്സാഹനവും സഹായവുമാണ് ഈ പുസ്തകം എഴുതുവാൻ എന്നെ പ്രാപ്തയാക്കിയത്.

## Foreword

The Scripture repeatedly makes it clear that God has called each one of His children to serve Him through their lives. Each person's call is different and each person is fully equipped by God to meet the challenges of the call. However, many of us fail to recognize or listen to the call. Others hesitate thinking they might not be able to rise up to the call. However, history is our witness that when God calls, He also equips us for the task.

Whether it is the slave girl in the house of Naaman, Esther the orphan, or Peter the fisherman, divine guidance and strength is available to all. The Christian history of the last 2000 years also supports this observation.

Reading the stories of such people and listening to such stories can have a deep spiritual impact upon Christians. Many have reported how a certain story of a believer and his or her commitment motivated them deeply. This knowledge motivates many writers to explore stories of people everywhere who discovered their call and dedicated themselves to follow their master. They then write in a manner that touches our hearts and motivates us to lead a similarly dedicated live.

The authoress of this book has been doing this kind of writing for the past three decades. Her book on the Martyrs for



Christ is a classic in itself and is out of print. That book dealt solely with those who lost their lives in the earlier Christian Era for their life and testimony. The current book is a mix of true stories mostly from modern Christian era. I heard many of them as she read them to me and read the rest of them in proof form. This was a great treat to my mind.

Of late many young Christian couples have become conscious that they need to instruct their children carefully in the whole counsel of God, lest they stray away from the faith of their parents. This is a highly welcome development because children now live in an increasingly evil world where evil is not only tolerated but where it has also become the approved way of life. Children in such a world need to be instructed in the way they should walk.

Proper instruction of children includes making them memorizing the Scriptures, narrating biblical stories to them in an instructional manner, and also narrating stories of believers who heard the call of their master. The present book will be a great help to such parents who do not know where and how to get such real-life stories.

I highly commend the book. I recommend that every young (and not so young) person should have a copy of this book in their collection.

**Dr. Johnson C. Philip**
Evangelist and Christian Author

# 1

## അവരോടു ക്ഷമിക്കേണമേ

**അ**പ്പോൾ അവർ അവന്റെ മുഖത്തു തുപ്പി മുഷ്ടി ചുരുട്ടി കുത്തി ചിലർ അവനെ കന്നത്തടിച്ചു മുള്ളുകൊണ്ട് ഒരു കിരീടം മെടഞ്ഞ് അവന്റെ തലയിൽ വെച്ചു. പിന്നെ അവന്റെമേൽ തുപ്പി കോൽ എടുത്ത് അവന്റെ തലയിൽ അടിച്ചു. അവനെ പരിഹസിച്ചു തീർന്നപ്പോൾ മേലങ്കി നീക്കി അവന്റെ സ്വന്തവസ്ത്രം ധരിപ്പിച്ചു ക്രൂശിക്കാൻ കൊണ്ടുപോയി (മത്തായി 27:30) പച്ചമരത്തോടു ഇങ്ങനെ ചെയ്താൽ ഉണങ്ങിയതിന് എന്ത് ഭവിക്കും എന്നു പറഞ്ഞു (ലൂക്കോസ് 23:31).

സ്നേഹവാനായ ദൈവം മനുഷ്യനെ സ്നേഹിച്ചു. മനുഷ്യരെ രക്ഷിക്കുന്നതിന് വേണ്ടി ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന കുഞ്ഞാടായി ലോകത്തിലേക്ക് വന്നു. നമ്മുടെ പാപങ്ങൾക്ക് പകരമായി കാൽവറി ക്രൂശിൽ നമുക്കുവേണ്ടി മരിച്ചു. ദൈവം ഉയിർത്തെഴുന്നേറ്റു ഇന്ന് സ്വർഗ്ഗത്തിൽ ജീവിക്കുന്നു. നാം പാപങ്ങളെ



ഏറ്റു പറഞ്ഞു മാനസാന്തരപ്പെട്ടു കർത്താവിനെ ഏക ദൈവവും ഏകരക്ഷകനുമായി സ്വീകരിക്കുമ്പോൾ നാം ദൈവമക്കൾ ആകുന്നു. മനുഷ്യർ ദൈവത്തെ നിന്ദിക്കുകയും ഉപദ്രവിക്കുകയും തല്ലുകയും കൊല്ലുകയും ചെയ്തു എങ്കിൽ ദൈവമക്കളേയും തീർച്ചയായും ഉപദ്രവിക്കും. അതുകൊണ്ടാണ് കർത്താവ് പറഞ്ഞത് പച്ചമരത്തോട് ഇങ്ങനെ ചെയ്താൽ വെറും ഉണങ്ങിയവരായ മനുഷ്യന് എന്തു ഭവിക്കും. എന്നാൽ ദൈവം നമ്മോടുകൂടെയുള്ളതു കൊണ്ട് നമുക്ക് ഭയപ്പെടുവാനില്ല.

1941-ൽ ആസ്ട്രേലിയയിൽ സ്റ്റുവർട്ട് പാംവുഡ് എന്ന സ്ഥലത്ത് ഗ്രഹാം സ്റ്റെയിൻസ് ജനിച്ചു. ഒരു ദൈവമകനായി വളർന്നു കർത്താവിനായി ജീവിതം സമർപ്പിച്ചു. കർത്താവിനായി ജീവിക്കും എന്നു തീരുമാനിച്ചു. തന്റെ 24-ാമത്തെ വയസ്സിൽ 1965-ൽ ഇന്ത്യ സന്ദർശിച്ചു. ഇവാൻജലിക്കൽ മിഷണറി സൊസൈറ്റിയിൽ ചേർന്നു മായാർബെൻജ എന്ന സ്ഥലത്തു പ്രവർത്തനം ആരംഭിച്ചു.

താമസിയാതെ അവിടെ നിന്ന് മാറി കുഷ്ഠരോഗികളെ ശുശ്രൂഷിക്കാനായി ഗോത്രവർഗ്ഗക്കാരുടെ ഇടയിൽ ഒരു ഭവനം ഉണ്ടാക്കി പ്രവർത്തനം തുടങ്ങി. 1952-ൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്തു.

43-ാം വയസ്സിൽ കർത്താവിനായി വേല ചെയ്തിരുന്ന ഗ്ലാഡിയുമായുള്ള വിവാഹം നടന്നു. അവർക്ക് 3

മക്കൾ ഉണ്ടായി എസ്ഥേർ, ഫിലിപ്പ്, തിമോത്തി. കുടുംബമായി കുഷ്ഠരോഗികൾക്കായി ജീവിതം സമർപ്പിച്ചു. ഒഡിയ ഭാഷ പഠിച്ചു. ആ ഭാഷയിൽ നന്നായി സംസാരിക്കുവാൻ അദ്ദേത്തിന് അറിയാമായിരുന്നു. കൂടാതെ പുതിയനിയമം ഹൊ ഭാഷയിലേക്ക് തർജ്ജമ ചെയ്യുവാൻ തുടങ്ങി. കുഷ്ഠരോഗി കളേയും കഷ്ടപ്പെടുന്നുവരേയും കരുതുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒരു നല്ല ശമര്യാക്കാരനായിരുന്ന അദ്ദേഹം കുഷ്ഠരോഗികളെ ഉപജീവനത്തിനുതകും വിധം പല കുടിൽ വ്യവസായങ്ങളും പഠിപ്പിച്ചു അവരെ സ്വയംപര്യാപ്തരാക്കിത്തീർത്തു.

മനോഹർപൂർ വനത്തിലുള്ള ഒരു ക്യാമ്പിൽ പങ്കെടുത്തതിനുശേഷം മക്കളെ ഊട്ടിയിലുള്ള സ്കൂളിൽ കൊണ്ട് വിടാനായി യാത്രയാരംഭിച്ചു. രാത്രിയായതിനാൽ മനോഹർപൂർ എന്ന സ്ഥലത്ത് കാറിൽ അവർ കിടന്നുറങ്ങി 58 വയസ്സുള്ള ഗ്രഹാംസ്റ്റയിനും 10 വയസ്സുകാരൻ തിമോത്തിയും 7 വയസ്സുള്ള ഫിലിപ്പും ഭാര്യയും മകളും തങ്ങളുടെ വീട്ടിൽ കിടന്നുറങ്ങുകയായിരുന്നു. 50 ആളുകൾ വാളും വടിയുമായി വന്ന് കാറിനെ വളഞ്ഞു. അവർ കാറിന് തീകൊടുത്തു. കുഞ്ഞുങ്ങൾ പുറത്തുപോകാൻ നോക്കിയെങ്കിലും അവർ സമ്മതിച്ചില്ല. ആ നിഷ്കളങ്കരായി കുഞ്ഞുങ്ങൾക്കൊപ്പം ആ പിതാവിനേയും അവർ കാറിലിട്ട് നിഷ്കരുണം തീയിട്ടു കൊന്നു അവർ ഒന്നിച്ച് ആ തീയിൽ വെന്തെരിഞ്ഞു. തങ്ങളെ സ്നേഹിച്ച



തങ്ങൾക്ക് വേണ്ടി ജീവൻ കൊടുത്ത കർത്താവിനുവേണ്ടി അവർ വെന്തെരിഞ്ഞു. തങ്ങൾ പ്രിയം വെച്ച കർത്താവിന്റെ നാട്ടിൽ വേദനയും ദുഃഖവു മില്ലാത്ത നാട്ടിൽ അവരെത്തിച്ചേർന്നു.

വിവരം അറിഞ്ഞ ഗ്ലാഡിയും മകൾ എസ്ഥേറും ഹൃദയം പൊട്ടിക്കരഞ്ഞു. എന്നാൽ ദൈവത്തിൽ വിശ്വസിച്ചു. അവർ ഒഡീഷയെ വെറുത്തില്ല, ഇന്ത്യാക്കാരെ വെറുത്തില്ല, വീണ്ടും അവരുടെ സേവനം കർത്താവിനായി തുടർന്നു.

ഗ്ലാഡി സ്റ്റെയിൻ പറഞ്ഞു, എന്തുകൊണ്ട് അവർ എന്റെ ഭർത്താവിനേയും കുഞ്ഞുങ്ങളേയും കൊന്നു എന്നെനിക്കറിയില്ല. ദൈവം അത് അനുവദിച്ചു എന്നു മാത്രം ഞാൻ അറിയുന്നു. ദൈവത്തിന്റെ വഴി അവർക്കു വേണ്ടി അതായിരുന്നു ദൈവം അവരോടു കൂടെയുണ്ടായിരുന്ന ഞങ്ങളോടും കൂടെയുണ്ട്.

കർത്താവ് ക്രൂശിൽ കിടന്നു പറഞ്ഞു പിതാവേ ഇവർ ചെയ്യുന്നത് എന്തെന്നു അറിയായ്കകൊണ്ട് ഇവരോടു ക്ഷമിക്കേണമേ (മത്തായി 29:34).

ഗ്ലാഡി സ്റ്റെയിൻസ് പറഞ്ഞു എന്റെ ഭർത്താവിനെ കൊന്നവരെ ശിക്ഷിക്കണമെന്ന് എനിക്ക് ആഗ്രഹമില്ല. ഞാൻ അവരോടു ക്ഷമിക്കുന്നു. എന്നെ സ്നേഹിച്ച ദൈവത്തെ അവർ അറിയണമെന്ന് എനിക്കാഗ്രഹമുണ്ട്.

അവർ മാന സാന്തരപ്പെടണം. ദൈവത്തിങ്കലേക്ക് വരണം ദൈവം അവരോട് ക്ഷമിക്കും. കർത്താവിനെ സ്നേഹിച്ച അവർക്ക് കർത്താവിനെ പിൻതുടരാൻ സാധിച്ചു. കർത്താവിന്റെ ഇഷ്ടം അവരുടെ ഇഷ്ടമായിത്തീർന്നു. നമുക്കോ?



# 2
# മഹാരാജാവിനാൽ നിയമിക്കപ്പെട്ടവൾ

**ജീ**വിതത്തിൽ പ്രശ്നങ്ങൾ, തോൽവികൾ, മരണങ്ങൾ, കഷ്ടതകൾ, നിരാശകൾ, ഒറ്റപ്പെടുത്തൽ ഇവ ഉണ്ടാകു മ്പോൾ നാം ഭയപ്പെടുന്നതിനും തളർന്നു പോകുന്നതിനും സാദ്ധ്യതകൾ ഉണ്ട്. ചില സംശയങ്ങൾ നമ്മെ നശിപ്പിക്കുവാൻ നോക്കും. അപ്പോൾ നാം അറിഞ്ഞിരിക്കേണ്ട ചില പ്രധാന കാര്യങ്ങളാണ്.

1. ഞാൻ ആരുടെ മകനാണ്?
2. എന്നെ എപ്പോഴും നോക്കികൊണ്ടിരിക്കുന്നത് ആരുടെ കണ്ണാണ്?
3. എന്നെ സഹായിക്കാൻ ആരാണ് ഉള്ളത്?
4. എന്നെ ഈ ലോകത്തിൽ ആക്കിയിരിക്കുന്നതും എന്റെ ജീവൻ നിലനിർത്തുന്നതും ആരാണ്? എന്തിനുവേണ്ടിയാണ്?

5. എന്റെ പ്രശ്നങ്ങൾ മാറ്റിത്തരുവാൻ ഞാൻ ആശ്രയിക്കുന്നവൻ ശക്തനാണോ?

1848ൽ സ്കോട്ട്ലണ്ടിലുള്ള അബാദീൻ എന്ന സ്ഥലത്ത് ഒരു സാധാരണ കുടുംബത്തിൽ റോബർട്ടിന്റേയും മേരിസ്ലെസ്സറിന്റേയും 7 മക്കളിൽ 2-ാമത്തെ മകളായ മേരിസ്ലെസ്സർ ജനിച്ചു. പിതാവ് ഒരു കള്ളുകുടിയനായത് കൊണ്ട് ബാല്യകാലം വളരെ കഷ്ടതയും ദാരിദ്ര്യവും ബുദ്ധിമുട്ടും നിറഞ്ഞതായിരുന്നു. 11-ാം വയസ്സിൽ പഠിത്തത്തോടുകൂടെ ഒരു മില്ലിൽ അവൾ ജോലി ചെയ്തു. താമസിയാതെ പിതാവും 2 സഹോദരന്മാരും മരിച്ചു. ഭവനത്തിന്റെ ചുമതല അവൾ ഏറ്റെടുത്തു. മാതാവ് വളരെ ഭക്തിയുള്ള ഒരു സ്ത്രീയായിരുന്നു. ഡേവിഡ് ലിവിംഗ്സ്റ്റണിന്റെ ജീവിതത്തേയും മരണത്തെയും കുറിച്ച് കേട്ടപ്പോൾ തനിക്ക് ആഫ്രിക്കയിലേക്ക് പോയി കർത്താവിനെ സേവിക്കണമെന്നാഗ്രഹമുണ്ടായി. പ്രിസ്ബിറ്റെറിൻ സഭയുടെ ഫോറിൻ മിഷൻ ഫീൽഡ് എന്ന ഓർഗനൈസേഷൻ മുഖാന്തിരം സുന്ദരിയും സുശീലയും ചുവന്ന തലമുടിയും നീലക്കണ്ണുമുള്ള മേരി സ്ലെസ്സർ തന്റെ 28-ാമത്തെ വയസ്സിൽ വെസ്റ്റ് ആഫ്രിക്കയിലുള്ള കാലാബർ എന്ന സ്ഥലത്ത് എത്തി.

അവിടെ നിലനിന്നിരുന്ന 2 കാര്യങ്ങൾ അവളുടെ ഹൃദയത്തെ കലക്കി. അത് എങ്ങനെയെങ്കിലും അവസാനിപ്പിക്കേണം എന്നവൾ ആഗ്രഹിച്ചു അതിനായി



പ്രാർത്ഥിച്ചു. ഒന്നാമത്തേത്, ആർക്ക് എങ്കിലും ഇരട്ടക്കുഞ്ഞുങ്ങൾ ഉണ്ടായാൽ അതിനെ കൊന്നുകളക, വനത്തിൽ ഉപേക്ഷിക്കുക എന്നിങ്ങനെയുള്ള ചില കാര്യങ്ങളിൽ വിശ്വസിച്ചി രുന്നവരുടെ ഒരു ഇടയിലായിരുന്നു അവളുടെ പ്രവർത്തന മേഖല. ഇരട്ടക്കുഞ്ഞുങ്ങളുണ്ടാകുന്നത് മാതാവിന്റെ പാപമാണെന്ന് അവർ വിശ്വസിച്ചിരുന്നു. രണ്ടാമത്തേത്, ഒരു വില്ലേജിലെ മുഖ്യൻ മരിച്ചാൽ അയാളുടെ കൂടെ 25 വ്യക്തി കളെക്കൂടി കൊല്ലുമായിരുന്നു. ആ സമ്പ്രദായവും എങ്ങനെയെങ്കിലും അവസാനിപ്പിക്കണമെന്ന് അവൾ ആഗ്രഹിച്ചു.

ഇരട്ടകളേയും ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളേയും എടുത്തു വളർത്തുവാൻ അവൾ തീരുമാനിച്ചു. പലരും എതിർത്തെങ്കിലും മേരി തന്റെ പ്രാർത്ഥനയുടെയും സമർപ്പണത്തിന്റെ മുമ്പാകെ മറ്റുള്ളവർ തോറ്റു. പതിനായിരക്കണക്കിന് ഇരട്ടക്കുഞ്ഞുങ്ങളെ രക്ഷിക്കുവാൻ മേരിക്കു കഴിഞ്ഞു. മാത്രമല്ല അതുമാഖാന്തരം ആ നാട്ടിലുള്ള അനേകരുടെ കണ്ണിലുണ്ണിയായി അവൾ തീർന്നു.

ഒരു വില്ലേജ് മുഖ്യന് സുഖമില്ലാതായി. അയാൾ അബോധാവസ്ഥയിൽ കിടക്കുന്നു. ഒരു സ്ത്രീ മുഖ്യന്റെ ഭാര്യയുടെ അടുത്തുവന്ന് പറഞ്ഞു. അടുത്തായി ഒരു വെളുത്ത അമ്മ താമസിക്കുന്നുണ്ട് അവർക്ക് മാജിക് വിദ്യ അറിയാം അവൾ വന്ന് പ്രേതങ്ങളെ പുറത്താക്കും. അസുഖങ്ങൾ മാറ്റിത്തരും. അവൾ എന്റെ മകനെ മരണ

ത്തിൽനിന്നു രക്ഷിച്ചു, നീ അവളെ വിളിക്കുക.

മുഖ്യന്റെ അടുത്തേക്കുള്ള വഴി കല്ലും മുള്ളും കാട്ടു മൃഗങ്ങളും പാമ്പും നിറഞ്ഞതാണെങ്കിലും മേരി മുഖ്യന്റെ വീട് ലക്ഷ്യമാക്കി നടന്നു. അവിടെ ചെന്ന് മുഖ്യനുവേണ്ടി പ്രാർത്ഥിച്ചു. ദൈവം അദ്ദേഹത്തിന്റെ അസുഖം മാറ്റി. അവൾ അവരോട് സുവിശേഷം അറിയിച്ചു. ദൈവകൃപ യാൽ മുഖ്യനും കുടുംബവും കർത്താവിനെ അറിഞ്ഞു. ആ ഗ്രാമത്തിൽ അനേകർ ദൈവത്തെ കണ്ടെത്തി ആരെ ങ്കിലും മരിക്കുമ്പോൾ കൂടെ മറ്റുള്ളവരെ കൊല്ലുന്ന സമ്പ്ര ദായം നിറുത്തി. അങ്ങനെ അവളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിച്ചു.

അനേകം തരത്തിലുള്ള അപകടം അവൾക്ക് തരണം ചെയ്യേണ്ടതായി വന്നിട്ടുണ്ട്. ഹിപ്പോപൊട്ടാമസിന്റെ ആക്ര മണമുണ്ടായപ്പോൾ വളരെ അത്ഭുതകരമായി അവൾ രക്ഷ പ്പെട്ടു. ഒരു വിദേശി ആഫ്രിക്കയുടെ വനാന്തരത്തിൽ ജീവി ക്കുക വളരെ പ്രയാസം നിറഞ്ഞതായിരുന്നു. അവിടെ യുള്ള കാഴ്ചകൾ ഭയാനകമായിരുന്നു. ഭർത്താക്കന്മാർ മരി ച്ചാൽ ഭാര്യയെ ജീവനോടെ കുഴിച്ചുമൂടുക, അല്ലെങ്കിൽ ശ്വാസം മുട്ടിച്ചു കൊല്ലുക, അടിമയുടെ കൈ തിളച്ച എണ്ണ യിൽ മുക്കുക, മനുഷ്യരെ അടിമകളാക്കി വെയ്ക്കുക. ഏതെങ്കിലും മുഖ്യനോ അദ്ദേഹത്തിന്റെ കുടുംബത്തി ലുള്ളവരോ മരിച്ചാൽ അവരെ മരണശേഷം ശുശ്രൂഷിക്കു ന്നതിനുവേണ്ടി വേലക്കാരെയും ഭാര്യയേയും മറ്റു ജോലി



ക്കാരെയും അദ്ദേഹത്തോടൊപ്പം ജീവനോടെ കുഴിച്ചി ടുക. ഇതെല്ലാം കണ്ട് അവൾ ദുഃഖത്തോടും നിരാശ യോടും കൂടെ മുട്ടിന്മേൽ നിന്നു. അവൾ പറഞ്ഞു കർത്താ വേ, എന്നെ എല്പിച്ചിരിക്കുന്ന ദൗത്യം വളരെ ബുദ്ധിമു ട്ടുള്ളതാണ്. പക്ഷെ ഞാൻ അങ്ങു പറഞ്ഞതനുസരിച്ച് അങ്ങയുടെ ഇഷ്ടപ്രകാരം മുന്നോട്ടു പോകും. മുട്ടിന്മേൽ നിന്ന് എഴുന്നേറ്റ് നിന്ന് ധൈര്യത്തോടെ അവൾ പറഞ്ഞു? ഞാനെന്തിനു ഭയപ്പെടണം? ഞാൻ ദൈവത്തിന്റെ വേല യിലാണ്. ഞാൻ രാജാധിരാജന്റെ സേവനത്തിലാണ്.

അവൾ 2 കുട്ടികളെയും കൂടെക്കൂട്ടി ഗ്രാമത്തിലേക്ക് പോയി. എഫിക് ഭാഷയും കാലാബർ ഭാഷയും സ്വന്ത മാക്കിയ സ്ലെസ്സർ പ്രസംഗിച്ചു. ഒരു വെളുത്ത സ്ത്രീ അവ രുടെ ഭാഷയിൽ പ്രസംഗിക്കുന്നത് കേട്ടു അനേകർ തടിച്ചു കൂടി. അവൾ പ്രസംഗിച്ചത് ആമേൻ ആമേൻ ഞാൻ നിന്നോടു പറയുന്ന എന്റെ വചനം കേട്ടു എന്നെ അയച്ച വനെ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽനിന്ന് ജീവിങ്ക ലേക്ക് കടന്നിരിക്കുന്നു. യോഹന്നാൻ 5:24 അനേകർ ക്രിസ്തുവിനെ സ്വന്തരക്ഷിതാവും കർത്താവുമായി സ്വീക രിച്ചു ദൈവമക്കളായി മാറി. മരണത്തിന്റെ നാട്ടിൽ അവൾ ജീവന്റെ വചനവുമായി ചെന്നു. ഇരുട്ടിൽ അവൾ വെളിച്ച മായി മാറി.

എഫിക് എന്ന സ്ഥലത്തെ മിഷണറിയെ അവിടുത്തെ

ജനങ്ങൾ കൊന്നുകളഞ്ഞതറിഞ്ഞ് മേരി ആ സ്ഥലത്തേക്ക് പോയി. 15 വർഷം അവൾ ജീവന്റെ വചനമായി അവിടെ ജീവിച്ചു. അനേകതരത്തിലുള്ള കഷ്ടങ്ങൾ അനുഭവിക്കേണ്ടി വന്നു എന്നാലും അനേകരെ ദൈവത്തിങ്കലേക്ക് വഴി നടത്തി. താമസിയാതെ ജനങ്ങൾ അവളെ ബഹുമാനിച്ചു. ബ്രിട്ടണിലുള്ളവർ അവളെക്കുറിച്ച് പറഞ്ഞത് അവൾ കാലാബറിലെ വൈറ്റ് ക്യൂൻ എന്നാണ്. അവളെ ആ നാട്ടുകാർ വളരെയധികം ബഹുമാനിച്ചു. ഒരു രാജ്ഞിയെ പ്പോലെ ആദരിച്ചു.

കാലാബറിൽ വെച്ചു പിടിച്ച പനി കൂടെക്കൂടെ അവളെ അലട്ടിക്കൊണ്ടിരുന്നു. 1915-ൽ ജനുവരി 13-ാം തീയതി അവൾ തന്റെ വേല തീർത്തു തനിക്കായി ഒരുക്കിയിരിക്കുന്ന ഭവനത്തിൽ അവളുടെ പ്രിയതമന്റെ അടുക്കൽ എത്തിച്ചേർന്നു.



# 3

## ഒരു ചെറിയ പെൺകുട്ടിക്ക് എന്തു ചെയ്യുവാൻ കഴിയും?

ജ്ഞാനികളെ ലജ്ജിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായത് തിരഞ്ഞെടുത്തു. ബലമുള്ളതിനെ ലജ്ജിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായത് തെരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു. 1 കൊരിന്ത്യർ 1:27-28.

ബൈബിൾ ചരിത്രം നാം പരിശോധിച്ചാൽ ദൈവം ഉപയോഗിക്കുന്നത് പലപ്പോഴും ബലഹീനവും ഏതുമില്ലാത്തതുമാണെന്നും കാണാം. ദൈവത്തിന് വേണ്ടത് വലിയതും ശക്തിയുള്ളതുമല്ല പിന്നെയോ സമർപ്പിക്കപ്പെട്ട വ്യക്തി കളെയും വസ്തുക്കളെയുമാണ്. അഞ്ചപ്പം കൊണ്ട് 5000 പേരെ പോഷിപ്പിക്കുവാൻ കഴിവുള്ളവനാണ് ദൈവം. കഴുതയുടെ താടിയെല്ലുകൊണ്ട് 1000 പേരെ കൊ

ല്ലുവാൻ  ശിംശോൻ ബലം നൽകി. ആ ദൈവം ഇന്നും നോക്കുന്നത് ശക്തിയും കഴിവും ഉള്ളവരെയല്ല മറിച്ച് ദൈവത്തിനായി സമർപ്പിക്കപ്പെട്ട ജീവിതങ്ങളാണ്.

നോർത്ത് വിയറ്റ്നാമിലെ ഒരു ഭവനം. മിസ്റ്റർ ഡോയയും ഭാര്യയും 2 മക്കളും അടങ്ങുന്ന ഒരു ചെറിയ കുടുംബം. ഡോയ ഒരു സുവിശേഷകനാണ്. ഒരു ദിവസം ആ കുടുംബത്തിലേക്ക് ഒരു പോലീസ് ഓഫീസർ കയറി വന്നു ഡോയെ അറസ്റ്റു ചെയ്തു എന്നിട്ട് പോലീസ് വീടു മുഴുവനും വലിച്ചു വാരിയിട്ട് ബൈബിളിനുവേണ്ടി തപ്പുക യാണ്. ലിൻഡോ എന്ന കൊച്ചു പെൺകുട്ടി പോലീസ് വരുന്നതുകണ്ടപ്പോൾ ബൈബിൾ എടുത്തു അവളുടെ സ്കൂൾ ബാഗിന്റെ  അകത്ത് ഇട്ടത് ആരും കണ്ടില്ല. ബൈബിൾ കണ്ടുപിടിക്കാൻ പോലീസുകാർക്ക് സാധിച്ചി ല്ല. 7 വർഷത്തേക്ക് മിസ്റ്റർ ഡോയെ തടവിലിടാൻ വിധി യുണ്ടായി. അമ്മയും കുഞ്ഞുങ്ങളും വീട്ടിലെ കാര്യങ്ങൾ ചെയ്തു പ്രാർത്ഥനയോടെ ജീവിച്ചു. ലിൻഡോ ബൈബിൾ പഠിക്കുവാൻ തുടങ്ങി. അവൾ തീരുമാനിച്ചു ഞാൻ എന്റെ പിതാവിന് പകരം കർത്താവിനെക്കുറിച്ച് മറ്റുള്ളവരോട് പറയും അതിനായി എനിക്ക് ബൈബിൾ പഠിക്കണം. ഒരുവർഷം കഴിഞ്ഞു പിതാവിനെ സന്ദർശി ക്കാനുള്ള  അനുമതി അവർക്ക് ലഭിച്ചു. അമ്മയും കുഞ്ഞു ങ്ങളും പിതാവിനെ കണ്ട് പിതാവ് ഇരിക്കുന്നിടം ഒരു ഇരുണ്ട കമ്പിയാൽ ചുറ്റപ്പെട്ടിരുന്നു. അടുത്തുപോകാൻ



അനുവാദമില്ല. ലിൻഡോ നോക്കിയപ്പോൾ കമ്പിക്കിടയി ലൂടെ തനിക്കു കടന്നുപോകാൻ സാധിക്കുമെന്ന് തോന്നി ചാടി പിതാവിന്റെ അടുത്തെത്തി. പിതാവ് അവളെ കണ്ടതും കെട്ടിപ്പിടിച്ചു.

ജയിൽ ഗാർഡ്  വിചാരിച്ചു ഒരു ചെറിയ കുട്ടിക്ക് എന്തു ചെയ്യാൻ സാധിക്കും. അവർ നിഷേധിച്ചില്ല. എന്നാൽ ആ കുഞ്ഞിന്റെ കൈയിൽ ഒരായുധം ഉണ്ടായി രുന്നു. ദൈവരാജ്യത്തിനുവേണ്ടി ഉപയോഗിക്കുവാൻ പറ്റിയ ഒരായുധം. ഒരു പേന അതുകൊണ്ട് കടലാസുക ളിൽ, വെയ്സ്റ്റ് പേപ്പറുകളിൽ, സിഗരറ്റ്  പേപ്പറുകളിൽ ദൈവവചനം എഴുതി. അത് ഓരോ സെല്ലുകളിൽ എത്തി ച്ചു. ആ ജയിലിൽ അനേകർക്ക് സമാധാനവും സന്തോ ഷവും ഉണ്ടായി. അനേകർ കർത്താവിനെ രക്ഷകനായി സ്വീകരിച്ചു. നിരാശപ്പെട്ടു കഴിയുന്ന അനേകം സഹവി ശ്വാസികൾക്ക് ആശ്വാസം പകരു വാനും ആ പേന മുഖാ ന്തരമായി. മറ്റു വിശ്വാസികളും  തടവിൽ ഉണ്ട് അവർ നില നിൽക്കുന്ന എന്നറിഞ്ഞു മറ്റു ചിലർ ദൈവത്തെ മഹത്വ പ്പെടുത്തി. ആ ചെറിയ കുട്ടിയുടെ സമർപ്പണം വലിയ കാര്യം ചെയ്യുവാൻ ഇടയായി. 7 വർഷം കഴിഞ്ഞ് ഡോയ ഭവനത്തിൽ വന്നു കർത്താവിൽ സന്തോഷിച്ചു. ലിൻഡോയ  ഡാഡിയെ കെട്ടിപ്പിടിച്ചിട്ട്  പറഞ്ഞു ഞാൻ അങ്ങയുടെ പാത പിൻതുടർന്നു  എന്റെ ജീവിതം കർത്താ വിന്റെ വേലയ്ക്കായി സമർപ്പിച്ചു. കർത്താവിനായി ജീവി ക്കാനും മരിക്കാനും അവൾ തയ്യാറായി.

# 4
# ഇന്ത്യയിലെ ആദ്യത്തെ ബ്രദറൺ രക്തസാക്ഷി

**ബൈ**ബിളിലെ കാര്യങ്ങൾ പലതും വായിക്കുമ്പോൾ അത് വെറും കഥയാണ് എന്ന് ചിന്തിക്കുന്നവർ ഉണ്ട്. ദൈവം ജീവിക്കുന്നു അന്നും ഇന്നും ദൈവത്തിനായി ജീവിക്കുന്നവരും മരിക്കുന്നവരും ഉണ്ട്. ഒന്നാം നൂറ്റാണ്ടിൽ സ്തേഫാനോസിനെ കല്ലെറിഞ്ഞു. സ്തേഫാനോസ് അപ്പോൾ സ്വർഗ്ഗത്തിലേക്ക് ഉറ്റുനോക്കി പറഞ്ഞു ഞാൻ ഇതാ സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്ത് നിൽക്കുന്നതും ഞാൻ കാണുന്നു എന്നു പറഞ്ഞു. ഇത് ഒരു കഥയല്ല സംഭവമാണ്. ദൈവത്തിന് ജീവൻ വെച്ചു കൊടുക്കുന്നവർ അന്നും ഇന്നും ഉണ്ട്. പിന്നേയും സ്തേഫാനോസ് പറഞ്ഞു കർത്താവേ അവർക്ക് ഈ പാപം നിറുത്തരുതേ.

വി.എം. ധരരാജ് തമിഴ്നാട്ടിൽ ജനിച്ചു വളർന്നു. ദൈവത്തിനായി ദൈവവേലയ്ക്കായി തന്നെത്തന്നെ



സമർപ്പിച്ചു. ദൈവവചനം പഠിക്കണമെന്നാഗ്രഹത്തിൽ ഹിന്ദുസ്ഥാൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. ബ്രദ. ഫിലിപ്പ് എബ്രഹാമിന്റെ സഹപാഠിയായിരുന്നു. ആ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ദൈവത്തിനായി സമർപ്പിക്കപ്പെട്ട ഡോ. പോൾ ഗുപ്തയുടെ കീഴിൽ വചനം പഠിച്ചു. ചെന്നൈയിലെ ട്രിപ്പ്ളിക്കേൻ അംഗവും കൂടാതെ സണ്ടേസ്കൂൾ ടീച്ചറുമായി രുന്നു ധരരാജ്. ഡോ. ജോൺസൺ സി. ഫിലിപ്പിന്റെ സണ്ടേസ്കൂൾ അദ്ധ്യാപകനായിരുന്നു ധരരാജ്.

കർത്താവ് തന്നെ വടക്കേയിന്ത്യയിലേക്ക് സുവിശേഷ വേലയ്ക്കായി വിളിക്കുന്നു എന്ന് ബോധ്യം ഉണ്ടായി. പഠനത്തിനുശേഷം ട്രിപ്ലിക്കേൻ സഭയിൽ തുടർന്നു. പിന്നെ രാജസ്ഥാനിൽ വേലയ്ക്കായി തന്നെ സമർപ്പിച്ചു. അത് ആരും വേലയ്ക്ക് പോകാത്ത ആൽവാർ (രാജസ്ഥാനിലേക്ക്) പോകുവാൻ യാത്ര പുറപ്പെട്ടു.

ഒരു തമിഴനായ ധരരാജിന് ഹിന്ദിഭാഷ വശമല്ലായിരുന്നു. അതുകൊണ്ട് കുറച്ചുനാൾ ട്രെയിംഗിനായി ഗ്വാളിയാറിൽ സുവിശേഷകൻ ഫിലിപ്പ് എബ്രഹാമിന്റെ അടുത്തേക്ക് പോയി.

1960ൽ ഗ്വാളിയാറിൽ എത്തി. ഹിന്ദിയും നോർത്ത് ഇന്ത്യയിലെ സംസ്കാരവും മനസ്സിലാക്കി അവിടെനിന്ന് രാജസ്ഥാനിൽ ഉള്ള ആൽവാറിൽ പോയി. ക്രിസ്തീയ

വിശ്വാസത്തിന് വളരെ എതിർപ്പുള്ള ഒരു സ്ഥലമായിരുന്നു ആൽവാർ. ഒരു വാടകവീട്ടിൽ താമസിച്ചു ദിവസവും സുവിശേഷവേലയ്ക്കു പോവുകയും ട്രാക്റ്റുകൾ, പുസ്തകങ്ങൾ എന്നിവ കൊടുത്തുകൊണ്ട് മുന്നോട്ടുപോകുകയും ചെയ്തു. ധ്വരരാജ് ഒരു പ്രാർത്ഥനാവീര്യനായിരുന്നു അനേകരെ കർത്താവിനായി നേടണം എന്ന ആഗ്രഹത്തിലാണ് തന്റെ സ്വദേശമായ തമിഴ്നാട് വിട്ട് രാജസ്ഥാനിലേക്ക് പോയത്. ആരും തന്നെ മുന്നോട്ടു വന്നില്ല അത് അദ്ദേഹത്തിന് വളരെ ദുഃഖമുണ്ടാക്കി. അത് കൂട്ടുവേലക്കാർക്ക് എഴുതുകയും ചെയ്തു. എന്നാൽ കഠിന വേല ചെയ്ത് വിശ്വാസത്തോട് പ്രാർത്ഥനയോടുകൂടി താൻ വേല ചെയ്തുകൊണ്ടിരുന്നു.

കുറച്ചുനാളുകൾ കഴിഞ്ഞപ്പൾ വിവരം ഒന്നും അറിയുന്നില്ല അന്വേഷിച്ചപ്പോൾ ധ്വരരാജിനെ കാണാനില്ല എന്നറിഞ്ഞു. ഗ്വാളിയാറിൽനിന്ന് ഫിലിപ്പ് എബ്രഹാം, കോട്ടയിൽ നിന്ന് എം.എ. തോമസ്, ജയ്പൂരിൽനിന്ന് കെ. സി. ജോൺസൺ എന്നിവർ ആൽവാറിലേക്ക് യാത്രയായി. അവിടെ ചെന്നപ്പോൾ അറിഞ്ഞു മുറിയിൽ ധ്വരരാജ് മാത്രമില്ല. ബാഗും, ബൈബിളുമടക്കം ബാക്കിയെല്ലാം അവിടെയുണ്ട്. തങ്ങളുടെ പ്രിയങ്കരനായ സഹപാഠി മാത്രമില്ല. ബൈബിളും ബാഗും ഇല്ലാതെ എങ്ങോട്ടും പോകാറില്ലാത്ത ധ്വരരാജിനെ ആരോ തട്ടിക്കൊണ്ടു പോയതാണ് എന്ന് മനസ്സിലാ ക്കി പോലീസിനെ അറിയിച്ചെങ്കിലും ഫല



മുണ്ടായില്ല. ആരോ ധ്വരരാജിനെ തട്ടിക്കൊണ്ടു പോയി എന്നു മനസ്സിലാക്കിയ അവർ ദുഃഖത്തോടെ, എന്നാൽ നിത്യതയിൽ ഒരുനാൾ വീണ്ടും കാണാം എന്ന പ്രത്യാശയോടെ അവരവരുടെ സ്ഥലത്തേക്ക് മടങ്ങിപ്പോന്നു.

ധ്വരരാജിന്റെ രക്തംവീണു കുതിർന്ന മണ്ണിലേക്ക് കർത്താവിന്റെ വേലയ്ക്കായി പോകാൻ ബ്രദ. റ്റി.ജെ. ജോസസഫ് ഭാര്യയായ വത്സമ്മയും തീരുമാനിച്ചു. ദൈവം ജീവിക്കുന്നു അതുകൊണ്ട് അവർ ധൈര്യത്തോടെ തങ്ങളെ കർത്താവിന്റെ വേലയ്ക്കായി സമർപ്പിച്ചു. ഇന്ന് ആൽവാറിൽ സഭയും ബൈബിൾ സ്കൂളും, സ്കൂളും ഉണ്ട്. ധ്വരരാജ് തന്റെ ജീവിതം കർത്താവിനുവേണ്ടി കൊടുത്ത് വെറുതെ ആയില്ല.

# 5

## അങ്ങയുടെ ഇഷ്ടം

**അ**ത് എന്നെ വിട്ടു നീങ്ങേണ്ടതിന് ഞാൻ മൂന്നു വട്ടം കർത്താവിനോട് അപേക്ഷിച്ചു അവൻ എന്നോട്: എന്റെ കൃപ നിനക്കു മതി എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്നു പറഞ്ഞു 2 കൊരിന്ത്യർ 12:8-9.

നമ്മുടെ ജീവിതത്തിൽ പ്രശ്നങ്ങളും കഷ്ടതകളും ദുഃഖങ്ങളും നിരാശകളും ഉണ്ടാകുമ്പോൾ നാം ആഗ്രഹിക്കും ഈ പ്രശ്നങ്ങൾ എങ്ങനെ എങ്കിലും മാറ്റി കിട്ടണം. നാം അതിനായി പ്രാർത്ഥിക്കും. കിട്ടാതെ വരുമ്പോൾ നാം പിറുപിറു ക്കുകയും നിരാശപ്പെടുകയും ചിലപ്പോൾ അവിശ്വാസം ഉള്ളവരായി തീരുകയും ചെയ്യും.

ദൈവത്തെ സ്നേഹിക്കുന്ന ദൈവത്തിന് ഇഷ്ടത്തിന് അനു സരിച്ചു ജീവിക്കുന്ന ഒരു ദൈവമകൻ, അല്ലെങ്കിൽ ആത്മാവിന്റെ നിറവിൽ ജീവിക്കുന്ന ഒരു ദൈവമകൻ



കഷ്ടത വരു മ്പോൾ കർത്താവേ അങ്ങയുടെ ഇഷ്ടം എന്ത് എന്നെനിക്ക് അറിയില്ല പക്ഷെ അത് നിറവേറ്റണമേ എന്ന് പ്രാർത്ഥിക്കും.

അപ്പൊസ്തലനായ പൗലോസ് തന്റെ ജീവിതത്തിലെ ഒരു കാര്യം മാറ്റിക്കിട്ടുവാൻ ദൈവത്തോട് പ്രാർത്ഥിച്ചു. ഒന്നല്ല, അതിനായി 3 തവണ പ്രാർത്ഥിച്ചു. കർത്താവ് അതിനു മറുപടി കൊടുത്തു. കാര്യം മാറിക്കിട്ടുകയല്ല, കർത്താവിന്റെ കൃപ അളവറ്റ കൃപ കൊടുത്തു അത് സന്തോഷത്തോടെ സഹിക്കുവാൻ, അപ്പോൾ പൗലോസ് പറയുകയാണ് ക്രിസ്തുവിന്റെ കൃപ ശക്തി എന്നിൽ ആവാസിക്കേണ്ടതിന് ഞാൻ എന്റെ ബലഹീനതകളിൽ സന്തോഷിക്കും. കുഞ്ഞുങ്ങളെ നമ്മൾ എങ്ങനെയാണ്?

Adelaide Pollard 1862-ൽ Jowa-യിൽ ജനിച്ചു. വിദ്യാഭ്യാസം കഴിഞ്ഞു ഒരു ടീച്ചറായി. അവൾ ഒരു ദൈവമകളായിരുന്നു അവളുടെ ജീവിതലക്ഷ്യം എങ്ങനെയെങ്കിലും കർത്താവിനെ സേവിക്കണമെന്നായിരുന്നു. കുറച്ചുകാലം മിഷണറി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ അവൾ പഠിപ്പിച്ചു. ഒരു മിഷണറിയായിപ്പോകണമെന്നായിരുന്നു അവളുടെ ആഗ്രഹം. അതിനായി ജോലി ഉപേക്ഷിക്കുവാനും തയ്യാറായി രുന്നു.

ആഫ്രിക്കയെക്കുറിച്ചുള്ള ഭാരം കാരണം അവർ ജോലി ഉപേക്ഷിച്ചു. പോകാനുള്ള ഒരുക്കങ്ങൾ തുടങ്ങി.

എന്നാൽ അവസാന നിമിഷത്തിൽ കുറച്ചു ഡോളറിന്റെ അഭാവത്താൽ അവൾക്ക് പോകാൻ സാധിച്ചില്ല. ഇത് അവളെ നിരാശയിൽ ആക്കി. കർത്താവേ എന്തുകൊണ്ട് ഇങ്ങനെ എന്നവൾ ചോദിച്ചു. അതിന് ഉത്തരം യിരെമ്യാവ് 18ൽ നിന്നവൾക്ക് കിട്ടി. കുശവൻ കളിമണ്ണുകൊണ്ട് തന്റെ ഹിതപ്രകാരം പാത്രം ഉണ്ടാക്കുന്നു. അവളുടെ ഹൃദയ ഭാരം മാറി. അവൾ കർത്താവിന്റെ കാൽക്കീഴിൽ അവളെ ത്തന്നെ ഒന്നുകൂടി സമർപ്പിച്ചു. അപ്പോൾ അവൾ എഴു തിയ മനോഹരമായ പാട്ടാണ് Have thine own way Lord have thine own way. നിന്നിഷ്ടം ദേവാ ആയിടട്ടേ.

ദൈവത്തിന്റെ മുമ്പിൽ തന്നെത്തന്നെ സമർപ്പിച്ച Adelaide Pollard-ന്റെ ആഗ്രഹം ദൈവം പിന്നീട് സാധി പ്പിച്ചു കൊടുത്തു. ആഫ്രിക്കയിൽ മിഷണറിയായി. പിന്നീട് അമേരിക്ക എന്നിങ്ങനെ അനേകസ്ഥലങ്ങളിൽ ദൈവവ ചനം സംസാരിക്കുവാൻ ദൈവം അവളെ ഉപയോഗിച്ചു.

72-ാമത്തെ വയസ്സിൽ ന്യൂയോർക്കിലേക്ക് കർത്താ വിന്റെ വചനം സംസാരിക്കുവാനുള്ള ഒരു യാത്രയിൽ അവൾക്കു സുഖമില്ലാതെയായി. അവൾ താൻ സ്നേഹിച്ച തന്നെ സ്നേഹിച്ച അരുമനാഥന്റെ അടുത്തെത്തി. കർത്താ വിനാൽ ഉപയോഗിക്കപ്പെടണമെന്നാഗ്രഹിക്കുന്ന കുഞ്ഞു ങ്ങളെ നമുക്കു പ്രാർത്ഥിക്കാം, പാടാം കർത്താവേ അങ്ങ യുടെ ഇഷ്ടം എന്റെ ജീവിതത്തിൽ നിറവേറ്റപ്പെടേണമേ.



# 6
## ഇനി ഞാൻ ക്ഷമിക്കയില്ല

പ്രതികാരം എനിക്കുള്ളത് ഞാൻ പകരം ചെയ്യും എന്നു കർത്താവ് അരുളിച്ചെയ്യുന്നു. എന്നാൽ "നിന്റെ ശത്രുവിന് വിശക്കുന്നു എങ്കിൽ അവന് തിന്നാൻ കൊടുക്ക അങ്ങനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്കനൽ കുന്നിക്കും" എന്നു എഴുതിയിരിക്കുന്നുവല്ലോ. തിന്മ യോടും തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക (റോമർ 12:20-21).

ജീവിതത്തിൽ മറ്റുള്ളവർ നമ്മോടു കോപിക്കുകയും നമ്മെ ഉപദ്രവിക്കുകയും ചീത്ത പറയുകയും ചെയു മ്പോൾ സാധാരണ നമ്മുടെ സ്വഭാവം തിരിച്ചും അതു പോലെ തന്നെ ചെയ്യുക എന്നതാണ്. എന്നാൽ നാം പാപി കളും അതിക്രമക്കാരും ആയിരുന്നപ്പോൾ നമ്മെ സ്നേഹിച്ചു നമുക്കുവേണ്ടി ലോകത്തിലേക്കു വന്ന നമ്മുടെ പാപങ്ങൾക്കുപകരം കാൽവറിക്രൂശിൽ മരിച്ചു ഉയിർത്തെഴുന്നേറ്റ കർത്താവ് നമ്മിൽ നിന്നാഗ്രഹിക്കു ന്നത് കർത്താവിന്റെ സ്വഭാവം നമ്മിലുണ്ടാവുക എന്ന

താണ്. തിന്മയ്ക്ക് പകരം നന്മ ചെയ്യുക.

കർത്താവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചു എന്ന ഒറ്റക്കാരണത്തിൽ റഷ്യയിലെ കാരാഗൃഹത്തിൽ 21 വയസ്സുകാരിയായി Liuba Ganevskaya കഴിയുകയാണ്. ദിവസവും അടിയും കൂടാതെ നിന്ദയും പരിഹാസവും വേദനയുണ്ടെങ്കിലും വളരെ ക്ഷമയോടുകൂടി മിണ്ടാതെ അവൾ എല്ലാം സഹിക്കുമായിരുന്നു.

ഒരുദിവസം രാത്രി അവൾ തീരുമാനിച്ചു ഞാൻ ഇനി അടി ക്കന്നവരോടും നിന്ദിക്കുന്നവരോടും പറയും നിങ്ങൾ ദുഷ്ടരാണ്, കുറ്റക്കാരാണ്, കൊലപാതകരാണ് നാളെ ത്തന്നെ ഞാൻ തീർച്ചയായും ഇത് പറയും. ഞാൻ ദൈവത്തെ സ്നേഹിക്കുന്നു ദൈവത്തെ ഒരുനാളും തള്ളി പറയുകയില്ല എന്നാൽ ഞാൻ എന്നെ തല്ലുന്നവരെ വെറു ക്കുന്നു.

രാവിലെ പതിവുപോലെ ഒരു യുവാവ് അവളെ തല്ലു ന്നതിനായി വന്നു. അവൾ അദ്ദേഹത്തെ കുറ്റം പറയുവാൻ തുടങ്ങുന്നതിനു മുമ്പെ അവൾ ആ യുവാവിന്റെ മുഖ ത്തേക്ക് ഒന്നു നോക്കി ക്ഷീണിച്ചവശനായി നിരാശയോടു കൂടി തന്നെ തല്ലുവാൻ കൈ പൊക്കുന്ന ഒരു പട്ടാളക്കാ രനെ അവൾ കണ്ടു. അവൾക്ക് പെട്ടെന്ന് അയാളോടും മനസ്സലിവു തോന്നി.

കമ്മ്യൂണിസ്റ്റ് ഭരണത്തിലെ ഒരു അടിമ മാത്രമാണ് അയാൾ എന്നവൾ മനസ്സിലാക്കി എന്നിട്ട് അവൾ വളരെ



സ്നേഹത്തോടെ പുഞ്ചിരിയോടെ പറഞ്ഞു നമ്മൾ രണ്ടു പേരും ഒരുപോലെയാണ്. അയാൾ അതുകേട്ട് ഞെട്ടി എന്നിട്ടു ചോദിച്ചു അതെങ്ങനെയെന്ന്. അവൾ പറഞ്ഞു നാം രണ്ടും ഒരു നിഷ്കളങ്ക കുഞ്ഞായി ജനിച്ചു കളിച്ചു അമ്മയുടെ സ്നേഹത്തിൽ വളർന്നു. നമ്മൾ രണ്ടുപേരും ഏകദേശം സമപ്രായമാണ് നമ്മൾ കൂട്ടുകാർ ആയേനേ. തല്ലു തരുന്ന നീയും തല്ലുകൊള്ളുന്ന ഞാനും ഒരുപോലെ ക്ഷീണിക്കുന്നു. നമ്മൾ തമ്മിൽ ഒരു വ്യത്യാസമേയുള്ളൂ ഞാൻ ക്രിസ്തുവിനെ അറിഞ്ഞ ദൈവമകളായി സന്തോ ഷത്തോടെയും സമാധാനത്തോടെയും ഇരിക്കുന്നു. മരി ച്ചാൽ സ്വർഗ്ഗത്തിൽ പോകും. നീയോ സമാധാനമില്ലാത്ത വനായി എന്നെ തല്ലുവാൻ പോകുന്നു.

ഇതുകേട്ട് ആ പട്ടാളക്കാരൻ തന്റെ ചാട്ടവാറ് നില ത്തിട്ടു. അവൾ വീണ്ടും പറഞ്ഞു നിന്നെയോ മറ്റുള്ളവ രെയോ യാതൊരുപദ്രവവും ചെയ്യാത്ത എന്നെ അടിക്കു ന്നത് എന്തിനാണ്?

ആ പട്ടാളക്കാരന് ഉത്തരംമുട്ടി. ആ പട്ടാളക്കാരൻ ഒരു വ്യത്യസ്ത വ്യക്തിയായി ദൈവത്തിന്റെ മകനായി ആ കാരാഗൃഹത്തിൽ നിന്ന് പുറത്തിറങ്ങി.

തിന്മയോടു തോൽക്കാതെ അവളുടെ പുഞ്ചിരി, അല്ലെങ്കിൽ നന്മ ആ പട്ടാളക്കാരനെ കർത്താവുള്ളവനായി തീരുവാൻ ഇടയാക്കി. നാമും തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുവാൻ കർത്താവ് നമ്മെ സഹായിക്കുമാറാകട്ടെ.

# 7
# യുജിനിയ

**അ**ലക്സാന്ദ്രിയയിലെ ഗവർണ്ണറായ ഫിലിപ്പോസിന് യുജിനിയ എന്ന സുന്ദരിയും സുശീലയുമായ ഒരു മകൾ ഉണ്ടായിരുന്നു. അവളുടെ ഭവനത്തിലെ ഒരു അടിമ ക്രിസ്ത്യാനിയായിരുന്നു. യുജിനിയെ കാണുമ്പോഴെല്ലാം ആ ക്രിസ്ത്യാനിയായ അടിമ അവളോട് കർത്താവിനെക്കുറിച്ച് പറയുമായിരുന്നു. അങ്ങനെ തുടർച്ചയായി യേശുക്രിസ്തുവിനെക്കുറിച്ച് കേട്ട യുജിനിയ ഒരു ക്രിസ്ത്യാനിയായിത്തീർന്നു.

അവളുടെ മാനസാന്തരം പിതാവ് അറിഞ്ഞാലുണ്ടാകുന്ന ഭവിഷ്യത്തുക്കളെക്കുറിച്ച് മനസ്സിലാക്കിയ അവൾ ആരും അറിയാതെ ഭവനത്തിൽ നിന്നും ഒളിച്ചോടി. ഒരു പുരുഷ വേഷത്തിൽ അന്നത്തെ സഭാപരിപാലകനായിരുന്ന ഹെലനസിന്റെ ആശ്രമത്തിൽ എത്തിച്ചേർന്നു. യുജിനിയസ്സ് എന്ന പേരിൽ അവൾ ആശ്രമത്തിൽ താമസമാരംഭിച്ചു. ആ സമയത്ത് ആശ്രമനേതാവ് മരിക്കുകയും തൽസ്ഥാനത്ത് യുജിനിയസ്സിനെ തെരഞ്ഞെടുക്കുകയും ചെയ്തു.



യുജിനിയസ്സിന്റെ പ്രാർത്ഥനയുടെ ഫലമായി രോഗിയായി രുന്ന മെലനിയ എന്ന പുറജാതിക്കാരുടെ അസുഖം മാറി. തത്ഫലമായി അവളും യുജിനിയസ്സിന്റെ ദൈവത്തിൽ വിശ്വാസമർപ്പിച്ചു. തന്നെ വിവാഹം കഴിക്കണേയെന്ന് അവൾ യുജിനിയസ്സിനോട് അഭ്യർത്ഥിച്ചു. എന്നാൽ യുജിനിയസ്സ് അതിനു വഴങ്ങിയില്ല. തന്റെ ആഗ്രഹം സാധിക്കുകയില്ല എന്നു കണ്ട മെലനിയ തനിക്കു ലഭിച്ച നന്മ മറന്ന്, ആശ്രമവാസികളേയും യുജിനിയസ്സിനേയും ഗവർണ്ണർക്ക് ഒറ്റിക്കൊടുത്തു. ഭാഗ്യമെന്നു പറയട്ടെ അവരെ വിസ്തരിച്ചിരുന്നത് യുജിനിയസ്സിന്റെ പിതാവ് തന്നെയായിരുന്നു.

യുജിനിയ തന്റെ പിതാവിന്റെ സന്നിധിയിൽ തന്നെത്താൻ വെളിപ്പെടുത്തി. കാണാതെ പോയ മകളെ കണ്ടുകിട്ടിയതിൽ ഗവർണ്ണർ അത്യന്തം സന്തോഷിച്ചു. അവൾ ഇത്ര ധൈര്യത്തോടെ ആർക്കുവേണ്ടി കഷ്ടത സഹിച്ചുവോ ആ കർത്താവിനെക്കുറിച്ച് അറിയുവാൻ ആ പിതാവ് ആഗ്രഹി ച്ചു. താമസിയാതെ തന്നെ അദ്ദേഹം തന്റെ മകളുടെ ദൈവത്തെ കണ്ടെത്തുകയും ചെയ്തു.

ഈ വാർത്തയറിഞ്ഞ ചക്രവർത്തി ഗവർണ്ണറെ കൊല്ലുവാൻ കല്പിച്ചു. ആ പിതാവ് ശിക്ഷ സ്വീകരിക്കുകയും മകൾക്കു മുമ്പായി കർത്തൃസന്നിധിയിൽ ചേർക്കപ്പെടുകയും ചെയ്തു.

പിതാവിന്റെ മരണശേഷം യുജിനിയ തന്റെ കൂട്ടുകാരായ പ്രോത്തിയസിനോടും ഹൈസിന്തസിനോടും ഒരു

മിച്ച് റോമിലേക്കു പോയി. എന്നാൽ അവിടെ വച്ച് സുവിശേഷ വിരോധികൾ അവളെ പിടിക്കുകയും ക്രൂരമായി മർദ്ദിക്കുകയും ചെയ്തു. അതിനുശേഷം ആ മൂന്നു പേരുടേയും കഴുത്തിൽ കല്ലുകെട്ടി അവരെ ടൈബർ നദിയിലേക്ക് എറിഞ്ഞു കളഞ്ഞു. അങ്ങനെ കഷ്ടത നിറഞ്ഞ അവരുടെ ഇഹലോകവാസം അവസാനിക്കുകയും സന്തോഷനാട്ടിലേക്ക് പ്രവേശിക്കുകയും ചെയ്തു.



# 8

## രക്തസാക്ഷികളായ ആറായിരത്തൊന്ന് പട്ടാളക്കാർ

ആറായിരം പട്ടാളക്കാർ അടങ്ങിയ ഒരു സംഘം കിഴക്കേപാളയത്തിൽ താമസിക്കുന്നുണ്ടായിരുന്നു. അവർ എല്ലാവരും ദൈവമക്കൾ ആയിരുന്നു. ഇവരോട് ഗദർലിക്ക് പോയി അവിടെ അകിൻ്റാനിയയിലുള്ള ശത്രുക്കളോട് ഏറ്റുമുട്ടുവാൻ കല്പനയുണ്ടായി. മാത്രമല്ല യുദ്ധത്തിന് പോകുന്നതിന് മുമ്പ് ചക്രവർത്തിയുമൊന്നിച്ച് അർഫ പർവ്വതത്തിൽ പോയി ദേവന് ബലി കഴിക്കണമെന്നും ആജ്ഞ പുറപ്പെട്ടു. കൂടാതെ ഗദർലിയയിലുള്ള ക്രിസ്ത്യാനികളെ മുടിച്ചുകളയുവാൻ പ്രതിജ്ഞ ചെയ്യുവാനും ആജ്ഞാപിച്ചു.

എന്നാൽ ആ സംഘത്തിലെ ഒറ്റ വ്യക്തി പോലും ഇതിനു തയ്യാറായില്ല. ഞങ്ങൾ ശത്രുക്കൾക്കെതിരെ യുദ്ധം ചെയ്യാം. എന്നാൽ അന്യദൈവത്തെ നമസ്ക്കരിക്കുകയോ നിരപരാധികളായ ക്രിസ്ത്യാനികളെ കൊന്നു

മുടിക്കുകയോ ചെയ്യുകയില്ല എന്ന് പ്രതിവാദിച്ചു. കുപിതനായ ചക്രവർത്തി അവരെ വേർതിരിക്കുവാൻ കൽപിച്ചു. അതിനുശേഷം പത്തുപേർക്ക് ഒരാൾ വീതം മാറ്റിനിർത്തി. കൂടാതെ അവരെ ശിരച്ഛേദം ചെയ്യുകയും ചെയ്തു. എന്നാൽ ഇതു കണ്ടുനിന്ന ശേഷം പട്ടാളക്കാർക്ക് ഒരു ചലനവും ഉണ്ടായില്ല. അവർ കർത്താവിൽ ഉറച്ചുനിന്നു. അധികാരികൾ വീണ്ടും പത്തുപേരിൽ ഒരാളെ വേർപ്പെടുത്തി കൊന്നുകളഞ്ഞു. എന്നാൽ ആ ശ്രമവും വിഫലമായിരുന്നു. മറ്റു പട്ടാളക്കാരിൽ ഒരു ഭാവഭേദവും ഉണ്ടായില്ല.

ശേഷമുള്ള പട്ടാളക്കാർ ചക്രവർത്തിയോട് ഇപ്രകാരം പറഞ്ഞു: “ഞങ്ങൾ അങ്ങയുടെ പ്രജകളാണ്. ചക്രവർത്തിക്കുവേണ്ടി യുദ്ധം ചെയ്യുവാനും ഞങ്ങൾ തയ്യാറാണ്. അങ്ങ് ഞങ്ങൾക്ക് ശമ്പളം തരുന്നു. എന്നാൽ നിരപരാധികളായ ദൈവമക്കളെ കൊല്ലുവാൻ ഞങ്ങളുടെ കൈകൾ ഒരിക്കലും പൊങ്ങുകയില്ല. ഞങ്ങൾ മനുഷ്യരെ പ്രസാദി പ്പിക്കുവാൻ ദൈവത്തെ ഒരുനാളും തള്ളിപ്പറയുകയില്ല. ക്രിസ്ത്യാനികളെ തിരഞ്ഞുപിടിച്ച് കൊലപ്പെടുത്തുവാൻ ഞങ്ങളോട് പറയുന്നത് എന്തിനാണ്? ഞങ്ങളും ക്രിസ്ത്യാനികളാണ്. അതിൽ ഞങ്ങൾ അഭിമാനം കൊള്ളുകയും ചെയ്യുന്നു. കൂട്ടുസഹോദരങ്ങൾ സന്തോഷത്തോടെ മരിക്കുന്നതു കണ്ട ഞങ്ങൾക്ക് ആ സന്തോഷത്തിലേക്ക് പ്രവേശിക്കുവാൻ ഭയമില്ല. മരിച്ചാലും, ജീവിച്ചാലും ഞങ്ങൾ ക്രിസ്തുവിനുള്ളവരാണ്.



ഈ മറുപടി കേട്ട ചക്രവർത്തിക്ക് സഹതാപം തോന്നേണ്ടതിന് പകരം കോപമാണ് ഉണ്ടായത്. ബാക്കിയുള്ള പട്ടാളക്കാരെയും വെട്ടുക എന്ന് അദ്ദേഹം ആജ്ഞാപിച്ചു. അങ്ങനെ ബാക്കിയുള്ള പട്ടാളക്കാരും തങ്ങൾക്കുവേണ്ടി ജീവനെ വെടിഞ്ഞ കർത്താവിനുവേണ്ടി അന്ത്യ ത്തോളം നിലനിന്നു. മരിച്ചാലും ജീവിച്ചിരുന്നാലും ഞങ്ങൾ ക്രിസ്തുവിനുള്ളവരാണ് എന്നുള്ള മുദ്രാവാക്യം ആക്ഷിരകമായി അവരുടെ ജീവിതത്തിൽ നിറവേറി.

ആ ദൈവമക്കളെ കൊന്ന പട്ടാളക്കാർ ആർത്ത് അട്ടഹസിക്കുവാൻ തുടങ്ങി. എന്നാൽ വിവരമറിയാതെ വേറൊരു സംഘത്തിലെ വിക്ടർ എന്നു പേരുള്ള ഒരു പട്ടാളക്കാരൻ കാര്യം അന്വേഷിച്ചു. ക്രിസ്ത്യാനികളായ ആറായിരം പട്ടാളക്കാർ മരിച്ചതിലുള്ള സന്തോഷമാണ് ആ ആരവം എന്ന് കേട്ടപ്പോൾ അദ്ദേഹം വേദിച്ചു. മാത്രമല്ല, നിരപരാധികളായ ക്രിസ്ത്യാനികളെ കൊന്നുമുടിച്ച നിങ്ങൾ എത്ര ദുഷ്ടന്മാരാണ് എന്ന് അദ്ദേഹം ആ ക്രിസ്തുവിരോധികളായ പട്ടാളക്കാരോട് ചോദിച്ചു. മറുപടിയായി നീ ക്രിസ്ത്യാനിയാണോ എന്ന് അവർ അദ്ദേഹത്തോടു ചോദിച്ചു. താൻ ഒരു ദൈവമകനാണെന്ന് അദ്ദേഹം ധൈര്യത്തോടെ ഉത്തരം പറഞ്ഞു. ഉടനെതന്നെ അദ്ദേഹത്തേയും ശിരച്ഛേദം ചെയ്തു.

# 9
## സംസാരിക്കുന്ന ചുണ്ണാമ്പ് കട്ടകൾ

**പു**രാതന ആഫ്രിക്കയിലെ യൂറ്റിക്ക എന്ന സ്ഥലത്തു ഭീകരമായ ഒരു സംഭവമുണ്ടായി. റോമിലെ ചക്രവർത്തിയായ കോമഡസ്സിനു ക്രിസ്ത്യാനികളെ വളരെ ക്രൂരമായി കൊല്ലുന്നത് ഒരു വിനോദമായിരുന്നു. അദ്ദേഹം യൂറ്റിക്കയിലും ക്രിസ്ത്യാനികളെ മുഴുവനും വേട്ടയാടുവാൻ തുടങ്ങി. 300 ക്രിസ്ത്യാനികളെ പിടിച്ച് കാരാഗൃഹത്തിലടച്ചു. അവർ പാട്ടുകൊണ്ടും പ്രാർത്ഥനകൊണ്ടും കാരാഗൃഹം നല്ല ആത്മീയ അന്തരീക്ഷമുള്ള ഒരു സ്ഥലമാക്കി മാറ്റി. ഇത് സഹിക്കുവാൻ ചുറ്റുപാടുമുള്ളവർക്ക് കഴിഞ്ഞില്ല. ഇവരെ എങ്ങനെയെങ്കിലും കാരാഗൃഹത്തിൽ നിന്നും വിടണമെന്നു തീരുമാനിച്ചു. ക്രിസ്തുവിനെ തള്ളിപ്പറയുവാനായി അവരെ പ്രേരിപ്പിച്ചു. അങ്ങനെ ചെയ്താലുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ചും അവരോടു പറഞ്ഞു. എന്നാൽ തങ്ങൾക്കുവേണ്ടി ജീവൻ നൽകിയ ക്രിസ്തുവിനെ തള്ളിപ്പറയുവാൻ തയ്യാറായില്ല. ഇവരെ കഠിനമായി തന്നെ ഉപദ്രവിക്കുവാൻ തീരുമാനിച്ചു.



രാജാവ് ഒരു പ്രതിമയുണ്ടാക്കി. അതിനെ നമസ്ക്കരിക്കാത്തവരെ പീഡിപ്പിച്ച് വധിക്കുവാനായി ഒരു ചുണ്ണാമ്പു കടൽ ഉണ്ടാക്കി. വാഗ്ദാനങ്ങളും അനുഗ്രഹങ്ങളും സമ്മാനങ്ങളും മറുവശത്ത് നിരത്തി വച്ചിട്ടുണ്ടായിരുന്നു.

ഇതറിഞ്ഞിട്ട് ഈ മുന്നൂറു പേരും വളരെ ധൈര്യത്തോടു കൂടി നിലകൊണ്ടു. നീറിക്കൊണ്ടിരിക്കുന്ന ചുണ്ണാമ്പുകടൽ അവർക്ക് ഒരു പ്രശ്നമായിരുന്നില്ല. തടവുകാരായ ഈ ക്രിസ്ത്യാനികൾ ബിംബത്തെ വീണു നമസ്ക്കരിക്കുന്നില്ല എന്നറിഞ്ഞ് മുന്നൂറുപേരെയും ചൂടുകൊണ്ട് തിളച്ചു മറിഞ്ഞു കിടക്കുന്ന കടലിലേക്ക് തള്ളിയിട്ടു. ഒടുവിൽ മുന്നൂറു ചുണ്ണാമ്പുകട്ടകൾ അവശേഷിച്ചു. "വാഴ്ചകൾക്കോ, അധികാരങ്ങൾക്കോ, ഇപ്പോഴുള്ളതിനോ, വരുവാനുള്ളതിനോ, ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർതിരിപ്പാൻ കഴിയുകയില്ലാ എന്ന് ഞാൻ ഉറച്ചിരിക്കുന്നു." (റോമർ 8:39) നമുക്കോ?

# 10
# കൂട്ടുകാരന്റെ ശിക്ഷയ്ക്ക് ഞാൻ ഉത്തരവാദിയോ?

ഞാൻ ദുഷ്ടനോടു നീ മരിക്കും എന്ന് കല്പിക്കുമ്പോൾ നീ അവനെ ഓർമ്മിപ്പിക്കുകയോ ദുഷ്ടനെ ജീവനോടെ രക്ഷിക്കേണ്ടതിന് അവൻ തന്റെ ദുർമ്മാർഗ്ഗം വിടുവാൻ അവനെ ഓർപ്പിച്ചുകൊണ്ടും ഒന്നും പറകയോ ചെയ്യാഞ്ഞാൽ, ദുഷ്ടൻ തന്റെ അകൃത്യത്തിൽ മരിക്കും അവന്റെ രക്തമോ ഞാൻ നിന്നോടു ചോദിക്കും (യെഹെസ്ക്കേൽ 3:18).

സ്കൂൾ അവധി കഴിഞ്ഞു കൂട്ടുകാരെ കാണുവാൻ എത്ര ഉത്സാഹത്തോടെ നോക്കിയിരിക്കുവാണ്. ആദ്യദിവസം സ്കൂളിൽ ചെല്ലുമ്പോൾ കൂട്ടുകാർ വന്നിട്ടില്ലെങ്കിൽ എത്ര ദുഃഖമാണ്. ഇന്ന് ഒരു രസവുമില്ല. അവൻ വന്നിരുന്നെങ്കിൽ എത്ര രസമായിരുന്നേനെ എന്നെല്ലാം ചിന്തിക്കുമായിരിക്കാം അല്ലേ? നാം സ്നേഹിക്കുന്നവരെ വീണ്ടും കാണുവാൻ നാം ആഗ്രഹിക്കുന്നു അതിനായി നാം നോക്കിപ്പാർക്കുന്നു.



കുഞ്ഞുങ്ങളെ നാം എല്ലാവരും ഒരുദിവസം അല്ലെങ്കിൽ മറ്റൊരു ദിവസം ഈ ലോകത്തിൽ നിന്നു പോകും. രക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളെ നിങ്ങൾ പോകുന്ന സ്ഥലത്തേക്ക് നിങ്ങളുടെ കൂട്ടുകാർ വരണമെന്ന ആഗ്രഹം നിങ്ങൾക്കുണ്ടോ അതോ ഞാൻ സ്വർഗ്ഗത്തിൽ പോകും അതുമതി. എന്റെ കൂട്ടുകാരോടു പറഞ്ഞാൽ ചിലപ്പോൾ അവൻ എന്നെ ഒറ്റപ്പെടുത്തും അതുകൊണ്ട് ഞാൻ പറയുന്നില്ല. ഫലമോ അവർ നരകത്തിൽ പോകും. പാപത്തിന്റെ ഫലത്താലാണ് അവർ പോകുന്നത് എങ്കിലും അവരോടു പറയാത്തതിന്റെ ശിക്ഷ നമുക്കും കിട്ടും.

കൂട്ടുകാരുടെ അടുത്തേക്ക് ഓടിപ്പോകുന്ന എന്റെ കുഞ്ഞു ങ്ങളെ നിങ്ങൾ എന്നും താമസിക്കാൻ പോകുന്ന സ്ഥലത്തേക്ക് നിങ്ങളുടെ കൂട്ടുകാർ വരേണ്ടയോ? കർത്താവ് നമ്മെ രക്ഷിച്ചു എന്നു മറ്റുള്ളവരോടു പറയുവാൻ നാം ഭയപ്പെടേണ്ട – ലജ്ജിക്കേണ്ട.

അലാസ്ക്കയിൽ നോം എന്ന സ്ഥലത്ത് Everett Bachelder ജനിച്ചു. കർത്താവിനെ അറിഞ്ഞു, കർത്താവിന്റെ മകനായി, തന്റെ ജീവിതം കർത്താവിനായി സമർപ്പിച്ചു. മറ്റുള്ളവരോടു സുവിശേഷം പറയണമെന്ന് താല്പര്യപ്രകാരം അലാസ്കയിൽ നിന്നും കർത്താവിന്റെ വചനം അറിയിക്കുവാൻ അവൻ ഒരു വഴി കണ്ടെത്തി ആ വഴിയായിരുന്നു മിഷണറി ബോട്ടിൽ മിനിസ്ട്രി. തനിക്കുമുമ്പ് ബോട്ടിൽ മിനിസ്ട്രി ചെയ്തിട്ടുള്ള ജോർജ്ജ് ഫിലിപ്പിന് എഴുത്ത് എഴുതുകയും വേണ്ട നിർദ്ദേശങ്ങൾ ലഭിക്കു

കയും ചെയ്തു. എവർലട്ടിന് ഏകദേശം 30 വർഷം ഈ മിനിസ്ട്രി ചെയ്യുവാൻ സാധിച്ചു. 1954 മുതൽ 1984 വരെ മുടക്കം കൂടാതെ തുടർന്നു ഏകദേം 30000 ബോട്ടിൽ വചനമായി അയയ്ക്കുവാൻ സാധിച്ചു. 1000 പേർ അദ്ദേഹത്തിന് എഴുത്ത് എഴുതി. അവരുടെ ജീവിതം ഇത് മുഖാന്തിരം അനുഗ്രഹിക്കപ്പെട്ടു എന്നറിയിച്ചു. 60 പേർ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. 1987-ൽ 84-ാം വയസ്സിൽ തന്റെ വേല തകിച്ചു തന്റെ പ്രിയന്റെ അടുക്കൽ എത്തി.

ഒരു ബോട്ടിൽ അധികം ദൂരം ഒഴുകിയില്ല. അത് ഒരിടത്തു കിടന്നു. അതേസമയം അതിന്റെ തൊട്ടടുത്ത് ഒരു ബുദ്ധ സന്ന്യാസി തന്റെ ജീവിതം വെള്ളത്തിൽ ചാടി അവസാനി പ്പിക്കാൻ തീരുമാനിച്ചു. അവിടേക്കു വന്നു അപ്പോഴാണ് ഒരു ബോട്ടിൽ കിടക്കുന്നത് കണ്ടത് അതെടുത്തു നോക്കാം എന്നു വിചാരിച്ചു തുറന്നു നോക്കിയപ്പോൾ അതിനകത്ത് ഒരു വാക്യമുണ്ടായിരുന്നു എഴുതിയിരുന്നത് "ഭയപ്പെടേണ്ട ഞാൻ നിന്നോടു കൂടെയുണ്ട്" (ബൈബിൾ) കൂടാതെ എവർലട്ടിന്റെ അഡ്രസ്സും. ഉടനെ അദ്ദേഹം എവർലട്ടിന് എഴുതി. ഒരു ബൈബിൾ വാങ്ങി വായിക്കുവാൻ എവർലട്ട് പറഞ്ഞു. അദ്ദേഹം ഒരു ബൈബിൾ വാങ്ങി വായിച്ചതിനാൽ ജീവിതം അവസാനിപ്പിക്കുന്നതിന് പകരം ദൈവത്തിന്റെ മകനായിത്തീർന്നു.

ഒരു എക്സിമോക്കാരൻ താൻ ചെയ്ത തെറ്റിന്റെ കാഠിന്യ മോർത്ത് ഭാരപ്പെട്ട് നിരാശനായി നദിയുടെ



തീരത്ത് ഇരിക്കുകയായിരുന്നു. വെള്ളത്തിൽക്കൂടി ഒരു ബോട്ടിൽ ഒഴുകുന്നതുകണ്ടു ചെന്ന് എടുത്തു അതിലെ കടലാസ് നോക്കിയപ്പോൾ അതിൽ എഴുതിയിരിക്കുന്നു അവനിൽ നമുക്ക് പാപമോചനമെന്ന വീണ്ടെടുപ്പുണ്ട് (കൊലോസ്യർ 1:14 ബൈബിൾ) എന്റെ പാപത്തിന് പരിഹാരം ഉണ്ട് എന്ന് മനസ്സിലാക്കി അവൻ മാനസാന്തരപ്പെട്ട് കർത്താവിനെ ഏകരക്ഷകനായി സ്വീകരിച്ചും ദൈവമകനായി അവന്റെ നിരാശ മാറി.

എവർലട്ട് ചെയ്തുകൊണ്ടിരുന്ന ആ ശുശ്രൂഷ അനേകരുടെ രക്ഷയ്ക്കും ആശ്വാസത്തിനും കാരണമായിത്തീർന്നു. നാം കൊടുക്കുന്ന ഒരു ട്രാക്റ്റ് അല്ലെങ്കിൽ ഒരു വാക്യം അതിന് ഫലം ഉണ്ട് എന്ന് മനസ്സിലാക്കി നമ്മുടെ കൂട്ടുകാർക്ക് കർത്താവിനെക്കുറിച്ചു അറിയിക്കുവാൻ സർവ്വകൃപാലുവായ കർത്താവ് നമ്മെ സഹായിക്കുമാറാകട്ടെ.

# 11

## ഒരു പെൺകുട്ടിയുടെ അവസാന പ്രാർത്ഥന

**ഞാ**ൻ നിങ്ങളെക്കുറിച്ചു ദൈവത്തിന്റെ എരിവോടെ എരിയുന്നു. ഞാൻ ക്രിസ്തു എന്ന ഏകപുരുഷന് നിങ്ങളെ നിർമ്മല കന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. (2 കൊരി. 11:2)

കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷകനായി സ്വീകരിച്ചു രക്ഷിക്കപ്പെട്ടു. ദൈവത്തിന്റെ മകളായിത്തീർന്ന എല്ലാവരും അവന്റെ മണവാട്ടി സഭയുടെ അംഗമാണ്. നമ്മുടെ മണവാളൻ നമുക്ക് തന്ന എഴുത്താണ് വിശുദ്ധ വേദപുസ്തകം. ആ എഴുത്തിൽ നാം ചെയ്യേണ്ട കല്പനകൾ, പ്രമാണങ്ങൾ, വാഗ്ദത്തങ്ങൾ നമ്മെ ആശ്വസിപ്പിക്കുന്ന വചനങ്ങൾ നാം പിൻ ചെല്ലേണ്ട വഴികൾ ഇങ്ങനെ എല്ലാം ആ എഴുത്തിൽ ഉണ്ട്. നാം അതിനെ എത്രമാത്രം സ്നേഹിക്കുന്നു, ബഹുമാനിക്കുന്നു. നമ്മുടെ മണവാളനോട് നമുക്ക് തീർച്ചയായും



സ്നേഹവും ബഹു മാനവും ഉണ്ടെങ്കിൽ നാം ബൈബിൾ വായിക്കുകയും അതനുസരിച്ച് ജീവിക്കുവാൻ ശ്രമിക്കുകയും ചെയ്യും.

റഷ്യയിലെ ഒരു ഒളിവു സഭയിൽ ചില ദൈവമക്കൾ കർത്താവിനെ ആരാധിക്കുകയായിരുന്നു. അതെങ്ങനെയോ കമ്മ്യൂണിസ്റ്റ് അധികാരികൾ അറിഞ്ഞു. പട്ടാളം ആ ഭവനത്തിലേക്കു കയറി, ഇവാഞ്ചലിസ്റ്റിനെ പിടിച്ചടിച്ച് വലിച്ചിഴച്ച് പുറത്തേക്ക് കൊണ്ടുപോയി. അദ്ദേഹത്തിന്റെ കയ്യിലിരുന്ന ബൈബിൾ പിടിച്ചെടുത്തു. നിലത്തിട്ടിട്ട് അതിൽ തുപ്പാൻ പറഞ്ഞു. സഭയിൽ ആരാധിച്ചുകൊണ്ടിരുന്ന അംഗങ്ങളോടും ബൈബിളിൽ തുപ്പാൻ പറഞ്ഞു. ചിലർ ബൈബിളിൽ തുപ്പിയിട്ട് കടന്നുപോയി. പട്ടാളക്കാർ തോക്കുചൂണ്ടി നിൽക്കുകയാണ്. ഭയന്നുപോയ പലരും എന്താണ് ചെയ്യേണ്ടത് എന്നറിയാതെ സ്തംഭിച്ചു നിൽക്കുകയാണ്. പലരും പേടികൊണ്ട് തുപ്പിയിട്ട് കടന്നപോയി.

14 വയസ്സുള്ള ഒരു പെൺകുട്ടിയുടെ നേരെ തോക്കു ചൂണ്ടിയിട്ട് പട്ടാളക്കാർ അവളോടും ബൈബിളിൽ തുപ്പാൻ പറഞ്ഞു. അവൾ ബൈബിളിന്റെ അടുത്ത് കുനിഞ്ഞിരുന്നിട്ട് അത് കയ്യിലെടുത്ത് തന്റെ വസ്ത്രത്താൽ അതിലെ തുപ്പ ലെല്ലാം തുടച്ചുകളഞ്ഞിട്ട് അതിൽ ചുംബിച്ചുകൊണ്ട് പറഞ്ഞു. ഇത് എന്റെ മണവാളന്റെ എഴുത്താണ് കർത്താവേ അവർ നിന്റെ വചനത്തോട് എന്തു തന്നെ ചെയ്താലും അവരോട് ക്ഷമിക്കേണമേ എന്നു പറഞ്ഞു

തീർന്നതും വെടിയുണ്ട അവളുടെ തലയിൽ കൂടി പാഞ്ഞതും ഒന്നിച്ചായിരുന്നു. അവളെ സ്നേഹിച്ച അവൾ സ്നേഹിച്ച പ്രാണപ്രിയനുവേണ്ടി അവൾ തന്റെ ജീവൻ വെച്ചു കൊടുത്തു അവന്റെ അടുക്കലേക്കു യാത്രയായി.



# 12

## കരുതുന്ന ദൈവം

**എ**ന്തു തിന്നും എന്ത് കുടിക്കും എന്ന് നിങ്ങളുടെ ജീവനായിക്കൊണ്ടും എന്തു ഉടുക്കും എന്ന് ശരീരത്തിനായി കൊണ്ടും വിചാരപ്പെടരുത് (മത്തായി 6:25)

നല്ല സ്കൂളിൽ അഡ്മിഷൻ കിട്ടിയില്ല, മറ്റുള്ളവരെപ്പോലെ നല്ല വസ്ത്രമില്ല, വിലപിടിപ്പുള്ള കാർ ഇല്ല, പഠിച്ചിട്ടും വേണ്ടത്ര മാർക്ക് കിട്ടുന്നില്ല, ട്യൂഷനു പോകാൻ സാധിക്കുന്നില്ല, ആരും കൂട്ടുകൂടുന്നില്ല, ഞാൻ ഒറ്റപ്പെട്ട അവസ്ഥയിലാണ് ഇങ്ങനെ പലതും ചിന്തിച്ചു കുഞ്ഞുങ്ങൾ വിചാരപ്പെടാറുണ്ട്. എന്നാൽ കർത്താവ് പറയുന്നത് നാം വിചാരപ്പെടേണ്ട ആവശ്യമില്ല കാരണം ഒന്നാമതായി നമുക്കായി സർവ്വശക്തനായ ദൈവം വിചാരപ്പെടുന്നു. അവൻ നമുക്ക് വേണ്ടതെല്ലാം തരും. രണ്ടാമതായി നാം വിചാരപ്പെടുന്നതു കൊണ്ട് ഒരു പ്രയോജനവുമില്ലാത്തതുകൊണ്ട് നമുക്ക് സ്നേഹവാനായ, നമ്മെ കരുതുന്ന ദൈവത്തിൽ ആശ്രയിക്കാം.

അമേരിക്കയിൽ ഫ്ളോറിഡ എന്ന സ്ഥലത്ത് ജനിച്ച ഡോണ ഹെലൻ പഠിക്കാൻ വളരെ മിടുക്കിയായിരുന്നതുകൊണ്ട് ഡോക്ടറായി. ടിബറ്റിലെ അവസ്ഥയെക്കുറിച്ചറിഞ്ഞ അവൾ തന്റെ ജോലി രാജിവെച്ച് ടിബറ്റിലേക്ക് പോകുവാൻ തീരുമാനിച്ചു. അവളുടെ മാതാപിതാക്കളും കൂട്ടുകാരും അവളെ അതിൽനിന്ന് പിന്തിരിപ്പിക്കുവാൻ ശ്രമിച്ചു. പക്ഷെ അവൾ ടിബറ്റിലേക്ക് പോയി. വളരെ കഷ്ടതയോടെ കൂടെയാണെങ്കിലും പ്രവർത്തിക്കുവാൻ ദൈവം അവളെ സഹായിച്ചു. അനേകർ കർത്താവിന്റെ മക്കളായിത്തീർന്നു.

അങ്ങനെയിരിക്കെ 20 കിലോമീറ്റർ അകലെയുള്ള ഗ്രാമത്തിൽ ഒരു രോഗിയെ ശുശ്രൂഷിക്കുവാൻ അവളെ വിളിച്ചു. ആ ഗ്രാമത്തിലേക്ക് നടന്നുപോകണമായിരുന്നു. അവൾ നോക്കിയപ്പോൾ അവളുടെ കയ്യിൽ ആകെ ഒരു റൊട്ടി മാത്രം. അവൾ ദൈവത്തിലാശ്രയിച്ചു യാത്ര തുടങ്ങി. താൻ റൊട്ടി കുറേശ്ശേ കഴിച്ചു. എന്നാൽ റൊട്ടി തീർന്നു. അങ്ങനെ പോകുമ്പോൾ വലിയ വിലപിടിപ്പുള്ള ബദാം പരിപ്പുകൾ വഴിയിൽ കിടക്കുന്നത് അവൾ കണ്ടു. വളരെ സന്തോഷത്തോടെ അവൾ അത് പെറുക്കി എടുത്തു. അങ്ങനെ നടക്കുമ്പോൾ ഒരു മനുഷ്യൻ തലയിൽ വലിയ ചാക്ക് കൊണ്ട് മുന്നിൽ പോകുന്നു. ആ ചാക്കിൽ ഒരു ചെറിയ ദ്വാരം ഉണ്ടായിരുന്നു അതിലൂടെയായിരുന്നു ബദാം താഴെ വീണുകൊണ്ടിരുന്നത്. ഡോണ വേഗം ആ



മനുഷ്യനെ കൈ കൊട്ടി വിളിച്ചു തന്റെ കയ്യിലുണ്ടായിരുന്ന ബദാം പരിപ്പ് അദ്ദേഹത്തെ കാണിച്ചു. പക്ഷെ, ആ മനുഷ്യൻ ഒന്നും മിണ്ടാതെ നടന്നുപോയി. അപ്പോൾ ഡോണയ്ക്ക് മനസ്സിലായി തന്റെ സ്വർഗ്ഗീയ പിതാവ് തനിക്കായി കരുതിവേണ്ടുന്ന ഭക്ഷണം തന്നതാണ് എന്ന്. ഏലിയാവിനെ കാക്കയാൽ അപ്പവും ഇറച്ചിയും കൊടുത്ത് പോഷിപ്പിച്ച ദൈവം ഇന്നും നമുക്കായി കരുതുന്നു. അവനിൽ ആശ്രയിക്കാം അവനിൽ മാത്രം വിശ്വസിച്ച് നമ്മുടെ ഭാരം അവനിൽ ഇട്ടുകൊണ്ട് അവൻ നമുക്കായി കരുതുന്നു എന്നറിഞ്ഞുകൊണ്ട് ജീവിക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. അവന്റെ വലിയ നാമം മഹത്വപ്പെടുമാറാകട്ടെ.

# 13
## ഉറച്ചു നിൽക്കുക

ഞാനോ ഇപ്പോൾ തന്നെ പാനീയ യാഗമായി ഒഴിക്കപ്പെടുന്നു. എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു. ഞാൻ നല്ല പോർ പോരുതു ഓട്ടം തികച്ചു. വിശ്വാസം കാത്തു (32 തിമോ. 4:6).

ജീവിതത്തിൽ കുറച്ചു കഷ്ടതയും ദുഃഖവും പ്രയാസവും ഉണ്ടാകുമ്പോൾ കലങ്ങിപ്പോകുവാൻ സാദ്ധ്യതയുണ്ട്. കഴിഞ്ഞ കാലങ്ങൾ ദൈവം ചെയ്ത കരുതലിനേയും മറയ്ക്കുവാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് കർത്താവ് പറയുന്നത് നാം നിരന്തരം വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കണം. ദൈവത്തിലുള്ള ആശ്രയവും വിശ്വാസവും മാത്രമാണ് ഈ ലോകത്തിൽ കഷ്ടത വരുമ്പോൾ നമ്മെ ഉറച്ചു നിൽക്കാൻ സഹായിക്കുന്നത്.

ടിബറ്റിൽ ജനിച്ചുവളർന്ന ഒരു വ്യക്തിയാണ് കർത്താ



സിംഗ്. കർത്താസിംഗ് രക്ഷിക്കപ്പെട്ട ഒരു നല്ല ദൈവമകനായി ജീവിച്ചു. താമസിയാതെ തന്റെ ഉയർന്ന ജോലി ഉപേക്ഷിച്ചു. പൂർണ്ണസമയം കർത്താവിന്റെ വേലയ്ക്കായി തന്നെത്തന്നെ സമർപ്പിച്ചു. ടിബറ്റിലെ ദലൈലാമ സുവിശേഷകനായ കർത്താസിംഗിനെക്കുറിച്ച് അറിഞ്ഞു അവനെ പിടിച്ചു അധികാരിയുടെ മുമ്പിൽ ഹാജരാക്കി. മേലധികാരി കർത്താസിംഗിനോട് പറഞ്ഞു. നീ യേശുവിനെ തള്ളിപ്പറക. പക്ഷെ  കർത്താസിംഗ് ഉറച്ചുനിന്നു. അവർ അവനെ മൃഗത്തിന്റെ പച്ചതോലിൽ വരിഞ്ഞുകെട്ടി പെരുവെയിലത്ത് കിടത്തി. അവൻ തീവ്രവേദനയിലായി. അപ്പോൾ മേലധികാരി വീണ്ടും പറഞ്ഞു. നീ യേശുവിനെ തള്ളിപ്പറക. എന്നാൽ നിനക്ക് സ്ഥാനമാനങ്ങൾ തരാം.

കർത്താസിംഗ് തന്റെ നെഞ്ചോട് ചേർത്ത് വെച്ചിരുന്ന പുതിയനിയമത്തിന്റെ ഫസ്റ്റ് പേജിൽ എഴുതി എനിക്ക് ഒരായിരം  ജീവിതം കൂടി ഇനിയും ലഭിച്ചാൽ ഇതുപോലെ തന്നെ എന്റെ യേശുവിനായി എന്റെ ഓരോ ജീവിതവും ഞാൻ നൽകാം. ഇതെഴുതിക്കഴിഞ്ഞ് താമസിയാതെ കർത്താസിംഗ് തന്നെ സ്നേഹിച്ച, താൻ സ്നേഹിച്ച കർത്താവിന്റെ അടുത്തെത്തി.

അപ്പോസ്തലനായ പൗലോസ് തന്റെ ജീവിതം കർത്താവിനായി ജീവിച്ചു. തനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമായിരുന്നു.  പ്രിയ കുഞ്ഞുങ്ങളെ കർത്താസിംഗിനെപ്പോലെ ഒരു സാഹചര്യം

ഉണ്ടായാൽ നാം എന്തുചെയ്യും. ദൈവവചനം പഠിക്കുകയും ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് നമ്മുടെ ചെറിയ കഷ്ടങ്ങൾ സാരമില്ല എന്ന് കരുതി കർത്താവിനായി ജീവിക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.



# 14

## എന്റെ കൃപ നിനക്കു മതി

**എ**ന്റെ കൃപ നിനക്കു മതി എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു എന്ന് പറഞ്ഞു. (2 കൊരി. 12:9)

നമ്മുടെ ജീവിതത്തിൽ പ്രയാസങ്ങൾ, കഷ്ടങ്ങൾ, പ്രശ്നങ്ങൾ, ദുഃഖങ്ങൾ, തീരാവ്യാധികൾ, രോഗങ്ങൾ എന്നിവ വരുമ്പോൾ വിടുതലിനായി നാം ദൈവത്തോട് പ്രാർത്ഥിക്കും. ദൈവം പ്രാർത്ഥന കേട്ട് നമ്മെ വിടുവിക്കുകയും ചെയ്യുന്നു. എന്നാൽ ചില സമയത്ത് ചില കാര്യങ്ങൾക്ക് വേണ്ടി നാം എത്ര പ്രാർത്ഥിച്ചാലും നമുക്ക് ലഭിക്കുകയില്ല അന്നേരങ്ങളിൽ നാം നിരാശപ്പെട്ടു പോകാറുണ്ട്. ചിലപ്പോൾ ദൈവത്തോട് നാം ചോദിക്കാറുണ്ട് കർത്താവേ എന്റെ പ്രാർത്ഥന അങ്ങ് എന്തുകൊണ്ട് കേൾക്കുന്നില്ല.

നാം അറിഞ്ഞിരിക്കേണ്ട ഒരു കാര്യമുണ്ട് നാം ചോദിക്കുമ്പോൾ, നാം കരയുമ്പോൾ കേൾക്കുന്ന ഒരു

സ്നേഹവാനായ ദൈവമാണ് നമുക്കുള്ളത് നമ്മുടെ പ്രാർത്ഥന അവൻ കേട്ട് ഉത്തരവും തന്നു. എന്നാൽ ആ ഉത്തരം നമുക്ക് മനസ്സിലാകുകയില്ല കാരണം നാം ആ ഉത്തരത്തി നായിട്ടല്ല നാം പ്രാർത്ഥിച്ചത്.

അപ്പൊസ്തലനായ പൗലോസിന്റെ ജീവിതത്തിൽ രോഗം വന്നപ്പോൾ നീങ്ങി കിട്ടേണ്ടതിന് വേണ്ടി പ്രാർത്ഥിച്ചു. കർത്താവ് ഉത്തരം കൊടുത്തു. രോഗം മാറ്റി കൊടുക്കുകയല്ല മറിച്ച് ദൈവത്തിന്റെ അളവറ്റ കൃപ കൊടുക്കുന്നു.

ഇംഗ്ലണ്ടിൽ ജനിച്ചുവളർന്ന മിടുക്കനായ ഒരു ദൈവഭക്തനായിരുന്നു ഡോ. വില്യം മൂൺ. എന്നാൽ 21-ാം വയസ്സിൽ അദ്ദേഹത്തിന്റെ കണ്ണിന് ഒരു രോഗം പിടിച്ചു. കാഴ്ചയില്ലാത്തവനായിത്തീർന്നു. ദൈവഹിതം അറിയുന്ന മൂൺ കാഴ്ച കിട്ടുന്നതിന് വേണ്ടിയല്ല പ്രാർത്ഥിച്ചത് മറിച്ച് തന്റെ അന്ധത ദൈവനാമമഹത്വത്തിനായി ഉപയോഗപ്പെടുവാൻ സഹായിക്കണേ എന്ന് പ്രാർത്ഥിച്ചു.

ദൈവത്തിന്റെ കൃപയാൽ അന്ധന്മാർക്ക് വായിക്കാൻ സഹായിക്കുന്ന ഒരു ലിപി കണ്ടെത്തുവാൻ മൂണിന് സാധിച്ചു. അതു മുഖാന്തിരം അനേകം അന്ധന്മാർ ദൈവവചനം വായിക്കുന്നതിനും സ്വർഗ്ഗരാജ്യത്തിന് അവകാശികൾ ആകുന്നതിനും ഇടയായി. ഡോ. വില്യം മൂണിന്റെ അന്ധത മുഖാന്തിരം അനേകർ ക്രിസ്തുവിനെ കണ്ടെത്തുന്നതിനും അനേകർ ദൈവവചനം വായിക്കുന്നതിനും ഇടയായി.



നമ്മെത്തന്നെ ദൈവത്തിനായി സമർപ്പിച്ചാൽ നമ്മെ, നമ്മുടെ ബലഹീനതകളെ ദൈവം എടുത്തു ഉപയോഗിക്കും. അവന്റെ കൈയിലെ ഒരു ഇണങ്ങിയ മാനപാത്രം ആകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ അവന്റെ വലിയ നാമം മഹത്വപ്പെടുമാറാകട്ടെ.

# 15

## പാപത്തോട് വിടപറയാൻ എങ്ങനെ സാധിക്കും?

**ഞാ**ൻ നിന്നോട് പാപം ചെയ്യാതിരിക്കുന്നതിന് നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു. സങ്കീർത്തനങ്ങൾ 119:10.

രക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളുടെ എല്ലാവരുടെയും ആഗ്രഹം വിജയകരമായ ഒരു ക്രിസ്തീയ ജീവിതമാണ്. പലപ്പോഴും അത് കുഞ്ഞുങ്ങൾക്ക് സാധിക്കാതെ വരുന്നു. പാപം വാതിൽക്കൽ കിടക്കുന്നു. അതിന്റെ ആഗ്രഹം നമ്മോടാണ്. എന്നാൽ പാപത്തിൽ അകപ്പെടാതെ ജീവിക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ വചനം നമ്മുടെ ഹൃദയത്തിൽ സംഗ്രഹിക്കേണം. ബാലന്റെ നടപ്പിനെ നിർമ്മലമാക്കാൻ സഹായിക്കുന്നത് ദൈവത്തിന്റെ വചനമാണ്. ദൈവകല്പനകളെ പ്രമാണിച്ചു, വചനപ്രകാരം ജീവിക്കുമ്പോൾ അവന് വിജയകരമായ ഒരു ക്രിസ്തീയ ജീവിതം ലഭിക്കും.



ഡോ. അലക്സാണ്ടർ മക്കോയ് ഭക്തിയുള്ള മാതാപിതാക്കന്മാരാൽ വളർത്തപ്പെട്ട ഒരു കുട്ടിയായിരുന്നു. അവന്റെ അമ്മ അവനെ നിത്യവും വചനം പഠിപ്പിക്കുകയും പ്രാർത്ഥിപ്പിക്കുകയും ചെയ്യുമായിരുന്നു. അനേകം വാക്യം കാണാപ്പാഠമായി അവന് അറിയാമായിരുന്നു. അവൻ ഒരു നല്ല കുട്ടിയായി വളർന്നു. എന്നാൽ അവന് പഠനത്തിനായി ദൂരദേശത്തേയ്ക്ക് പോകണമായിരുന്നു. അവൻ പോകുമ്പോൾ അവന്റെ പിതാവ് അവന് ഒരു ബൈബിൾ കൊടുത്തു. അതിന്റെ ഒന്നാം പേജിൽ എഴുതി "മോനെ ഈ പുസ്തകം നീ സ്ഥിരമായി വായിക്കുകയും പഠിക്കുകയും ചെയ്യണം. ഈ പുസ്തകം നിന്നെ പാപത്തിൽനിന്ന് അകറ്റി നിർത്തും. അല്ലെങ്കിൽ പാപം നിന്നെ ഈ പുസ്തകത്തിൽ നിന്ന് അകറ്റി നിർത്തും."

ഏറെ താമസിയാതെ അലക്സാണ്ടറുടെ മാതാപിതാക്കൾ ഈ ലോകത്തോടെ യാത്രപറഞ്ഞു. അലക്സാണ്ടർ ബൈബിൾ വായന നിർത്തി, ബൈബിളിനെ മറന്നു. ഈ ലോകജ്ഞാനത്തിന്റെ പുറകെ ഓടി. ബൈബിൾ ഒരു പഴഞ്ചൻ പുസ്തകമായി അവന് തോന്നി. പഠിത്തത്തിൽ മിടുക്കനായ അവൻ ഒരു ഡോക്ടറായി. ഒരു പ്രശസ്തനായ ഡോക്ടർ.

ഒരുദിവസം ഒരു വ്യക്തി ചികിത്സയ്ക്കായി അദ്ദേഹത്തിന്റെ അടുത്തെത്തി. ഡോക്ടർ മരുന്നു കൊടുത്തു. അവിടെ കിടക്കുവാൻ പറഞ്ഞു. അയാളുടെ ആരോഗ്യസ്ഥിതി വളരെ മോശമായിരുന്നതിനാൽ ഇനി അധിക

നാളുകൾ ഇല്ല എന്ന് ഡോക്ടർക്ക് മനസ്സിലായി. അദ്ദേഹം ഡോക്ടറോട് പറഞ്ഞു: "ഡോക്ടർ ഞാൻ എന്റെ ബൈബിൾ കൊണ്ടുവരുവാൻ മറന്നു. എനിക്കു ഒരു ബൈബിൾ തരണം." ഡോക്ടർ തന്റെ ലൈബ്രറിയിൽ തപ്പി ഷെൽഫിന്റെ അടിയിൽനിന്നു ബൈബിൾ കിട്ടി. അത് രോഗിയായ മനുഷ്യനു കൊടുത്തു.

അടുത്ത ദിവസം ഡോക്ടർ രോഗിയെ കാണാൻ വന്നപ്പോൾ നേഴ്സ് പറഞ്ഞു: "അദ്ദേഹം ബൈബിൾ വായിച്ചു കൊണ്ട് തന്നെ വളരെ സമാധാനത്തോടും സന്തോഷ ത്തോടും കൂടി ഞാൻ എന്റെ ഭവനത്തിൽ പോകുകയാണെന്ന് പറഞ്ഞുകൊണ്ട് ഈ ലോക ത്തിൽനിന്ന് കടന്നു പോയി."

ഡോക്ടർ കട്ടിലിനരികെ ചെന്ന് ആ ബൈബിൾ ഒന്ന് മറിച്ചുനോക്കി. അദ്ദേഹം ഒന്ന് ഞെട്ടി. ആ ബൈബിളു മായി തന്റെ മുറിയിലേക്ക് ഓടി. തന്റെ പിതാവ് തനിക്കു സമ്മാനിച്ച ബൈബിൾ അതിന്റെ ആദ്യത്തെ പേജ് വായിച്ച് അദ്ദേഹം പൊട്ടിക്കരഞ്ഞു. മുട്ടുകുത്തി തന്റെ പാപങ്ങളെ ഏറ്റുപറഞ്ഞു ഉപേക്ഷിച്ചു. ഇനിയുള്ള കാലം കർത്താവി നായി ജീവിക്കും എന്ന് തീരുമാനിച്ചു. തന്റെ ജോലി ഉപേ ക്ഷിച്ചു കർത്താവിന്റെ വേലക്കാരനായി അങ്ങനെ ഡോക്ടർ അലക്സാണ്ടർ മാക്കോയ് അനേകരെ പാപ ത്തിൽനിന്ന് കർത്താവിങ്കലേക്ക് നേടി.



# 16

## മാറ്റി വെയ്ക്കുകയില്ല പിന്തിരിയുകയില്ല പശ്ചാത്താപമില്ല

**ഞാ**ൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു വിശ്വാസം കാത്തു ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു. (2 തിമോ. 4:9)

കുഞ്ഞുങ്ങളെ നമ്മുടെ ജീവിതത്തിന് ഒരു ലക്ഷ്യം ഉണ്ടായിരിക്കണം. പഠിക്കുന്ന കുഞ്ഞുങ്ങൾ ലക്ഷ്യമി ല്ലാതെ പഠിച്ചാൽ ഉദ്ദേശിക്കുന്ന ഫലം കിട്ടുകയില്ല. ഏതു പ്രായ ത്തിലുള്ളവർക്കും ഏത് അവസ്ഥയിലുള്ളവർക്കും ലക്ഷ്യബോധം ആവശ്യമാണ്. ലക്ഷ്യം നോക്കി ഓടിയാൽ മാത്രമേ വിരുതു പ്രാപിക്കുകയുള്ളൂ. ലക്ഷ്യം ഇല്ലാതെ ഓടിയാൽ നമ്മൾക്ക് പ്രതിഫലം കിട്ടുകയില്ല.

വില്യം ബർഡൻ ഒരു ദൈവഭവനത്തിൽ ഒരു കോടീ ശ്വരന്റെ മകനായി ജനിച്ചു. 12-ാം ക്ലാസ്സിൽ ഗ്രാജ്വേറ്റ് ചെയ്ത തിന്റെ പ്രതിഫലമായി മാതാപിതാക്കൾ അവന് സമ്മാനിച്ചത് ഒരു ലോകയാത്രയ്ക്കുള്ള അവസരമാണ്.

അങ്ങനെ ബോർഡന് 16-ാമത്തെ വയസ്സിൽ ഏഷ്യ, യൂറോപ്പ്, മിഡിൽ ഈസ്റ്റ് എന്നീ രാജ്യങ്ങൾ ഒക്കെ ചുറ്റി ക്കറങ്ങി. ഒരു കോടീശ്വരന്റെ മകനാണെങ്കിലും ധനവും മാനവും പ്രതാപവും അവനെ ആകർഷിച്ചില്ല. ഈ രാജ്യങ്ങളിൽ ജനങ്ങൾ ക്രിസ്തുവില്ലാതെ ജീവിക്കുന്നതും അവരുടെ കഷ്ടപ്പാടും ദുഃഖവും കണ്ടപ്പോളൾ ബർഡൽ തന്റെ വീട്ടിലേക്ക് എഴുതി ഞാൻ ഒരു സുവിശേഷകനാകാൻ ആഗ്രഹിക്കുന്നു. ഇതറിഞ്ഞ അവന്റെ കൂട്ടുകാർ അവന് എഴുതി കോടീശ്വരനായ നീ നിന്റെ ജീവിതം എന്തിന് പാഴാക്കി കളയുന്നു. അപ്പോൾ ബർഡൽ തന്റെ ബൈബിളിന്റെ പുറകിലെഴുതി നോ റിസർവ്വ് - മാറ്റിവെയ്ക്കുകയില്ല.

1905-ൽ യേൽ യൂണിവേഴ്സിറ്റിയിൽ പഠിക്കുവാൻ ചേർന്നപ്പോൾ അവിടുത്തെ കുട്ടികളുടെ അവസ്ഥ അവനെ ദുഃഖിപ്പിച്ചു. 2 പേർ കൂടി ഒരു പ്രാർത്ഥനാഗ്രൂപ്പ് ഉണ്ടാക്കി പ്രാർത്ഥിക്കുവാൻ തുടങ്ങി. പ്രാർത്ഥനാഗ്രൂപ്പ് വളർന്നു 150 പേരായി. ബർഡൻ തന്റെ പഠനം അവസാന വർഷമെത്തിയപ്പോഴേക്കും അത് 1300 പേരായി വളർന്നു. പിന്നീട് അനേകം ഗ്രൂപ്പുകളായി തിരിഞ്ഞു പ്രാർത്ഥിക്കുവാനും വചനം പഠിക്കുവാനും തുടങ്ങി. ഓരോ ലീഡറിനു കീഴിൽ കുട്ടികൾ ഉണ്ടായിരുന്നു. എന്നാൽ അനുസരിക്കാത്തവരായ കുട്ടികൾ ബർഡന്റെ കീഴിലായിരുന്നു. ഇത് കൂടാതെ ബർഡൻ അനാഥരുടേയും വിധവമാരുടേയും ഇടിയൽ പ്രവർത്തിക്കുകയും ചെയ്തിരുന്നു.

ഒരു കോടീശ്വരന്റെ മകനായിരുന്നെങ്കിലും പിതാ



വിന്റെ ബിസിനസ്സ് ഏറ്റെടുത്തു നടത്തുവാനോ വേറൊരു ജോലി നോക്കുവാനോ തയ്യാറാകാതെ യേൽ യൂണിവേഴ്സിറ്റിയിലെ പഠനം കഴിഞ്ഞപ്പോൾ പ്രിൻസ്റ്റൻ സെമിനാരിയിൽ ചേർന്നു. അന്ന് അവന്റെ ബൈബിളിന്റെ പുറകിൽ നോ റിസർവ്വ് എന്നെഴുതിയതിന്റെ അടുത്ത് നോ റിട്രീറ്റ് - പിന്തിരിയുകയില്ല എന്നെഴുതി. പ്രിൻസ്റ്റൻ സെമിനാരിയി ലെ പഠനത്തിന് അദ്ദേഹം ഒരു മിഷണറിയായി ചൈനയിലേക്ക് പോയി അവിടെവെച്ച് ബർഡന് മെനിഞ്ചൈറ്റിസ് എന്ന രോഗം പിടിച്ചു. ബർഡൽ ചിന്തിച്ചത് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാണ് എന്നായിരുന്നു. ചൈനയിൽ വെച്ച് ആ ധീരപോരാളി തന്റെ ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ താൻ സ്നേഹിച്ച കർത്താവിന്റെ സന്നിധിയിൽ എത്തി. മരിക്കുന്നതിന് മുമ്പായി ബൈബിളിന്റെ പുറകിൽ നോ റിസർവ്വ്, നോ റിട്രീറ്റ് എന്നെഴുതിയ തിന്റെ അടുത്തായി നോ റിഗ്രറ്റ്സ് - പശ്ചാത്തപമില്ല എന്ന അവസാന വാക്കും എഴുതി.

# 17

## പ്രാർത്ഥനാവീരൻ

കുഞ്ഞുങ്ങളെ, നമ്മുടെ പ്രാർത്ഥനാജീവിതം മറ്റുള്ളവർ ക്രിസ്തുവിനെ കണ്ടെത്തുവാനും അനേകം പ്രാർത്ഥനാ വീരന്മാർ ഉണ്ടാകുവാനും ഇടയാകും. നമ്മുടെ മാതൃകാപുരുഷനായ യേശുക്രിസ്തു എപ്പോഴും പ്രാർത്ഥിക്കുന്നതായി നമ്മൾക്ക് ബൈബിളിൽ നിന്ന് മനസ്സിലാക്കാം. അതുപോലെ ദൈവത്തിനായി ഉപയോഗിക്കപ്പെട്ട ദൈവ മക്കൾ എല്ലാവരും തന്നെ പ്രാർത്ഥനാവീരന്മാർ ആയിരുന്നു. അവർക്കും പ്രാർത്ഥന ആവശ്യമായിരുന്നുവെങ്കിൽ നാം എത്രമാത്രം പ്രാർത്ഥിക്കുന്നവർ ആയിത്തീരണം. ബ്ര. കൈസറിന്റെ പ്രാർത്ഥന ജോർജ്ജ് മുള്ളറെ ഒരു പ്രാർത്ഥനാവീരനാക്കിത്തീർത്തു.

ശനിയാഴ്ച ജോർജ്ജ് മുള്ളറിന് ക്യൂബായിൽ ഒരു മീറ്റിംഗിന് പ്രസംഗിക്കണം. ന്യൂഫോണ്ട് വഴി അമേരിക്കയിലേക്ക് പോകുന്ന ഒരു കപ്പലിൽ മുള്ളർ കയറി. മൂടൽമഞ്ഞ് കാരണം കപ്പലിന് മുന്നോട്ടു പോകാൻ സാധി



ക്കുന്നില്ല. പ്രാർത്ഥനാ വീരന് ഒട്ടും ചിന്താഭാരം ഉണ്ടായില്ല. ആ കപ്പലിലെ ക്യാപ്റ്റൻ ഒരു വിശ്വാസിയായിരുന്നു. ജോർജ്ജ് മുള്ളർ ക്യാപ്റ്റന്റെ ക്യാബിനറ്റിൽ ചെന്നു.

ജോർജ്ജ് മുള്ളർ - എനിക്ക് ശനിയാഴ്ച ക്യൂബായിൽ എത്തണം.

ക്യാപ്റ്റൻ - നീ മൂടൽമഞ്ഞ് കാണുന്നില്ലേ ശനിയാഴ്ച എന്തായാലും ക്യൂബായിൽ എത്തുകയില്ല.

ജോർജ്ജ് മുള്ളർ - മൂടൽമഞ്ഞ് മാറുകയില്ലേ.

ക്യാപ്റ്റൻ - കഴിഞ്ഞ 20 വർഷമായി ഞാൻ ഈ കപ്പലിലെ ക്യാപ്റ്റനാണ്. മൂടൽമഞ്ഞുണ്ടായാൽ ഒരാഴ്ചയെങ്കിലും കഴിയാതെ ഇത് മാറുന്നത് ഞാൻ കണ്ടിട്ടില്ല. മൂടൽമഞ്ഞ് എത്രമാത്രം കഠിനമാണ് എന്ന് കാണുന്നില്ലേ?

ജോർജ്ജ് മുള്ളർ - ഇല്ല. മഞ്ഞിന്റെ കാഠിന്യം ഞാൻ നോക്കിയില്ല. എന്റെ ജീവിതത്തിന്റെ വഴി നിയന്ത്രിക്കുന്ന സർവ്വശക്തന്റെ മുഖത്തേക്ക് മാത്രം ഞാൻ നോക്കുന്നു.

ക്യാപ്റ്റൻ - ഈ മഞ്ഞു മാറാതെ എങ്ങനെ കപ്പൽ പോകും. അത്രയ്ക്കും കഠിനമാണല്ലോ.

ജോർജ്ജ് മുള്ളർ - നിങ്ങളുടെ കപ്പലിന് എന്നെ അവിടെ യെത്തിക്കുവാൻ സാധിക്കുകയില്ല എങ്കിൽ എന്റെ ദൈവം വേറെയെന്തെങ്കിലും വഴി കണ്ടുപിടിക്കും. കഴിഞ്ഞ 57 വർഷങ്ങളായി ഒരു പ്രത്യേക യോഗവും മുടക്കം വന്നിട്ടില്ല. എന്നെ ഇത്ര നാളും സഹായിച്ച ദൈവം

ഇനിയും സഹായിക്കും. വരൂ നമ്മൾക്ക് ഒന്ന് പ്രാർത്ഥി ക്കാം.

വിശ്വാസമില്ലാതെ മനസ്സില്ലാമനസ്സോടെ ക്യാപ്റ്റൻ മുള്ളറോടൊപ്പം മുട്ടുമടക്കി. മുള്ളർ പ്രാർത്ഥിച്ചു "കർത്താവേ എനിക്ക് ശനിയാഴ്ച മീറ്റിംഗിന് പോകണം. മൂടൽമഞ്ഞ് മാറ്റിത്തരണം. പ്രാർത്ഥന കേട്ടതുകൊണ്ട് സ്തോത്രം ആമേൻ.

ചേർന്നു പ്രാർത്ഥിക്കാൻ ക്യാപ്റ്റൻ ശ്രമിച്ചു എങ്കിലും മുള്ളർ തടഞ്ഞു.

ക്യാപ്റ്റൻ – എന്റെ പ്രാർത്ഥന നിങ്ങൾ എന്തുകൊണ്ട് തടഞ്ഞു?

ജോർജ്ജ് മുള്ളർ – ഒന്നാമതായി നിങ്ങൾ പൂർണ്ണ മായി വിശ്വസിക്കുന്നില്ല. രണ്ടാമതായി, മൂടൽമഞ്ഞ് മാറി അതു കൊണ്ട് ഇനി അതിനായി പ്രാർത്ഥിക്കേണ്ട ആവ ശ്യമില്ല.

ക്യാപ്റ്റൻ പുറത്തേക്ക് നോക്കി അത്ഭുതം മഞ്ഞു മാറിയി രിക്കുന്നു!

ജോർജ്ജ് മുള്ളർ കൃത്യസമയത്ത് യോഗത്തിന് ക്യൂബായിൽ പോയി വചനശുശ്രൂഷ നടത്തി. പ്രാർത്ഥന കേൾക്കുന്ന ദൈവം ജീവനുള്ളവനാണ്. നമ്മൾ ആരെ പ്പോലെയാണ്? ക്യാപ്റ്റനെപ്പോലെയോ അതോ ജോർജ്ജ് മുള്ളറെപ്പോലെയോ?



ജോർജ്ജ് മുള്ളറെപ്പോലെ പ്രാർത്ഥനാവീരന്മാരാ കാൻ നമുക്കും സാധിക്കട്ടെ. അതിനായി ദൈവം സഹാ യിക്കട്ടെ.

"നീ ഏറ്റവും പ്രിയനാകയാൽ നിന്റെ യാചനകളുടെ ആരംഭത്തിങ്കൽ തന്നെ കല്പന പുറപ്പെട്ട് നിന്നോട് അറി യിപ്പാൻ ഞാൻ വന്നിരിക്കുന്നു" (ദാനിയേൽ 9:23)

# 18

## മാതൃകാ പുരുഷൻ

ടീനേജിലേക്ക് കടക്കുന്നതിനോടൊപ്പം മാതൃകാ പുരുഷന്മാരെയോ സ്ത്രീകളെയോ നാം കണ്ടുപിടിക്കുകയും അവരെ അനുകരിക്കാൻ ശ്രമിക്കുകയും ചെയ്യും. മാതൃകകൾ ചിലപ്പോൾ നടീനടന്മാരോ, ശാസ്ത്രജ്ഞന്മാരോ, രാഷ്ട്രീയക്കാരോ ചിലപ്പോൾ വേദപുസ്തകത്തിലെ കഥാ നായകനായികമാരോ ഏതായാലും തങ്ങൾക്ക് ഒരു റോൾ മോഡൽ ഉണ്ടാകുവാൻ സാദ്ധ്യതയുണ്ട്.

ബൈബിളിലെ സദൃശ്യവാക്യം 13:20 ജ്ഞാനികളോട് കൂടി നടക്കുക നീയും ജ്ഞാനിയാകും. ഭോഷന്മാർക്ക് കൂട്ടാളിയായവനോ വ്യസനിക്കേണ്ടി വരും. അഡോണിയൻ ജുഡ്സൺ ഒരു സുവിശേഷകന്റെ മകനായിരുന്നു. ചെറുപ്പത്തിൽ നല്ല കുട്ടിയായി വളർന്ന് കോളേജ് വിദ്യാഭ്യാസത്തിൽ ചെന്നപ്പോൾ അവിടെയുള്ള വിദ്യാർത്ഥികളുടെ ലീഡറിൽ ആകൃഷ്ടനായി. അദ്ദേഹം ജീവിക്കുന്നതുപോലെ ജീവിക്കുവാൻ ആഗ്രഹിച്ചു. പഠിത്തത്തിൽ



മിടുക്കനായതുകൊണ്ട് ഉന്നതവിദ്യാഭ്യാസത്തിന് അവസരം കിട്ടി. അപ്പോഴും ലീഡർ കൂടെയുണ്ട്. താമസിയാതെ ദൈവമില്ല എന്നുവരെ ജൂഡ്സൻ വിശ്വസിച്ചു. ലോകസുഖത്തിൽ മുഴുകി. ലോകത്തിൽ അനുഭവിക്കാവുന്ന പലതും അവർ അനുഭവിച്ചു. ഇതാണ് ജീവിതം എന്ന് സുവിശേഷകന്റെ മകനായ ജൂഡ്സന് തോന്നി. വിദ്യാഭ്യാസം കഴിഞ്ഞ് നല്ല ജോലി കിട്ടി തിരിച്ച് വീട്ടിലേക്ക് പോകയാണ്. രാത്രിയായതുകൊണ്ട് ഒരു സത്രത്തിൽ ചിലവഴിക്കാൻ തീരുമാനിച്ചു. ഉറങ്ങാൻ കിടന്നു. അടുത്ത മുറിയിൽ ഒരാൾ മരിക്കാൻ കിടക്കുകയാണെന്ന് സത്രമുടമ പറഞ്ഞു. ജൂഡ്സൻ പറഞ്ഞു: “Death means nothing to me” ഇത് മാതൃകാ പുരുഷനായ ലീഡറുടെ വാക്കാണ്.

രാത്രിയിൽ അടുത്തുള്ള മുറിയിൽ നിന്ന് ഒരു മനുഷ്യന്റെ മൂളലും ഞരക്കവും കരച്ചിലും കേട്ടു. ഉറക്കം നഷ്ടപ്പെട്ട ജൂഡ്സൻ ആരാണെന്ന് നോക്കാം എന്ന് വിചാരിച്ച് അടുത്ത മുറിയിലേക്ക് പോയി. നോക്കിയപ്പോൾ വിശ്വസിക്കാൻ കഴിഞ്ഞില്ല. താൻ ഏറ്റവും ബഹുമാനിക്കുന്ന ശക്തനാണെന്ന് വിചാരിച്ച തന്റെ റോൾ മോഡൽ. അന്നു രാത്രിയിൽ അവന്റെ റോൾമോഡൽ മരിച്ചു.

അവൻ തന്റെ ഭവനത്തിൽ എത്തി ദൈവത്തോടും പിന്നീട് മാതാപിതാക്കളോടും നിരന്നു. ജീവിതം എത്ര ക്ഷണികം എന്ന് വിചാരിച്ചു തന്റെ ജീവിതം കർത്താവിനായി സമർപ്പിച്ചു. താമസിയാതെ അഡോണിയൻ ജൂഡ്സൻ ഒരു പയനിയർ മിഷണറിയായി ബർമ്മയിലേക്ക്

പോയി. അദ്ദേഹമാണ് ആദ്യത്തെ ബർമ്മയിലെ മിഷണറി. അനേകരെ കർത്താവിലേക്ക് നേടിയ ദൈവദാസൻ. നമ്മുടെ മാതൃകാ പുരുഷൻ കർത്താവായ യേശുക്രിസ്തു ആണെങ്കിൽ നാം ഒരിക്കലും ലജ്ജിച്ചു പോകേണ്ടിവരികയില്ല. മറിച്ച് ഈ ലോകത്തിലെ വ്യക്തിയാണ്. നമ്മുടെ റോൾമോഡലെങ്കിൽ നാം ചിലപ്പോൾ നശിച്ചുപോയെന്നു വരാം. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക എബ്രാ. 2:2 അവനായിരിക്കട്ടെ നമ്മുടെ മാതൃകാപുരുഷൻ.



# 19

## അമ്മേ

*എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്ന് നാം അറിയുന്നു (റോമർ 8:28)*

**ഐ**ർലന്റിലെ ഒരു ചെറിയ ഗ്രാമമായ മിലിസിലിൽ ഡേവിഡ് കാർമിക്കലിന്റെയും കാതറിന്റെയും മകളായി ആമി വിൽസൺ ജനിച്ചു. 7 മക്കളിൽ മൂത്തതായിരുന്നു ആമി. ആമിക്ക് 16 വയസ്സുള്ളപ്പോൾ അവളുടെ പിതാവ് മരിച്ചു. ആമിയുടെ കണ്ണിന്റെ നിറം ബ്രൗൺ കളർ. ബാക്കിയുള്ള സഹോദരങ്ങളുടെയും ഐർലന്റുകാരുടെയും കണ്ണിന്റെ നിറം നീല. പലരും അവളെ കളിയക്കി നീല നിറം കിട്ടുവാൻ അവൾ ദൈവത്തോട് പ്രാർത്ഥിച്ചു. മാത്രമല്ല ഉപവസിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. വിശ്വാസത്തോടെ പ്രാർത്ഥിച്ചിട്ട് കണ്ണാടിയിൽ നോക്കുക പോലും ചെയ്തു. പക്ഷെ കണ്ണിന്റെ നിറം മാറിയില്ല. എന്തുകൊണ്ട്

അവളുടെ കണ്ണിന്റെ നിറം ബ്രൗണായി എന്നത് അവൾക്ക് അറിയില്ലായിരുന്നു. എന്നാൽ പിന്നീട് അവൾക്ക് മനസ്സിലായി.

18-ാം വയസ്സിൽ അവൾ ബെൽഫാസ്റ്റ് ഫാക്ടറിയിൽ ജോലി ചെയ്യുന്ന പെൺകുട്ടികൾക്കായി ഒരു സണ്ടേസ്കൂൾ തുടങ്ങി. കുട്ടികൾ വന്നപ്പോൾ ഇരിക്കാൻ സ്ഥലമില്ലാ അവർ പ്രാർത്ഥിച്ചു. ഫാക്ടറിയുടെ ഉടമസ്ഥൻ സ്ഥലവും, മിസ്കേറ്റ് മൈക്കൽ 500 ഡോളറും കൊടുത്തു. അങ്ങനെ 500 പേർക്ക് ഇരിക്കാവുന്ന ഹാൾ ഉണ്ടായി.

1889-ൽ അവിടെ നിന്ന് മാഞ്ചസ്റ്ററിൽ പോയി അവിടെ വെച്ച് ഹഡ്സൺ ടൈലറിന്റെ പ്രസംഗം കേട്ട് തന്നെ പൂർണ്ണസമയ മിഷണറിയായി സമർപ്പിച്ചു.

അവൾ വേലയ്ക്ക് ജപ്പാനിലേക്ക് പോയെങ്കിലും അസുഖമായി തിരിച്ചു വന്നു. അതിനുശേഷം അവൾ ഇന്ത്യയിലേക്ക് വന്നു. ബാംഗ്ലൂരിൽനിന്ന് തമിഴ്നാട്ടിൽ എത്തി. ഡോണാവർ എന്ന സ്ഥലത്ത് പ്രവർത്തനം ആരംഭിച്ചു.

ദേവദാസികളേയും മറ്റ് ഉപേക്ഷിക്കപ്പെട്ട പെൺകുട്ടികളേയും, വ്യഭിചാരത്തിനായി വിറ്റ പെൺകുട്ടികളെ കണ്ടുപിടിച്ച് അവരെ കൊണ്ടുവന്ന് സംരക്ഷിക്കുവാൻ തുടങ്ങി.



ദേഹത്ത് ചായം പൂശി, സാരി ധരിച്ചുപോകുന്ന ആമിയെ കണ്ടാൽ ആരും അവൾ ഒരു ഐർലന്റുകാരിയാണെന്നു പറയില്ല. കാരണം അവളുടെ കണ്ണിന്റെ നിറം ഇന്ത്യക്കാരുടേതുപോലെ ബ്രൗൺ ആയിരുന്നു. ഇപ്പോൾ അവൾക്ക് മനസ്സിലായി ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കും. അവൾ നിഷ്പ്രയാസം അവരുടെ അമ്പലങ്ങളിൽ പോയി അനേകം പെൺകുട്ടികളെ രക്ഷിച്ചു. 1913-ൽ ദി ഡോണവർ ഫെലോഷിപ്പ് എന്നൊരു പ്രസ്ഥാനം തുടങ്ങി. 130 പെൺകുട്ടികൾ അവളുടെ സംരക്ഷണയിലുണ്ടായിരുന്നു. കൂടാതെ അനാഥ ആൺകുഞ്ഞുങ്ങൾക്കായും ഒരു ഭവനം ഉണ്ടാക്കി. ഉപേക്ഷിക്കപ്പെട്ട സ്ത്രീകളുടെ കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനായിരുന്നു അത്.

1932-ൽ അവൾ വീണ് കട്ടിലിൽ അഭയം പ്രാപിച്ചു. ഏകദേശം 19 വർഷം അവൾ കട്ടിലിൽ നിന്ന് എഴുന്നേൽക്കാൻ വയ്യാത്ത അവസ്ഥയിലായി. എന്നിട്ടും അവിടെ കിടന്നു കൊണ്ട് അവൾ പ്രസ്ഥാനത്തിന്റെ കാര്യം നോക്കി. മാത്രമല്ല ഏകദേശം 35 പുസ്തകങ്ങളോളം അവൾ എഴുതി. അവൾക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആയിരുന്നു. 1951-ൽ 83-ാം വയസ്സിൽ അവൾ അവളുടെ പ്രിയന്റെ അടുത്തെത്തി. 55 വർഷക്കാലം ഇന്ത്യയിലെ പെൺകുട്ടികൾക്കുവേണ്ടി അവൾ

ജീവിച്ചു. തന്റെ ശവക്കോട്ടയിൽ ഒന്നും എഴുതിവെയ്ക്ക രുതെന്ന് അവൾ പറഞ്ഞെങ്കിലും അവളെ സ്നേഹിക്കുന്ന പെൺകുഞ്ഞുങ്ങൾ ഒരു കല്ലിൽ ഇത്രമാത്രം എഴുതി "അമ്മേ" അവളുടെ ജീവിതം ജിം എലിയട്ടിനേയും എലി സബെത്തിനെയും സ്വാധീനിച്ചു. അവരും വേലയ്ക്ക് തങ്ങളെത്തന്നെ സമർപ്പിച്ചു.

A young lady asked Amy "What is missionary life like" - She replied 'missionary life is simply a chance to die"



# 20

## ജനിതകശാസ്ത്രജ്ഞൻ വിശ്വാസിയോ?

ജനിതക ശാസ്ത്രത്തിന്റെ പുരോഗതി മനു ഷ്യുൽപ്പത്തിയെക്കുറിച്ച് ഏറെ വിജ്ഞാനം പകർന്നു. ജീനുകളുടെ ഘടനയെക്കുറിച്ചുള്ള പഠനത്തിന്റെ മേഖല യിൽ വിലപ്പെട്ട സംഭാവന നൽകിയിട്ടുള്ള ഡോ. ഫ്രാൻസിസ് കോളിൻസ് ഒരു ദൈവമകനായിരുന്നു. ദൈവ മാണ് ഏറ്റവും വലിയ ശാസ്ത്രജ്ഞൻ എന്ന് പ്രപഞ്ചം തന്നെ വെളിപ്പെടുത്തുന്നു. ഡോ. ഫ്രാൻസിസ് കോളിൻ സിനെ അമേരിക്കൻ പ്രസിഡന്റായിരുന്ന ബിൽ ക്ലിന്റൺ പ്രശംസിച്ചു.

കോളിൻസ് ചെറുപ്പത്തിൽ ഒരു ദൈവവിശ്വാസി അല്ലായി രുന്നു. മാതാപിതാക്കൾ ദൈവത്തെ ആരാധിക്കു വാൻ പോകുന്നത് പുച്ഛമായിരുന്നു. അപ്പന്റേയോ അമ്മ യുടേയോ വിശ്വാസം അവനില്ലായിരുന്നു.

ബാല്യത്തിൽത്തന്നെ ശാസ്ത്രീയ വിഷയത്തിൽ തല്പരനായിരുന്നു. 24–ാം വയസ്സിൽ യേൽ യൂണിവേഴ്സിറ്റിയിൽനിന്ന് ഫിസിക്കൽ കെമിസ്ട്രിയിൽ പി.എച്ച്.ഡി. കരസ്ഥമാക്കി. അതിനുശേഷം മെഡിക്കൽ സയൻസിലും ഡോക്ടറേറ്റ് കരസ്ഥമാക്കി. ശാസ്ത്രത്തിന് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുവാൻ സാധിക്കും എന്ന് കോളിൻസ് ഉറച്ചു വിശ്വസിച്ചു. ഒരു ദിവസം മെഡിക്കൽ സൊസൈറ്റിയിൽ അംഗമാകാൻ അതിന്റെ പ്രവർത്തകർ ക്ഷണിച്ചപ്പോൾ പരമപുച്ഛത്തോടെ അത് അദ്ദേഹം നിരസിച്ചു.

കുറച്ചു കഴിഞ്ഞ് അദ്ദേഹം ഹോസ്പിറ്റലിൽ രോഗികളുമായി ഇടപെടേണ്ടി വന്നു. ഒരു ക്യാൻസർ രോഗിയോട് താൻ മരണാസന്നനാണെന്ന് പറഞ്ഞപ്പോൾ പരിഭ്രാന്തിയോ ഉത്കണ്ഠയോ പ്രകടിപ്പിക്കാതെ എന്റെ കർത്താവ് അവിടുത്തെ കരങ്ങളിൽ എന്നെ ചേർത്തുകൊള്ളും എന്ന് രോഗി ധൈര്യത്തോടെ പറഞ്ഞത് അദ്ദേഹത്തെ അത്ഭുതപ്പെടുത്തി.

മറ്റൊരു രോഗി 60 വയസ്സുള്ള ജെസ്സി ഒരു ഹൃദ്രോഗിയാണ്. ശസ്ത്രക്രിയ സാദ്ധ്യമല്ല. അവർക്ക് അതിവേദനയും ഉണ്ട്. ഡോക്ടർക്ക് ഒന്നും ചെയ്യുവാനും സാധിക്കുന്നില്ല. ജെസ്സി ഡോക്ടറോട് ചോദിച്ചു. ഡോക്ടർ എന്തുകൊണ്ടാണ് ഇങ്ങനെ ഉത്കണ്ഠാകുലനായിരിക്കുന്നത്? ഡോക്ടർ പറഞ്ഞു എനിക്കിനി താങ്കൾക്ക് മരുന്നും



ഒന്നും തരുവാനില്ല. അപ്പോൾ ജെസ്സി പ്രാർത്ഥിച്ചു പ്രിയപ്പെട്ട യേശുകർത്താവേ അങ്ങ് അങ്ങയുടെ അടുക്കൽ ചേർത്തു കൊള്ളേണമേ. അല്ലെങ്കിൽ എന്റെ വേദന മാറ്റേണമേ. അവളുടെ വേദന ശമിച്ചപ്പോൾ അവൾ ഡോക്ടറോട് ചോദിച്ചു. Let me ask you a question I believe Jesus Christ as my Saviour. What is your belief?

ഇത് ഡോക്ടറെ ചിന്തിപ്പിച്ചു. എന്റെ ഗവേഷണത്തിൽ ഞാൻ ദൈവത്തെ കണ്ടെത്താൻ ശ്രമിച്ചില്ല എന്നുള്ളത് കൊണ്ട് ദൈവം ഇല്ലെന്നു വരുമോ? സൂര്യന്റെ നേരെ കണ്ണടച്ച് ഇരുട്ടാക്കിയാൽ സൂര്യൻ ഇല്ലാതെ ആകുമോ? 28–ാം വയസ്സിൽ അദ്ദേഹം യേശുക്രിസ്തുവിൽ ഗാഢമായി വിശ്വാസത്തിൽ വന്നെത്തി. ഡി.എൻ.എ.യെക്കുറിച്ചുള്ള കണ്ടുപിടുത്തങ്ങൾ ദൈവത്തിലുള്ള തന്റെ വിശ്വാസത്തെ ബലപ്പെടുത്തി.

വിശ്വാസവും ശാസ്ത്രവും ബന്ധപ്പെട്ട് നിൽക്കുമോ എന്ന വിഷയത്തെ ആസ്പദമാക്കി ഹാർഡ്‌വാർഡ് യൂണിവേഴ്സിറ്റിയിൽ അദ്ദേഹം ഒരു പ്രഭാഷണപരമ്പര നടത്തി. ഒരു ജനിതകശാസ്ത്രജ്ഞൻ വിശ്വാസിയാകുമോ എന്ന ജനങ്ങളുടെ ചോദ്യത്തിന് അദ്ദേഹം മറുപടി പറഞ്ഞു. ആകും കാരണം ദൈവമാണ് ഏറ്റവും വലിയ ശാസ്ത്രജ്ഞൻ എന്ന് തന്റെ സൃഷ്ടിയായ പ്രപഞ്ചത്തിൽക്കൂടി വെളിപ്പെടുത്തിയിരിക്കുന്നു.

# 21

## പേർ വിളിക്കുന്നേരം...

വളരും തോറും യഹോവയ്ക്കും മനുഷ്യർക്കും പ്രീതിയുള്ളവനായി വളർന്ന ഒരു ബാലനായിരുന്നു ജെയിംസ് മിൽട്ടൻ ബ്ലാക്ക്. ബ്ലാക്ക് ജനിച്ചത് ന്യൂയോർക്കിലായിരുന്നു. അദ്ദേഹം വളർന്നപ്പോൾ സണ്ടേസ്കൂൾ അദ്ധ്യാപകനും പിന്നീട് യംഗ് പീപ്പിൾ സൊസൈറ്റിയുടെ പ്രസിഡന്റു മായി.

ഒരുദിവസം ബ്ലാക്ക് സുവിശേഷം അറിയിക്കുവാൻ പോയപ്പോൾ ഒരു പെൺകുട്ടി കുടിലിന്റെ മുമ്പിൽ ഇരിക്കുന്നത് കണ്ടു. ഒറ്റനോട്ടത്തിൽത്തന്നെ ഒരു ദരിദ്രയാണെന്ന് മനസ്സിലായി. കീറിപ്പറിഞ്ഞ വസ്ത്രമാണ് ധരിച്ചിരിക്കുന്നത്. ഷൈല എന്നായിരുന്നു അവളുടെ പേര്. ആ കുട്ടിയോട് ബ്ലാക്ക് കർത്താവിനെക്കുറിച്ചു പറഞ്ഞു. സണ്ടേസ്കൂളിലേക്ക് അവളെ ക്ഷണിച്ചു. എന്നാൽ അവൾ കരഞ്ഞുകൊണ്ട് പറഞ്ഞു. "എനിയ്ക്ക് അമ്മയില്ലാ, പപ്പ



ഒരു മുഴുകുടിയനാണ്. എനിക്ക് സണ്ടേസ്കൂളിൽ പോകാൻ ആഗ്രഹമുണ്ട്. എന്നാൽ ഒരു നല്ല ഡ്രസ്സ് പോലും എനിക്കില്ല. പിന്നെ ഞാനെങ്ങനെ സണ്ടേസ്കൂളിലേക്ക് വരും. ബ്ലാക്ക് അവൾക്ക് ആവശ്യമായ വസ്ത്രം വാങ്ങിക്കൊടുത്തു. അവൾക്ക് സന്തോഷമായി. അടുത്ത ആഴ്ച മുതൽ അവൾ സണ്ടേസ്കൂളിൽ വരുവാൻ തുടങ്ങി. മാസങ്ങൾ കടന്നുപോയി. ഒരിക്കൽ ഒരു മിഷണറി സണ്ടേസ്കൂളിൽ അതിഥിയായി വന്ന് ക്ലാസ്സെടുത്തു. "കർത്താവ് വരാറായി നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ?" എന്ന ചോദ്യം ഷൈല ക്രിസ്തുവിനെ അവളുടെ സ്വന്തം രക്ഷകനും കർത്താവുമായി സ്വീകരിക്കാൻ കാരണമായി. ബ്ലാക്ക് ഒരു ബിസിനസ്സുകാരനായതു കൊണ്ട് മറ്റ് രാജ്യങ്ങളിൽ പോകുമായിരുന്നു. ഒരിക്കൽ ബ്ലാക്ക് തിരിച്ചുവന്ന് സണ്ടേസ്കൂളിൽ പേര് വിളിച്ചപ്പോൾ ഷൈല വന്നിട്ടില്ലെന്ന് മനസ്സിലായി. അന്ന് ബ്ലാക്ക് ഷൈലയുടെ വീട്ടിൽ ചെന്നു. പിതാവ് പറഞ്ഞു "കഴിഞ്ഞ ആഴ്ച എന്റെ മോൾക്ക് പനി വന്നു ഡോക്ടറുടെ അടുത്ത് കൊണ്ടുപോകാൻ എനിക്ക് ഒത്തില്ല. അവൾ മരിച്ചുപോയി. ബ്ലാക്കിന് അത് സഹിക്കുവാൻ സാധിച്ചില്ല. അദ്ദേഹം ദുഃഖിതനായി തന്റെ ഭവനത്തിലേക്ക് പോയി ദൈവസന്നിധിയിൽ മുട്ടുമടക്കി പൊട്ടിക്കരഞ്ഞു. എങ്കിലും ഷൈല രക്ഷിക്കപ്പെട്ടതിനാൽ ദൈവസന്നിധിയിൽ കാണുമല്ലോ എന്ന പ്രത്യാശയാൽ അദ്ദേഹം ആശ്വസിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ ഹൃദയത്തിലേക്കു വന്ന വരികളാണ് നാം ഇന്ന് പാടി

സന്തോഷിക്കുന്നതുമായ 'കർത്തൃകാഹള യുഗാന്ത്യകാലത്തിൽ' എന്നാരംഭിക്കുന്ന പ്രത്യാശാഗാനം.

പേർ വിളിക്കും നേരം കാണും (3)
പേർ വിളിക്കും നേരം
കാണുമെൻ പേരും.



# 22

## കത്ത്

**അ**തിന് പത്രോസും യോഹന്നാനും, ദൈവത്തെക്കാൾ അധികം നിങ്ങളെ അനുസരിക്കുന്നത്, ദൈവത്തിന്റെ മുമ്പാകെ ന്യായമോ എന്നു വിധിപ്പിൻ. ഞങ്ങൾക്കോ ഞങ്ങൾ കണ്ടു കേട്ടുമിരിക്കുന്നതും പ്രസ്താവിക്കാതിരിപ്പാൻ കഴിയുന്നതല്ല എന്ന് ഉത്തരം പറഞ്ഞു. പ്രവൃത്തികൾ 4:19

ക്യൂൻ വിക്ടോറിയ ദൈവഭക്തിയുള്ള ഒരു സ്ത്രീരത്നം ആയിരുന്നു. ഒരിക്കൽ വിക്ടോറിയ പള്ളിയിൽവച്ച് ഒരു പ്രസംഗം കേട്ടു. അതിനുശേഷം ചില സംശയങ്ങൾ അവളുടെ മനസ്സിൽ അലയടിച്ചു. അവർ ചാപ്ലെയിനോട് ചോദിച്ചു. നമ്മുടെ നിത്യത എവിടെ ചിലവാക്കും എന്നത് നമ്മൾക്ക് നിശ്ചയമായി അറിയുവാൻ കഴിയുമോ? അച്ഛൻ പറഞ്ഞു.

"ആർക്കും ഒരിക്കലും സാധ്യമല്ല. നാം സ്വർഗ്ഗത്തിൽ

പോകും എന്ന് പറയുവാൻ സാധ്യമല്ല.” ഇത് അന്നത്തെ പത്രത്തിൽ വന്നു. ജോൺ ടൗൺസെന്റ് എന്ന സുവിശേഷ കൻ ഈ വാർത്ത കണ്ടു. ഇതിന് മറുപടി പറഞ്ഞാൽ ചില പ്പോൾ തല പോകും. എങ്കിലും അദ്ദേഹവും കൂട്ടുകാരും കൂടി പ്രാർത്ഥിച്ചു. അതിനുശേഷം ക്യൂൻ വിക്ടോറി യയ്ക്ക് ഒരു എഴുത്തയച്ചു. അദ്ദേഹം എഴുതി. “മഹാരാ ജ്ഞീ, തീർച്ചയായിട്ടും നാം നമ്മുടെ നിത്യത എവിടെ ചിലവഴിക്കാൻ കഴിയും എന്ന് നമ്മൾക്ക് തീരുമാനിക്കാം. വിശുദ്ധ വേദപുസ്തകത്തിലെ ഈ രണ്ട് വാക്യം അവി ടുന്ന് ഒന്ന് വായിക്കാമോ. ജോൺ 3:16, റോമ. 10:9-10. ഇതിൽ അതിനുള്ള ഉത്തരം ഉണ്ട്.” എഴുത്ത് അയച്ച് ഭയ ത്തോടും പ്രാർത്ഥനയോടും കൂടി ദിവസങ്ങൾ തള്ളി നീക്കി. രണ്ട് ആഴ്ചകൾ കഴിഞ്ഞപ്പോൾ ടൗൺസെന്റിന് ഒരു എഴുത്തു ക്യൂൻ വിക്ടോറിയയിൽ നിന്ന് കിട്ടി. അവർ എഴുതി. “താങ്കൾ അറിയിച്ച വാക്യം ഞാൻ വായിച്ചു. എനിക്ക് സത്യം മനസ്സിലായി. ഞാൻ യേശുവിനെ കർത്താവായി സ്വീകരിച്ചു. ഞാൻ ദൈവമകളായിത്തീ ർന്നു. ദൈവകൃപയാൽ നമ്മൾക്ക് ഇനി ഇവിടെ വച്ച് കണ്ടില്ലെങ്കിലും നിത്യതയിൽ കർത്താവ് നമ്മൾക്കായി ഒരുക്കുന്ന സ്ഥലത്ത് നമ്മൾക്ക് കാണാം.” അന്നുമുതൽ ക്യൂൻ വിക്ടോറിയ എവിടെപോയാലും അവരുടെ പേഴ്സിൽ, സുരക്ഷിതത്വം, നിശ്ചയം, ആനന്ദം എന്ന് പേരു ള്ളള ബുക്ക്ലെറ്റ് കാണും. അത് കാണുന്നവർക്ക് കൊടു ക്കും.



പ്രിയ കുഞ്ഞുങ്ങളേ,

നമ്മുടെ പേഴ്സിൽ എന്താണ് നാം കൊണ്ടുനടക്കു ന്നത്? മേക്കപ്പിനുള്ള ഐറ്റംസോ, എൻജോയ്മെന്റിനുള്ള ഐറ്റംസസോ? അതോ ട്രാക്റ്റ്സ്, ബുക്ലെറ്റ്, ബൈബിളോ? ക്യൂൻ വിക്ടോറിയയ്ക്ക് ട്രാക്റ്റ് കൊണ്ടു നടക്കുവാൻ സാധിച്ചെങ്കിൽ നമ്മൾക്കും സാധിക്കും.

# 23

## വിളിക്കുമ്പോൾ കേട്ട് ഉത്തരം തരുന്ന സ്നേഹവാനായ ദൈവം

നീ ഏറ്റവും പ്രിയനാകയാൽ നിന്റെ യാചനകളുടെ ആരംഭത്തിങ്കൽ തന്നെ കല്പന പുറപ്പെട്ടു. നിന്നോട് അറിയിപ്പാൻ ഞാൻ വന്നിരിക്കുന്നു. അതുകൊണ്ട് നീ കാര്യം ചിന്തിച്ചു ദർശനം ഗ്രഹിച്ചുകൊൾക. ദാനിയേൽ 9:23.

ദാനിയേൽ ദൈവത്തോട് യാചിച്ചപ്പോൾ തന്നെ ദൈവം ഉത്തരം കൊടുത്തു. ചിലപ്പോൾ ഒക്കെ നാം വിചാരിക്കും ഞാൻ പ്രാർത്ഥിച്ചിട്ട്, ഞാൻ ആഗ്രഹിക്കുന്നത് ഒന്നും എനിക്കു ലഭിക്കുന്നില്ല. എന്നാൽ ദൈവം വചനം പറയുന്ന നാം മടുത്തു പോകാതെ പ്രാർത്ഥിക്കേണം എന്നാണ്.

ദൈവമക്കളെ, കുഞ്ഞുങ്ങളെ സ്നേഹവാനായ, രക്തം കൊടുത്തു നമ്മെ രക്ഷിച്ചു, രക്ഷിതാവ് നമ്മുടെ പ്രാർത്ഥന കേട്ട് ഉത്തരം തരുന്നു. ചില പ്രാർത്ഥനയ്ക്ക്



ഉടനെ ഉത്തരം നൽകും. ചിലത് നാം ചോദിക്കുമ്പോൾ ദൈവം അതു തരുകയില്ല, കാരണം നമ്മൾക്ക് നല്ലത് ഏത് എന്ന് നമ്മൾക്ക് അറിയുകയില്ല. എന്നാൽ നമ്മൾക്കു വേണ്ടി നല്ലത് ഏത് എന്നറിഞ്ഞു അത് നമ്മൾക്ക് തരും. മറ്റു ചിലത് നമ്മൾക്ക് തരുവാൻ ദൈവം വൈകും. മിണ്ടാതെ ഇരുന്ന ദൈവം ആരെന്ന് അറിയുവാൻ, അവനിൽ വിശ്വസിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

ആഫ്രിക്കയിൽ കോൻഗോയിലുള്ള ഒരു അനാഥാലയം. കോൻഗോയിലെ ഹോസ്പിറ്റലിലെ ഡോക്ടർ ആണ് Dr. Helen Rosveeone. Helen England-ൽ നിന്ന് ഒരു മിഷണറി ഡോക്ടർ യായി കോൻഗോയിൽ വന്നു. അനാഥകുഞ്ഞുങ്ങളെ നോക്കുക, അവരുടെ ആവശ്യങ്ങൾ അറിഞ്ഞു സഹായിക്കുകയും ചെയ്യുന്ന ഒരു നല്ല ഡോക്ടർ. മാത്രമല്ല കുഞ്ഞുങ്ങളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുവാൻ വേണ്ടി അവരുടെ കൂടെയിരുന്നു പ്രാർത്ഥിക്കുമായിരുന്നു. അങ്ങനെയുള്ള പ്രാർത്ഥനാ ഗ്രൂപ്പിൽ പ്രാർത്ഥനയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങളും വിഷയങ്ങളും പറയുമായിരുന്നു.

ഡോ. ഹെലൻ പറഞ്ഞു ഇന്ന് ഹോസ്പിറ്റലിൽ ഒരു പ്രസവം നടന്നു. എത്ര ശ്രമിച്ചിട്ടും, അമ്മയെ രക്ഷിക്കാനായില്ല. മാസം തികയാത്ത ഒരു കുഞ്ഞ്, അവളെ ചൂട് പിടിക്കുവാൻ അമ്മയില്ല. ഒരു Hot Water Bag ഉണ്ടായിരുന്നു. എന്നാൽ ചെന്ന് നോക്കിയപ്പോൾ അത് പൊട്ടി ഇരി

ക്കുന്നു. ഇനി എന്തു ചെയ്യും. ഇവിടെ എങ്ങും Hot Water Bag കിട്ടാനില്ല. അത് കിട്ടിയില്ലെങ്കിൽ കുഞ്ഞ് മരിക്കും. നിശ്ചയം. കൂടാതെ കുഞ്ഞിന് ഒരു 2 വയസ്സായ മൂത്ത സഹോദരിയുണ്ട്. ആ കുട്ടി അമ്മയെ ചൊല്ലി എപ്പോഴും കരയുകയാണ്.

പ്രാർത്ഥന ആരംഭിച്ചു. ഓരോരുത്തരായി പ്രാർത്ഥിച്ചു. അടുത്തത് 10 വയസ്സുള്ള Ruth ആയിരുന്നു. അവൾ ഇങ്ങനെ പ്രാർത്ഥിച്ചു. കർത്താവ് ഞങ്ങൾക്ക് ഒരു Hot Water Bag ഇന്ന് തരണം. നാളെ കിട്ടിയത് കൊണ്ട് പ്രയോജനമില്ല, ഇന്നുതന്നെ വേണം. കൂടാതെ ആ കൊച്ചു കുട്ടിക്കുവേണ്ടി ഒരു പാവയെ (doll) കൂടി തരണം. ആമേൻ.

ഡോ. ഹെലൻ ആ പ്രാർത്ഥന കേട്ട് ഞെട്ടിപ്പോയി. അത്രയും വിശ്വാസം എനിക്കില്ല. ഇത് ആഫ്രിക്കയാണ് ഇന്നും ഇവ കിട്ടുക അസാദ്ധ്യമാണല്ലോ. ഇങ്ങനെ വിചാരിച്ചു ഹോസ്പിറ്റലിലേക്ക് പോയി.

കുറച്ചു കഴിഞ്ഞപ്പോൾ ഡോ. ഹെലന്റെ വീടിന്റെ മുമ്പിൽ ഒരു വണ്ടി നിൽക്കുന്നു. ഹോസ്പിറ്റലിൽ നിന്ന് ചെന്നപ്പോൾ വണ്ടി പോയി. എന്നാൽ വരാന്തയിൽ ഒരു വലിയ പാർസൽ കിടക്കുന്നു.

ലണ്ടനിലുള്ള ഡോ. ഹെലന്റെ സണ്ടേസ്കൂൾ കുട്ടികൾ അഞ്ചുമാസം മുമ്പ് അയച്ചതായിരുന്നു ആ പാർസൽ. വലിയ പാർസൽ ആയതുകൊണ്ട് അനാഥാലയത്തിലെ



കുട്ടികളെ കൂടി വിളിച്ചു പാർസൽ തുറന്നു. കുഷ്ഠരോഗികൾക്ക് ആവശ്യമുള്ള സാധനങ്ങൾ ഓരോരുത്തർ പുറത്തെടുത്തു. പെട്ടെന്ന് കൈയിൽ ഒരു റബ്ബർ തട്ടി പുറത്തെടുത്തപ്പോൾ ഒരു റബ്ബറിന്റെ Hot Water Bag.

Ruth മുമ്പോട്ട് വന്നിട്ട് പറഞ്ഞു. Hot Water Bag കിട്ടി ഇനി ആ കുഞ്ഞിനുവേണ്ടി ഒരു പാവയും കാണും. അവൾ പാർസലിൽ കൈ ഇട്ട് തപ്പാൻ തുടങ്ങി, അടിയിൽനിന്ന് അവൾ ഒരു പാവയെ പുറത്തെടുത്തു. Ruthന്റെ വിശ്വാസം ദൈവം മാനിച്ചു. വിശ്വാസത്തോടെ കൂടിയുള്ള പ്രാർത്ഥനയ്ക്ക് ഉടനെ ഉത്തരം കൊടുക്കുവാൻ ദൈവം അതിനായി അഞ്ചുമാസം മുമ്പ് ലണ്ടനിലുള്ള സണ്ടേസ്കൂൾ കുട്ടികളെ ഒരുക്കി. നമ്മുടെ ദൈവം എത്ര നല്ലവൻ, സ്നേഹവാൻ, നമ്മുടെ യാചനയുടെ ശബ്ദം കേട്ടു ഉത്തരം നൽകുന്നു. ആ ദൈവത്തെ നമ്മൾക്ക് സേവിക്കാം. അവന്റെ വലിയ നാമം മഹത്വപ്പെടുമാറാകട്ടെ.

# 24

## പ്രകാശ് തയ്യാറായിരുന്നു

**അ**ന്നു വൈകുന്നേരം പ്രകാശ് ഓടിക്കിതച്ച് വീട്ടിലേയ്ക്കു കയറി വന്നു. പന്തുകളിക്കാരനായ മകൻ വിജയവാർത്ത അറിയിക്കുവാനായിരിക്കുമെന്ന് മാതാപിതാക്കൾ വിചാരിച്ചു.

കിതച്ചുകൊണ്ട് മകൻ പറഞ്ഞു. ഞാൻ പോരുന്ന വഴിക്ക് എന്റെ മുമ്പിൽ ഒരു മരം വീണു. ഞാൻ മരിക്കേണ്ടതായിരുന്നു. എന്നാൽ ഞാൻ കഷ്ടിച്ചു രക്ഷപ്പെടുകയായിരുന്നു. അവൻ ചോദിച്ചു, മമ്മീ ദൈവം ഉണ്ടോ? ഉണ്ടെങ്കിൽ ദൈവം എന്നോട് എന്തോ പറയുവാൻ ആഗ്രഹിക്കുന്നു.

ഒരു ക്രിസ്ത്യാനിയായിട്ടും ഒരിക്കൽ പോലും പള്ളിയിൽ പോകാത്ത അവർ അതത്ര കാര്യമാക്കിയില്ല. അങ്ങനെയിരിക്കെ അപ്പന്റെ ധനികനായ കൂട്ടുകാരന്റെ കടയിൽ ജോലിക്ക് ആളെ ആവശ്യമുണ്ടെന്ന് അറിയു



കയും കോളേജിൽ അവധിയായതുകൊണ്ട് സ്വൽപം പോക്കറ്റ് മണി ഉണ്ടാക്കാമെന്നും വിചാരിച്ച് പ്രകാശ് അങ്ങോട്ടു പോയി. ജോലിയുടെ ഇടയിലുള്ള സമയത്ത് കർത്താവിനെക്കുറിച്ച് അറിയവാനും അവന്റെ ഹൃദയം കർത്താവിനായി കൊടുപ്പാനും പ്രകാശിന് സാധിച്ചു.

കോളേജ് അവധി തീരാറായിരുന്നപ്പോൾ അവൻ വീട്ടിലേയ്ക്കു തിരിച്ചു പോന്നു. പ്രകാശിന്റെ ജീവിതത്തിൽ ആകമാനം ഒരു വ്യത്യാസം കാണാമായിരുന്നു. ദിവസവും ബൈബിൾ വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നത് അപ്പനും അമ്മയും ശ്രദ്ധിച്ചു. ഞായറാഴ്ച കളിക്കു പോകുന്നതിനു പകരം യോഗത്തിനു പോയിത്തുടങ്ങി. അവൻ ഈ സന്തോഷവാർത്ത കാണുന്നവരോടെല്ലാം പറഞ്ഞു കൊണ്ടിരുന്നു. അപ്പനും അമ്മയും ഇതൊന്നും അത്ര കാര്യമാക്കിയില്ല.

പഠിക്കുന്നതിലും കളിക്കുന്നതിലും ഒരുപോലെ മിടുക്ക നായിരുന്നു പ്രകാശ്. ഒരുദിവസം കളിയും കഴിഞ്ഞ് കൂട്ടുകാരുമൊത്തു വീട്ടിലേയ്ക്കു വരികയായിരുന്നു. പതിവു പോലെ പ്രകാശിന്റെ വിഷയം ക്രിസ്തുവിനെക്കുറിച്ചായിരുന്നു. ചിലരൊക്കെ അവൻ പറഞ്ഞത് കാര്യമാക്കിയില്ല. എന്നാൽ ചിലർ ചിന്തിക്കുകയും അറിയാനുള്ള ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. അന്നൊരു കൂട്ടുകാരൻ കളിയാക്കി അവനോട്

ചോദിച്ചു. നിനക്ക് മരിക്കാൻ പേടിയില്ലേ? അവൻ വളരെ സന്തോഷത്തോടെ പറഞ്ഞു. ഇന്നു ഞാൻ മരിച്ചാൽ ക്രിസ്തുവിനോടുകൂടെ അങ്ങനെ നടന്നു കൊണ്ടിരിക്കുമ്പോൾ കാറ്റുകൊണ്ടു വീണ വൈദ്യുതി കമ്പി കിടക്കുന്നത് അവർ കണ്ടു. ഒരു കുട്ടി കളിച്ചുകൊണ്ട് അങ്ങോട്ടേയ്ക്ക് ഓടി. ഈ കാഴ്ച കണ്ട് എല്ലാവരും മരവിച്ച് പോയി. എന്നാൽ പ്രകാശ് ഓടിച്ചെന്ന് കുട്ടിയെ തട്ടിമാറ്റി. പ്രകാശിന്റെ കാല് തെറ്റി, അവൻ വൈദ്യുതി കമ്പിയിലേയ്ക്കു വീണു, മരിച്ചു കിടക്കുന്ന കൂട്ടുകാരന്റെ അടുത്തേയ്ക്ക് കൂട്ടുകാർ ചെന്നു. അവനെ സ്വൽപം മുമ്പ് കളിയാക്കിയ ഉണ്ണി പറഞ്ഞു. പ്രകാശ് റെഡിയായിരുന്നു നമ്മളോ?



# 25

## വേദപുസ്തകത്തിനുവേണ്ടി സകലവും ത്യജിച്ച മേരി ജോണസ്

16-ാം നൂറ്റാണ്ടിൽ വേദപുസ്തകം ഇന്നത്തെപ്പോലെ സുലഭമല്ലായിരുന്നു. വേദപുസ്തകമുള്ള ഭവനങ്ങൾ വളരെ ചുരുക്കം. ബൈബിളിന്റെ വിലയോ വളരെ കൂടുതലും.

1792-ൽ ഇംഗ്ലണ്ടിലെ വേലസ്സിൽ ആണ് മേരി ജോണസ് ജനിച്ചത്. കൃഷിക്കാരുടെ ഭവനമായിരുന്നതു കൊണ്ട് വളരെ നിർദ്ധരരായിരുന്നു. വേദപുസ്തകം വാങ്ങാനുള്ള പണം അവർക്കുണ്ടായിരുന്നില്ല. മേരിക്ക് എട്ടു വയസ്സായപ്പോൾ ദൈവവചനം വായിക്കുന്നതിനും പ്രസംഗം കേൾക്കുന്നതിനുമുള്ള അതിയായ ആഗ്രഹമവൾക്കുണ്ടായിരുന്നു.

ഒരുദിവസം ജോലികളെല്ലാം തീർത്ത് അവളും അവളുടെ മാതാവും കൂടി സഭാ ഹാളിൽ പ്രസംഗം കേൾക്കു

ന്നതിനായി പോയി. അന്നത്തെ പ്രസംഗവിഷയം കർത്താ വിന്റെ വരവായിരുന്നു. മേരി അവിടെ കേട്ട പ്രസംഗം ഒട്ടും വിടാതെ രോഗിയും അവശനുമായിക്കിടക്കുന്ന പിതാവി നോട് പറയുമായിരുന്നു. അന്ന് പ്രസംഗം കേട്ടു കഴിഞ്ഞു വന്നപ്പോൾ പിതാവിനോട് പറഞ്ഞു. "നമുക്കും ഒരു ബൈബിൾ കിട്ടിയിരുന്നെങ്കിൽ." അവൾക്ക് സ്വന്തമായി ബൈബിൾ വാങ്ങുക എന്നത് അസാദ്ധ്യമായ കാര്യമായി രുന്നു. ഗ്രാമത്തിൽ സ്കൂൾ ഉണ്ടായിരുന്നില്ല. അതിനാൽ വായിക്കാൻ അറിയുന്നവർ ചുരുക്കം. എന്നാൽ ഒരു ബൈബിൾ മേടിച്ച് പഠിക്കണം എന്ന് മേരി ആഗ്രഹിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

മിഷണറിയായ തോമസ്സിന് ഉറങ്ങുവാൻ സാധിക്കു ന്നില്ല. വേലസ്സിൽ ഒരു സ്കൂൾ തുടങ്ങി കുഞ്ഞുങ്ങളെ എഴുത്തും വായനയും പഠിപ്പിക്കണം. അധികം താമസി യാതെ അവിടെ സ്കൂൾ ആരംഭിച്ചു. ആദ്യത്തെ വിദ്യാർ ത്ഥിനി മേരിയായിരുന്നു. അവളുടെ സന്തോഷം അവർണ്ണ നീയമായിരുന്നു. രാവിലെ നാലു മണിക്ക് എഴുന്നേറ്റ് ജോലി തീർത്താൽ മാത്രമേ അവൾക്ക് സ്കൂളിൽ പോകുവാൻ കഴിയുമായിരുന്നുള്ളൂ. ദിവസവും അഞ്ചു മൈൽ നടന്ന് സ്കൂളിൽ പോയി എഴുതാനും വായി ക്കാനും പഠിച്ചു. അവളുടെ ഒരേയൊരു ആഗ്രഹം വേദ പുസ്തകം വായിക്കുവാൻ കിട്ടുന്ന അവസരം പാഴാക്കു മായിരുന്നില്ല. ഒരുദിവസം കോഴിമുട്ട വാങ്ങിക്കുവാൻ അവ



ളുടെ ഭവനത്തിലെത്തിയ യുവതി പറഞ്ഞു. എന്റെ വീട്ടിൽ ഒരു ബൈബിൾ ഉണ്ട്. അതു കേട്ടപ്പോൾ മേരിക്ക് വലിയ സന്തോഷമായി. എന്നാൽ 10 മൈൽ ദരെയായിരുന്നു ആ ഭവനം. എന്നാൽ ഈ ദൂരം അവൾക്ക് ഒരു പ്രശ്നമായിരു ന്നില്ല. വേദപുസ്ത കം വായിച്ചു പഠിക്കുവാനുള്ള ആഗ്ര ഹവുമായി കൊച്ചു മേരി ദിവസവും 20 മൈൽ യാത്ര ചെയ്യുവാൻ തുടങ്ങി. ഈ ദൂരം മുഴുവനും അവൾ ഓടു കയായിരുന്നു.

അവൾക്കു കിട്ടുന്ന പൈസ മുഴുവനും അവൾ വേദ പുസ്തകം വാങ്ങുന്നതിന് സമ്പാദിക്കുവാൻ തുടങ്ങി. അവളെ പഠിപ്പിച്ചുകൊണ്ടിരുന്ന സാറിന് ഒരു വേദപു സ്തകം ഉണ്ട് എന്ന് മേരി അറിഞ്ഞു. അദ്ദേഹം പറഞ്ഞു: "എനിക്ക് ഈ വേദപുസ്തകം കിട്ടിയത് രണ്ടുവർഷം മുഴു വനും അദ്ധ്വാനിച്ച പൈസകൊണ്ടാണ്. മേരി പറഞ്ഞു. "ഞാൻ ആറു വർഷമായി വേദപുസ്തകത്തിനായി ആഗ്ര ഹിക്കുകയും പണം സമ്പാദിക്കുകയും ചെയ്യുകയാണ്." അവളുടെ വലിയ ആഗ്രഹം മിഷണറിയോട് പറഞ്ഞു. 25 മൈൽ അകലെ ബാല എന്ന സ്ഥലത്ത് ബൈബിളിന്റെ ആ കോപ്പിയുണ്ട് എന്നു പറഞ്ഞു. ഒരുദിവസം മേരി എഴു ന്നേറ്റ് ബാലയിലെ ചാൾസ് എന്ന മിഷണറിയുടെ വീട്ടി ലെത്തി. "ഞാൻ 25 മൈൽ ദൂരത്തുനിന്നു വരികയാണ്. എന്റെ കയ്യിൽ പണമുണ്ട്. എനിക്കൊരു വേദപുസ്തകം വേണം." അവൾ മിഷണറിയോട് ചോദിച്ചു. അദ്ദേഹ

ത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു. കൈയിലുള്ള രണ്ടു വേദപുസ്തകങ്ങൾ കൊടുക്കുവാനായി വാഗ്ദാനം ചെയ്തിരിക്കു കയാണ്. ഇതുകേട്ട് മേരി പൊട്ടിക്കരഞ്ഞു. അവളുടെ ദുഃഖം കണ്ട് മിഷണറിക്ക് അവളോട് അനുകമ്പ തോന്നി. അദ്ദേഹം അവൾക്ക് ഒരു വേദപുസ്തകം കൊടുത്തു. മേരി സന്തോഷം കൊണ്ട് തുള്ളിച്ചാടി.

ചാൾസ് ലണ്ടനിലെത്തി. മേരിയുടെ കഥ പറഞ്ഞു. അതു കേട്ട് അനേകരുടെ ഹൃദയം ദുഃഖം കൊണ്ട് നിറഞ്ഞു. ലണ്ടനിലുള്ള ഒരു കൂട്ടമാളുകൾ തീരുമാനമെടുത്തു. എങ്ങനെയെങ്കിലും ദൈവവചനത്തിനായി ദാഹിക്കുന്നവർക്ക് ബൈബിൾ എത്തിച്ചു കൊടുക്കണം. അങ്ങനെ 1804-ൽ ബൈബിൾ സൊസൈറ്റി രൂപമെടുത്തു. എല്ലാവർക്കും ബൈബിൾ എത്തിച്ചുകൊടുക്കുക എന്നതാണ് ലക്ഷ്യം.

പ്രിയ കുഞ്ഞുങ്ങളെ വേദപുസ്തകം വായിക്കുന്നതിനും ഒരെണ്ണം ലഭിക്കുന്നതിനും എത്രമാത്രം മേരി കഷ്ടപ്പെട്ടു. ദൈവവചനത്തിനു ജീവിതത്തിൽ നാം എത്രത്തോളം സ്ഥാനം കൊടുക്കുന്നുണ്ട്. ഇന്ന് എത്ര സുലഭമായി ദൈവ വചനം നമുക്ക് ലഭിക്കുന്നു. അതിനായി ദൈവത്തെ സ്തുതിക്കാം.

ബൈബിൾ സൊസൈറ്റി രൂപപ്പെടുത്തതിനു പിന്നിൽ മേരി എന്ന ഒരു കൊച്ചു പെൺകുട്ടിയാണ്. അവളടെ ദൃഢ നിശ്ചത്തിന്റെയും ത്യാഗത്തിന്റെയും കഥ.



# 26

## ഭാവന - ഒരു ഇരുമ്പുപുളി

മനോഹരമായ ഒരു തോട്ടം. അതിൽ വിവിധതരം മരങ്ങൾ നട്ടു. തോട്ടത്തിന്റെ മൂലയിൽ എന്നെയും നട്ടു. വെള്ളവും വളവും ധാരാളം ഉണ്ട്. താമസിയാതെ ആ തോട്ടം ഫലങ്ങൾ കൊണ്ട് നിറഞ്ഞു. ആര് കണ്ടാലും കൊതിക്കും.

ഒരുദിവസം തോട്ടത്തിന്റെ യജമാനൻ തോട്ടത്തിൽ വന്നു. എത്ര മനോഹരം! ഫലം നിറഞ്ഞു നിൽക്കുന്ന മരങ്ങളെ കണ്ടിട്ട് യജമാനൻ പറഞ്ഞു.

യജമാനൻ ഒരു ആപ്പിൾ പറിച്ചു തിന്നു, നല്ല മധുരം! യജമാനന്റെ കൂട്ടുകാരും സഹോദരന്മാരും വിവിധതരം ഫലങ്ങൾ ആസ്വദിച്ചു.

ഞാൻ നിൽക്കുന്ന മൂലയിൽ ആരും എത്തിയില്ല. എന്നിലുമുണ്ട് ഫലങ്ങൾ, പക്ഷേ, എന്തിനു എന്നെ കൊള്ളാം, കണ്ടില്ലേ മറ്റു വൃക്ഷങ്ങളുടെ ഫലങ്ങൾ. നല്ല

ഭംഗി! അതുപോലെ മധുരവും! എന്റെ മുഖം ദുഃഖം കൊണ്ടു നിറഞ്ഞു.

ഞാൻ ഫലം കായിച്ചു കൊണ്ടിരുന്നു. ദിവസങ്ങൾ കഴിഞ്ഞു പോയി. യജമാനൻ വീണ്ടും വന്നു എന്നെ കണ്ടു. യജമാനന്റെ കണ്ണിൽ സന്തോഷം നിറഞ്ഞു.

ഒരു ദാസനെ വിളിച്ചു യജമാനൻ പറഞ്ഞു: ഈ ഇരുമ്പം പുളി കുറച്ചു കൊണ്ടുപോയി നല്ല മീൻകറി ഉണ്ടാക്കണം. എന്റെ ഹൃദയം സന്തോഷം കൊണ്ട് നിറഞ്ഞു. എന്റെ ജീവിതം സഫലമായി. കർത്താവ് തന്നിട്ടുള്ള താലന്തുകളിൽ നാം വിശ്വസ്തരായിരിക്കാം. ഉള്ളതിൽ വിശ്വസ്തരായിരുന്നാൽ യജമാനൻ അധികം തരും. നമ്മിലുള്ളത് എത്ര ചെറുതായാലും അത് ദൈവകരങ്ങളിൽ ഏല്പിച്ചാൽ ദൈവം അത് എടുത്തു ഉപയോഗിക്കും.



# 27

## പ്രഥമ ബ്രിട്ടീഷ് രക്തസാക്ഷി

ആൽബൻ ആയിരുന്നു ഒന്നാമത്തെ ബ്രിട്ടീഷ് രക്തസാക്ഷി. അന്യദൈവത്തെ സേവിച്ച് ജീവിതം നയിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു ഇദ്ദേഹം. മാക്സിമിസിന്റെ കാലത്ത് വിശ്വാസപീഢ അനുഭവിക്കേണ്ടിവന്ന ആംഫിബാല് എന്ന ഒരു വിശ്വാസിക്ക ആൽബൻ അഭയം നൽകി. എന്നാൽ ആ മനുഷ്യന്റെ പ്രാർത്ഥനയും ജീവിതവും ആൽബനെ അതിയായി ആകർഷിച്ചു. താമസിയാതെ ആൽബൻ സത്യദൈവത്തെ അറിയുകയും ഒരു ക്രിസ്ത്യാനിയായി തീരുകയും ചെയ്തു.

ആംഫിബാലസിനെ അന്വേഷിച്ച് പടയാളികൾ ഒടുവിൽ ആൽബന്റെ വീട്ടിലെത്തി. എന്നാൽ വിശ്വാസിയായ ആൽബൻ ആംഫിബാലസിന്റെ വസ്ത്രം ധരിച്ച് അദ്ദേഹത്തിന് പകരം രക്തസാക്ഷിയാകുവാൻ തയ്യാറായി. പക്ഷേ ജഡ്ജിക്ക് ആൽബനെ മനസ്സിലായി. ആൽബൻ അഭ

യാർത്ഥിയെ ഒളിപ്പിച്ച് തങ്ങളെ കബളിപ്പിച്ചു എന്ന് അറിഞ്ഞ അദ്ദേഹം കുപിതനായി.

ആൽബനോട് അന്യദൈവത്തെ ആരാദിക്കുവാനും ബലി കഴിക്കുവാനും ആവശ്യപ്പെട്ടു. എന്നാൽ ആൽബൻ, താൻ ഒരു ക്രിസ്ത്യാനിയാണെന്നും അന്യദൈവങ്ങളെ നമസ്കരിക്കുകയില്ല എന്നും ധൈര്യസമേതം പറഞ്ഞു. തുടർന്ന് ജഡ്ജി അവനോട് അവന്റെ പേര് പറയുവാൻ പറഞ്ഞു. അതിനുത്തരമായി "എന്നെ എന്റെ അപ്പൻ ആൽബൻ എന്ന്പേരിട്ടു. ഞാൻ ബിംബത്തെ ആരാധിച്ചിരുന്നു. എന്നാൽ ഇന്നു ഞാൻ സത്യദൈവത്തെ ആരാധിക്കുന്നു. ഈ കാണുന്ന ബിംബത്തെ ആരാധിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഇല്ല. കാരണം അവയ്ക്ക് കണ്ണുണ്ടെങ്കിലും കാണുന്നില്ല. ചെവിയുണ്ടെങ്കിലും കേൾക്കുന്നില്ല. കാരണം അവയ്ക്ക് ജീവൻ ഇല്ല." എന്നു പറഞ്ഞു.

രോഷാകുലനായ ജഡ്ജി ആൽബനെ ക്രൂരമായി അടിക്കുവാൻ ആജ്ഞാപിച്ചു. ശരീരമാസകലനം അടിച്ചു പൊട്ടിച്ചതിനുശേഷം ആൽബനെ ശിരച്ഛേദം ചെയ്തു.



# 28

## മനോഹരമായ രണ്ട് ചിറകുകൾ

**ഒ**രിക്കൽ ഒരു ദേശത്ത് ഭക്തയായ മാതാവും തന്റെ മകൻ സജനും താമസിച്ചിരുന്നു. അവരുടെ അടുത്ത വീട്ടിൽ മുതുകിൽ വലിയ ഒരു മുഴയുമായി സുഖമില്ലാത്ത രാജു താമസിക്കുന്നുണ്ടായിരുന്നു. രാജുവിന് ആരുമില്ലെന്ന് മനസ്സിലാക്കിയ സജന്റെ മാതാവ് അവനെ വീട്ടിലേക്ക് വിളിച്ചു കൊണ്ടുവന്നു സജനോടു പറഞ്ഞു: "മകനേ നീ രാജുവിനെ സ്നേഹിക്കണം. അവനെ കളിയാക്കരുത്. സങ്കീർത്തനം 41:1ൽ പറയുന്നത് എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ. അനർത്ഥ ദിവസത്തിൽ യഹോവ അവനെ വിടുവിക്കും" എന്നാണ്. അതുകൊണ്ട് നിങ്ങൾ സ്നേഹത്തോടെ ഒന്നിച്ചു ജീവിക്കണം.

ഒരുദിവസം അമ്മ അവർ അറിയാതെ അവരെ ശ്രദ്ധിച്ചു കൊണ്ടിരുന്നു. സജൻ പറഞ്ഞു നിന്റെ മുതുകത്ത് എന്താണെന്നറിയാമോ? ഇതുകേട്ട രാജു തല താഴ്ത്തി ലജ്ജിച്ചു മുഖം കുനിച്ചു നിന്നു. ഇത് കണ്ട്

അമ്മയ്ക്ക് മകനോട് കോപം തോന്നി. എന്നാൽ സജൻ വീണ്ടും പറയുകയാണ് "കർത്താവ് വരും അന്ന് നിന്റെ മുതുകത്തുള്ള ഈ മുഴ പൊട്ടിത്തുറന്ന് നിനക്ക് മനോഹരമായ രണ്ട് ചിറകുകൾ ലഭിക്കും. അന്നു നീ പറക്കും. ഞാനും കാണും നിന്റെ കൂടെ പറക്കാൻ. പക്ഷെ നീ ഒരു കാര്യം ചെയ്യണം. മാനസാന്തരപ്പെട്ട് പാപങ്ങൾ ഏറ്റുപറഞ്ഞ് കർത്താവിനെ രക്ഷകനായ് സ്വീകരിക്കണം." ഇതു കേട്ട രാജുവിന്റെ കണ്ണുകൾ നിറഞ്ഞു. അവൻ അവിടെ മുട്ടുകുത്തി കർത്താവിനെ രക്ഷകനായ് സ്വീകരിച്ചു. അങ്ങനെ രാജുവും ഒരു ദൈവമകനായി. സജനും രാജുവും കൂടി അമ്മയുടെ അടുത്തെത്തി പറഞ്ഞു. "അമ്മേ കർത്താവു വരുമ്പോൾ ഞങ്ങൾ പറന്ന് കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. അമ്മയും ഉണ്ടാകുമല്ലോ ഞങ്ങളുടെ കൂടെ അല്ലേ." ആ മാതാവിന്റെ കണ്ണുകൾ സന്തോഷത്താൽ നിറഞ്ഞു തുളുമ്പി. അവർ ദൈവത്തെ സ്തുതിച്ചു.

പ്രിയ കുഞ്ഞുങ്ങളെ, അവധിക്കാലം കഴിയാറായി. സ്കൂളിൽ പോകേണ്ട ദിനങ്ങൾ അടുത്തു. സങ്കീ. 139:2ൽ പറഞ്ഞിരിക്കുന്നു. നാം ഇരിക്കുന്നതും, എഴുന്നേൽക്കുന്നതും നമ്മുടെ നിരൂപണങ്ങളും കർത്താവ് അറിയുന്നു. അതു കൊണ്ട് ഈ വാക്യം ഓർത്തുകൊണ്ട് നല്ല മക്കളായി ജീവിക്കണം.



# 29

## കഴുകനെപ്പോലെ ചിറകടിച്ചു കയറാൻ

ശില്പങ്ങൾ ഉണ്ടാക്കുന്നതിൽ അതിസമർത്ഥനായിരുന്നു രഘു. അദ്ദേഹത്തിന്റെ 10 ശിഷ്യന്മാർ ഉണ്ടായിരുന്നു. അവർ ഒന്നിനൊന്നു മെച്ചമായ നിലയിൽ ശില്പങ്ങൾ നിർമ്മിക്കുന്നവരായിരുന്നു. ഒരിക്കൽ ശിഷ്യന്മാരോട് ഗുരുദക്ഷിണയായി ഓരോ ദേവീദേവന്മാരുടെ വിഗ്രഹങ്ങൾ നിർമ്മിച്ചു നൽകുവാൻ ഗുരു ആവശ്യപ്പെട്ടു. ഒരാഴ്ച കഴിഞ്ഞ് ശിഷ്യന്മാർ സമ്മാനിച്ച വിഗ്രഹങ്ങൾ കാണാൻ രഘു എത്തി. എല്ലാവരുടെയും മനോഹരമായ വിഗ്രഹങ്ങൾ കണ്ട് അറിയാതെ അതിനുമുമ്പാകെ നമിച്ചുപോയി. എന്നാൽ സിബിൻ എന്ന തന്റെ ശിഷ്യന്റെ അടുക്കൽ വന്നപ്പോൾ ദേവന്റെ വിഗ്രഹത്തിനു പകരം ഒരു കഴുകന്റെ രൂപമാണ് അവൻ നൽകിയത്. ഗുരോ ഞാൻ യേശുക്രിസ്തുവിന്റെ മകനാണ്. എനിക്ക് ദേവന്റെയോ ദേവിയുടെയോ വിഗ്രഹങ്ങൾ നിർമ്മിക്കുവാൻ താല്പര്യമില്ല. അതിനാലാണ് ഞാൻ ഈ കഴുകന്റെ വിഗ്രഹം നിർമ്മിച്ചത്.

എന്നാൽ ഗുരു കോപിച്ചു. എന്നെ അനുസരിക്കാത്തവൻ എന്റെ ശിഷ്യനായിരിക്കേണ്ട ആവശ്യമില്ല. നിനക്ക് പോകാം. ഞാൻ പൊയ്ക്കൊള്ളാം എങ്കിലും അവിടുന്ന് ഇത് സ്വീകരിക്കണം. കഴുകന്റെ രൂപം നിർമ്മിച്ചതിലെ തെറ്റുകൾ കണ്ടുപിടിച്ച് സിബിനെ ആക്ഷേപിക്കുവാൻ ഗുരു ശില്പത്തെ സൂക്ഷിച്ചുനോക്കി. എന്നാൽ ഗുരു അത്ഭുതപ്പെട്ടു. മറ്റു ശിഷ്യന്മാരുണ്ടാക്കിയ രൂപങ്ങളേക്കാൾ ഒരു തനിമ കഴുകന്റെ രൂപത്തിൽ കാണപ്പെട്ടു. പെട്ടെന്നാണ് അദ്ദേഹത്തിന്റെ ശ്രദ്ധയിൽ അത് പെട്ടത്. കഴുകന്റെ ചിറക് നിർമ്മിച്ചിരിക്കുന്നത് ഒരു പ്രത്യേക നിലയിലാണ്. കുരുവിയുടെയോ പ്രാവിന്റെയോ ചിറകിനേക്കാൾ തികച്ചും വ്യത്യസ്തമായ നിലയിൽ.

അദ്ദേഹത്തിന് സന്തോഷമായി. സിബിൻ കഴുകന്റെ ചിറക് ഈ നിലയിൽ നിർമ്മിക്കാനുള്ള അറിവ് നിനക്ക് എവിടുന്ന് കിട്ടി. അത് ബൈബിളിൽ നിന്നാണ് യെശയ്യാവ് 40:31ൽ പറയുന്നു. "യഹോവയേ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ച് കയറും തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും."

ദൈവം കഴുകന്റെ ചിറക് നിർമ്മിച്ചിരിക്കുന്നത് പ്രത്യേക രീതിയിലാണ്. കഴുകന് എത്ര ഉയരത്തിലേക്കും ചിറകടിച്ച് പറക്കുവാനും ആകാശത്ത് തെന്നി സഞ്ചരിക്കുവാനും കഴിയും. വായുവിലൂടെ തെന്നി നീങ്ങുന്നതുകൊണ്ട് ക്ഷീണം സംഭവിക്കുന്നില്ല.



ഗുരോ ഇതുപോലെ തന്നെയാണ് ഒരു ദൈവപൈതലിന്റെ ജീവിതവും. പല പ്രശ്നങ്ങൾ മൂലം തളർച്ചയുണ്ടാകുമ്പോഴും ക്ഷീണിച്ചു പോകുമ്പോഴും രോഗങ്ങൾ ഉണ്ടാകുമ്പോഴും ഒരു ദൈവമകൻ കർത്താവിനെ കാത്തിരിക്കുന്നതുകൊണ്ട് തളർന്നു പോകാറില്ല. കഴുകനെപ്പോലെ ചിറകടിച്ചു കയറും അതിനുള്ള കരുത്ത് യേശു കർത്താവു തരും.

ഗുരുവിന് ഒരു കാര്യം മനസ്സിലായി സിബിന്റെ ജീവിതത്തിലെ നല്ല സാക്ഷ്യത്തിനും അവന്റെ അറിവിനും കഴിവുകൾക്കും കാരണം യഹോവാ ഭക്തിയാണ്. ഗുരു പറഞ്ഞു സിബിനേ നീ വിശ്വസിക്കുന്ന കർത്താവിനെ എനിക്കും വേണം. ഇനി കർത്താവിനെ അനുസരിച്ച് ഞാനും നിന്നോടൊപ്പം ജീവിക്കും.

പ്രിയ കൂട്ടുകാരെ, നാം പറയുന്ന സുവിശേഷം കൂട്ടുകാർ വിശ്വസിക്കണമെങ്കിൽ നമ്മുടെ ജീവിതവും സാക്ഷ്യമുള്ളതായിരിക്കണം.

# 30

## സുന്ദരിയായ തിയോഡറസും ദിദിമോസും

**അ**ന്തോഖ്യയിൽ ജനിച്ച തിയോഡർ ഒരു സുന്ദരിയും സുശീലയുമായിരുന്നു. അന്യദൈവങ്ങളെ സേവിച്ചുപോന്നിരുന്ന അവൾക്ക് ക്രിസ്ത്യാനികളുടെ സാക്ഷ്യവും അവർ സന്തോഷത്തോടെ അനുഭവിച്ചിരുന്ന പീഢനങ്ങളേയും കാണുവാൻ ഇടയായി. അവരിൽനിന്ന് ക്രിസ്തുവിനെക്കുറിച്ച് വ്യക്തമായറിഞ്ഞ അവളും ഒരു ക്രിസ്തുഭക്തയായിത്തീർന്നു.

ഈ വാർത്തയറിഞ്ഞ ചക്രവർത്തി അവളോട് റോമൻ ദേവന്മാരെ ആരാധിക്കുവാൻ കല്പിച്ചു. എന്നാൽ അവളുടെ വിശ്വാസം കൈവിടുകയില്ലെന്നറിഞ്ഞ ചക്രവർത്തി അവളെ കാരാഗൃഹത്തിലടക്കുവാൻ കല്പന പുറപ്പെടുവിച്ചു. വിവരമറിഞ്ഞ അവളുടെ പ്രതിശ്രുതവരനായ ദിദിമോസ് എന്ന പടിയാളി കാരാഗൃഹത്തിൽ അവളുടെ അടുത്തുചെന്നു. അവളെ ദിദിമോസിന്റെ വസ്ത്രം ധരിപ്പിച്ചു പുറത്തിറക്കി. എന്നാൽ സത്യാവസ്ഥ ചക്രവർത്തിയുടെ കാതുകളിൽ എത്തി. കോപാകുലനായ അദ്ദേഹം ദിദിമോസിനെ കൊല്ലുവാൻ കല്പിച്ചു. എന്നാൽ ദിദിമോസിനെ കൊല്ലുവാൻ വേണ്ടി കൊലക്കളത്തിലേക്ക് കൊണ്ടുപോകുമ്പോൾ തിയോഡറസ് ചക്രവർത്തിയോട് താൻ തെറ്റുകാരിയാണെന്നും ദിദിമോസിനെ വിടണമെന്നും കേണപേക്ഷിച്ചു. ആ സമയത്ത്, വിശ്വാസം തള്ളിപ്പറഞ്ഞാൽ രണ്ടുപേരേയും വെറുതെ വിടാമെന്ന് ചക്രവർത്തി കല്പിച്ചു. എന്നാൽ രണ്ടുപേരും അതിനു തയ്യാറായില്ല. തൽഫലമായി രണ്ടുപേരുടെയും തല വെട്ടാൻ ചക്രവർത്തി കല്പിച്ചു. അങ്ങനെ അവർ ഒന്നിച്ച് തങ്ങൾക്കായി ഒരുക്കിയ നിത്യഭവനത്തിലേക്ക് പ്രവേശിച്ചു.

# 31

# ഭാവന വിതയ്ക്കുന്നതു തന്നെ കൊയ്യും!

നല്ല പനി എങ്കിലും ഒരുവിധത്തിൽ എഴുന്നേറ്റു നല്ല ഭക്ഷണം ഉണ്ടാക്കി കട്ടിലിൽ വന്നിരുന്നു. ഓ... ഞാൻ ദൈവവചനമെന്ന പാൽ കുടിച്ചില്ലല്ലോ. ഉടനെ വചനമെന്ന പാൽ കുടിച്ചു ആശ്വസിച്ചു. ഇനി എന്റെ ആവശ്യം എന്റെ അപ്പച്ചനോട് പറയണം. കണ്ണടച്ചു.

എന്റെ മുമ്പിൽ ഒരു ന്യായാധിപൻ നിൽക്കുന്ന കൈയിൽ ഒരു ത്രാസ്. മറ്റേ കൈയിൽ ഒരു ടൈം മെഷീൻ. ഞാൻ അദ്ദേഹത്തിന്റെ മുമ്പിൽ നിൽക്കുന്നത് ഒരു ടീൻ ഏയ്ജർ ആയിട്ടാണല്ലോ. പാവാടയും ബ്ലൗസ്സും ഇട്ടിരിക്കുന്നു. അദ്ദേഹം എന്നോട് ചോദിച്ചു. മോള് സണ്ടേ സ്കൂൾ മത്സരത്തിൽ നന്നായി പാടി. ഒന്നാം സ്ഥാനം കിട്ടുമെന്ന് വിചാരിച്ചു. പക്ഷെ കിട്ടിയില്ല അല്ലേ. അമ്മയോട് എന്താ അന്ന് പറഞ്ഞത് എന്ന് ഓർമ്മയുണ്ടോ? ഇനി ഒരിക്കലും ഒരു മത്സരത്തിനും കൂടുകയില്ല. കൂടിയാലും



നന്നായി ചെയ്യുകയില്ല. എന്തായാലും എനിക്ക് ഫസ്റ്റ് കിട്ടുകയില്ലല്ലോ.

ന്യായാധിപൻ വീണ്ടും ചോദിച്ചു. ആ വർഷം ടെൻത്തിൽ ഫിസിക്സ് എങ്ങനെ ചെയ്തു. തോൽക്കുമെന്ന് വിചാരിച്ചല്ലേ. എന്നിട്ടും ജയിച്ചല്ലോ. പേപ്പർ നോക്കിയ സാറിനെ ഒരു സഹതാപം 1 മാർക്ക് കൂടി ഗ്രേസ് മാർക്ക് കിട്ടി.

അമ്മ പറഞ്ഞു തന്നത് മോൾക്ക് ഓർമ്മയുണ്ടോ? ദൈവത്തിന് അസാദ്ധ്യമായ ഒന്നും ഇല്ല എന്ന്.

നിനക്ക് തിരിഞ്ഞു നോക്കിയിട്ട് സണ്ടേസ്കൂൾ ഫസറ്റോ ടെൻത്തിൽ വിജയമോ ഏത് വേണമായിരുന്നു.

അദ്ദേഹം തന്റെ കൈയിലിരുന്ന ടൈം മെഷീൻ ഒന്നു കൂടെ തിരിച്ചു.

ഞാൻ 4 പേരുടെ കൂടെയായിരിക്കുന്നു. എന്തിനു വേണ്ടിയായിരുന്നോ ഓ... ഓർമ്മ വന്നു. കുറച്ചു വർഷങ്ങൾക്കു മുമ്പ് എക്സാമിനറായി ഇരുന്നതാണ്. കുട്ടികൾ എല്ലാം ഒരുപോലെ നന്നായി ചെയ്തു.

ന്യായാധിപൻ ചോദിച്ചു അന്ന് നീ മാർക്ക് ഇട്ടത് എങ്ങനെയായിരുന്നു എന്ന് ഓർമ്മയുണ്ടോ? എന്റെ കൊച്ചമ്മയുടെ മകൾ ഉണ്ടായിരുന്ന 1 മാർക്ക് കൂടുതലിട്ടു പോയി. തെറ്റായിരുന്നു ചെയ്തത്.

ആ വർഷം നിന്റെ മകൻ എം.ബി.ബി.എസ്.ന്

പരീക്ഷയെഴുതി. ജയിക്കുമെന്ന് വിചാരിച്ചു. പക്ഷെ തോറ്റുപോയി അതും വെറും 1 മാർക്കിന്. അന്ന് ദേഷ്യ ത്തിലിരിക്കുന്ന സാറിന്റെ കൈയിലാണ് മോന്റെ പേപ്പർ കിട്ടിയത്.

അല്ലയോ ന്യായാധിപാ. അങ്ങ് പറഞ്ഞതിന്റെ അർത്ഥം നാം ചെയ്യുന്ന എല്ലാ പ്രവൃത്തിക്കും തക്കഫലം നമുക്ക് തന്നെ വിവിധരീതിയിൽ ലഭിക്കുമെന്നാണോ?

മകളേ നീ ഗലാ. 6:7 ഒന്നു വായിച്ചു നോക്കുക. ദൈവത്തെ പരിഹസിച്ചു കൂടാ. മനുഷ്യൻ വിതയ്ക്കുന്നതു തന്നെ കൊയ്യും. ഞാൻ വിയർത്തു കുളിച്ചു. ഓ... എത്ര ഭയങ്കരം. അദ്ദേഹം പിന്നെയും പറഞ്ഞു കാറ്റിനെ വിത ച്ചാൽ പെരുങ്കാറ്റ് കൊയ്യും. ഞാൻ തളർന്നു – അപ്പോൾ മമ്മീ മമ്മീ ഒരു വിളി കേട്ടു ഞാൻ ഞെട്ടിയുണർന്നു. ഞാൻ ഉറങ്ങുകയായിരുന്നു. ഞാൻ കണ്ടത് ഒരു സ്വപ്നമായിരു ന്നു. ഞാൻ അന്ന് ഒരു തീരുമാനമെടുത്തു എന്തു ചെയ്താലും ഇനി കർത്താവിന്റെ ഹിതമനുസരിച്ചു ചെയ്യും.



# 32

## റോസാ പൂക്കൾ

ഒരു മനോഹരമായ പൂന്തോട്ടം. ആ തോട്ടത്തിൽ വിവിധ ങ്ങളായ ചെടികൾ. ചെടികളിൽ വിവിധങ്ങളായ പൂക്കൾ. ഒരു ചെടിയിലെ 2 മൊട്ടുകൾ കാണാൻ നല്ല മനോഹരം. ആരുടേയും ശ്രദ്ധ ആകർഷിക്കും. മൊട്ടുകൾ വിടർന്നു. മനോഹരമായ 2 റോസാ പൂക്കൾ. ചിലരെല്ലാം മണത്തു നോക്കി. "ഹായ് നല്ല മണം" സൗമ്യതയും സന്തോഷവും നിറഞ്ഞ ഭാവത്തോടെ ആ പൂക്കൾ തല യാട്ടി. അനേകരുടെ ഹൃദയത്തെ പൂക്കൾ സന്തോഷിപ്പി ച്ചുകൊണ്ടിരുന്നു.

കുഞ്ഞുങ്ങളേ, നിങ്ങളുടെ തോട്ടത്തിൽ പൂക്കൾ ഉണ്ടോ? എല്ലാം നല്ല പൂക്കളാണോ? അതോ ദുർഗന്ധം വമിക്കുന്നവയോ, മുള്ളുപോലെ കുത്തുന്നവയാണോ? മറ്റു ള്ളവരെ ഉപദ്രവിക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്ന പൂക്കൾ ഉണ്ട്. എന്നാൽ ഈ റോസാപ്പൂക്കൾ അങ്ങനെയ ല്ലായിരുന്നു. ഹൃദയത്തെ ആനന്ദിപ്പിക്കത്തക്കതായിരുന്നു.

സന്തോഷകരമായി കുറച്ചു ദിവസങ്ങൾ കഴിഞ്ഞു. ഒരു ഞായറാഴ്ച ദിവസം മഴയ്ക്കുമുമ്പ് ശക്തിയായ കാറ്റ് വീശി. ആ പൂക്കൾ ആടിയുലഞ്ഞു. ഞെട്ടറ്റ് അവ കാറ്റിൽ പറന്നു ഒരു കുളത്തിൽ ചെന്നു വീണു.

പക്ഷേ, പെട്ടെന്നതാ, കുളത്തിൽ നിന്ന് ഒരു കൈ ഉയർന്നു വന്നു. റോസാ പൂക്കൾ ആ കൈകളിൽ ഭദ്രമായിരുന്നു. ആ കൈകളിൽ കിടന്ന് അവ ആർത്തു പാടി. സന്തോഷത്തിൽ മതിമറന്ന് നൃത്തം വച്ചു. ആ കൈകൾ അവയുടെ സ്രഷ്ടാവും രക്ഷകനുമായ യേശുക്രിസ്തുവിന്റേതായിരുന്നു. ആ കൈകളിൽ അവർ സുരക്ഷിതർ. ഈ റോസാ പൂക്കൾ രണ്ടു പെൺകുട്ടികളുടെ പ്രതീകങ്ങളാണ്.

ആഷ്‌ലിയും ജോഷ്‌ലിയും വാളകം എന്ന ദേശത്തെ വർഗ്ഗീസ്-കുഞ്ഞമ്മ ദമ്പതികളുടെ മക്കൾ. പൂമ്പാറ്റകളെപ്പോലെ തുള്ളിച്ചാടി വളർന്നു. നല്ല കുഞ്ഞുങ്ങൾ. വീട്ടിലും സ്കൂളിലും മിടുക്കികൾ. പഠിക്കാനും കളിക്കാനും മിടുക്കികൾ. സണ്ടേസ്കൂളിലും വി.ബി.എസ്.ലുമൊക്കെ സമ്മാനം മേടിക്കുന്നവർ. അവർ മറ്റുള്ളവരുടെ കണ്ണിലുണ്ണിയായി വളർന്നു.

ഒരുദിവസം സണ്ടേസ്കൂളിൽ അദ്ധ്യാപകൻ ദൈവാത്മനിയന്ത്രിതമായി രക്ഷയെക്കുറിച്ച് ക്ലാസ്സെടുക്കാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു: “നാം എല്ലാവരും പാപം ചെയ്തു. ദൈവതേജസ്സില്ലാത്തവരായിത്തീർന്നു



(റോമർ 3:23) അതു കൊണ്ട് പാപത്തിന് ശിക്ഷ ഉണ്ട്. പാപത്തിന്റെ ശമ്പളം മരണം അഥവാ നരകമാണ് (റോമർ 6:23) നാം എല്ലാവരും ആ ശിക്ഷയ്ക്ക് അർഹരാണ്.” ഇത് കേട്ടപ്പോൾ ആഷ്‌ലിയുടെയും ജോഷ്‌ലിയുടെയും ഹൃദയത്തിൽ അത് മുള്ളുപോലെ തറച്ചുകയറി. അദ്ധ്യാപകൻ തുടർന്നു. യേശുവിനെ കൈക്കൊണ്ട് കർത്താവിന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ ദൈവം അധികാരം കൊടുത്തു. (യോഹന്നാൻ 1:12) ക്രിസ്തുവിനെ വിശ്വസിക്കുന്നവർക്ക് നിത്യജീവനുണ്ട്. (യോഹ. 3:36) രണ്ടുപേരും ഒന്നിച്ചു പറഞ്ഞു. ഞങ്ങൾക്കും ദൈവമക്കളാകണം. നരകശിക്ഷയിൽ നിന്നും രക്ഷപ്പെടണം. അന്ന് അവർ മാനസാന്തരപ്പെട്ടു. കർത്താവിനെ ഹൃദയത്തിൽ വിശ്വസിച്ചു സ്വീകരിച്ചു. അത് അവർ വായ് കൊണ്ട് ഏറ്റു പറഞ്ഞു. രക്ഷിക്കപ്പെട്ടു. ദൈവമക്കളായി മരണഭയം അവരെ വിട്ടുമാറി.

വർഷങ്ങൾ കടന്നുപോയി ഇപ്പോൾ ആഷ്‌ലിക്ക് 12 വയസ്സും ജോഷ്‌ലിക്ക് 10 വയസ്സുമായി. അന്നൊരിക്കൽ സണ്ടേസ്കൂൾ കഴിഞ്ഞ് അവർ വീട്ടിലെത്തി. അല്പസമയം അവർ കളിക്കാൻ പറമ്പിൽ പോയി കളിക്കുന്നതിനിടയിൽ ഒരാളുടെ കാൽവഴുതി കിണറ്റിലേയ്ക്ക് വീണു. അവൾ രക്ഷപ്പെടാനായി സഹോദരിയുടെ കൈയിൽ പിടിച്ചു. എന്നാൽ രക്ഷിക്കാനുള്ള ശ്രമത്തിൽ രണ്ടുപേരും കിണറ്റിൽ വീണു. വളരെ വൈകിയാണ് കിണറ്റിൽ നിന്നും അവരെ എടുത്തത്. ഹോസ്പിറ്റലിൽ എത്തിച്ചെങ്കിലും

ജീവന്റെ തുടിപ്പ് അല്പം പോലും ശേഷിച്ചിരുന്നില്ല. എന്നാൽ അപ്പോഴേയ്ക്കും അവർ തങ്ങളെ സ്നേഹിച്ചു തങ്ങൾക്കുവേണ്ടി ജീവൻ വെടിഞ്ഞ കർത്താവിന്റെ സന്നിധിയിൽ എത്തിയിരുന്നു.



# 33

## വിലയേറിയ നിക്ഷേപം

കാലം കടന്നുപോയി. ഒരുദിവസം അപ്രതീക്ഷിതമായി ആ അമ്മയ്ക്ക് ഒരു എഴുത്ത് കിട്ടി. സന്തോഷത്തോടെ അവർ ആ എഴുത്ത് പൊട്ടിച്ചു നോക്കി. അത് ഒരു അഭ്യർത്ഥന ആയിരുന്നു. മഹാരാഷ്ട്രയിൽ ഒരു ഹോൾ പണി നടക്കുന്നു എന്ന സുവിശേഷകൻ ആനന്ദിന്റെ എഴുത്തായിരുന്നു. പതിനായിരം രൂപയുടെ ആവശ്യമുണ്ട്. എനിക്ക് ഈ എഴുത്ത് എങ്ങനെ വന്നു. ആ അമ്മ അല്പനേരം ചിന്തിച്ചു. ഞാൻ മരിക്കാറായി എന്റെ മക്കൾ വരുമോ എന്ന് അറിയില്ല. അവർക്ക് വേണ്ടി സമ്പാദിച്ച പതിനായിരം രൂപ ബാങ്കിൽ ഉണ്ട്. അമ്മ ആ സമ്പാദ്യം മുഴുവനും ആ സുവിശേഷകന്റെ പേരിൽ അയച്ചു. ഹോൾ പണിക്കുവേണ്ടി വേറൊരു സംഭാവനയും കിട്ടിയില്ല എങ്കിലും പണി പൂർത്തിയായി.

ഒരുദിവസം ആ ഹാളിലേക്ക് രണ്ട് യുവാക്കൾ കയറി വന്നു. അവർ ദൈവത്തിന്റെ വചനം അന്ന് സ്പഷ്ടമായി

കേട്ടു. അവിടെ വച്ച് അവർ തങ്ങളുടെ ഹൃദയം കർത്താവിന് കൊടുത്തു. തങ്ങളെ വളർത്തിയ അമ്മയെക്കുറിച്ച് ഓർത്തു. അവർ തിരിച്ച് അവരുടെ അടുക്കൽ എത്തി തങ്ങളുടെ അമ്മയെ കണ്ട്. സന്തോഷം കൊണ്ട് ആ കുട്ടികളുടെ കണ്ണുകൾ നിറഞ്ഞു. എന്റെ മക്കളെ നിങ്ങൾ വന്നു അവർ പറഞ്ഞു. ഞങ്ങൾ വന്നു മാത്രമല്ല ഞങ്ങൾ രക്ഷിക്കപ്പെടുകയും ചെയ്തു. അവർ തങ്ങൾ രക്ഷിക്കപ്പെട്ട സാഹചര്യം അമ്മയോട് പറഞ്ഞു. മഹാരാഷ്ട്രയിൽ സുവിശേഷകൻ ആനന്ദ് മുഖാന്തരമാണ് കർത്താവിനെ അറിയാൻ സാധ്യമായത്. ആ അമ്മയുടെ സന്തോഷത്തിന് അതിരില്ലായിരുന്നു. ആ അമ്മയുടെ സമ്പാദ്യം അത് ബുദ്ധിപൂർവ്വവും സ്ഥാപിച്ചതിനാൽ നിലനില്ക്കുന്ന ഫലവുമുണ്ടായി.

കുഞ്ഞുങ്ങളെ... അമ്മമാരെ... നിങ്ങളുടെ സമ്പാദ്യം എങ്ങനെയുള്ളത്? പുഴവും തുരുമ്പും കൊടുക്കുകയും കള്ളന്മാർ മോഷ്ടിക്കുകയും ചെയ്യുന്ന ഈ ഭൂമിയിലോ. അതോ പുഴവും തുരുമ്പും കൊടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിലോ? (മത്തായി 6:19)



# 34

## അന്ത്യകാലം

**ജോ**ണിക്കുട്ടി കണ്ണ് തിരുമ്മി എണീറ്റു. വല്ലാതെ വിശക്കുന്നു. സമയം എത്രയായി. ഓ... പതിനൊന്നു മണി. മമ്മി എന്തുകൊണ്ട് എന്നെ വിളിച്ചില്ലാ...

തലേദിവം ഉണ്ടായ സംസാരത്തെക്കുറിച്ച് ഓർത്തു എന്നെ രാവിലെ പ്രാർത്ഥനയ്ക്ക് ശല്യം ചെയ്യരുത്. I have nothing to do witth religion, leave me alone.

മമ്മീ... നീട്ടി വിളിച്ചു. ഡാഡിയുടെ മുറിയിലേക്ക് ഓടിക്കയറി. ഡാഡിയും ഇല്ല ചേച്ചി... No one is there. ഇന്ന് ബൈബിൾ ക്ലാസ്സ് വല്ലതും ഉണ്ടായിരിക്കും. വെളിയിൽ പോകുമ്പോൾ എഴുക്കിവെയ്ക്കാറുള കുറിപ്പ് നോക്കാൻ ചെന്നു.

പെട്ടെന്ന് അവന്റെ ശ്രദ്ധ ഡോറിലേക്ക് പതിഞ്ഞു. കതകു കളെല്ലാം അകത്തുനിന്ന് പൂട്ടിയിരിക്കുന്നു. ഇതെങ്ങനെ സംഭവിച്ചു. മുറികൾ തോറും നടന്നു വിളിക്കുവാൻ തുടങ്ങി. എന്നെ തനിച്ചാക്കി അവർ എവിടെപ്പോയി.

എന്നെയും കൂടി കൊണ്ടുപോകാത്തത് എന്താണ് ഞാനിനി എന്തു ചെയ്യും? എനിക്ക് ആരുമില്ലല്ലോ.

പെട്ടെന്ന് ഇന്നലെ രാത്രി ഡാഡി പറഞ്ഞ വാക്യം തന്റെ ഓർമ്മയിൽ വന്നു. കർത്താവ് താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗത്തിൽ നിന്ന് ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ  മുമ്പെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശ മേഘങ്ങളിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. (1 തെസ്സ. 4: 16-17).

അവർ രൂപാന്തരപ്പെട്ടിരിക്കുന്നു. അവൻ പെട്ടെന്ന് ചിന്തിച്ചു. ഇനി ഏഴുവർഷത്തെ പീഢനകാലം. കഷ്ടതയും, ദാരിദ്ര്യവും, പട്ടിണിയും സഹിച്ച് സഹിച്ച് മൂന്നര വർഷം കടന്നു പോയി.

വെളിയിൽ ഒരു വിളംബരം. 666 എന്ന നമ്പർ ഏൽക്കാത്തവർക്ക് വാങ്ങുവാനും വിൽക്കുവാനും സാധിക്കയില്ല. അവന്റെ ഹൃദയം കലങ്ങി.

എന്ത് വന്നാലും ആ സാത്താന്റെ നമ്പർ ഞാൻ ഏൽക്കുകയില്ല. ഒരിക്കലും ഇല്ല അവൻ തീരുമാനിച്ചു. എനിക്കെന്റെ ഡാഡിയേയും അനിയനെയും മമ്മിയെയും ചേച്ചിയെയും എല്ലാവരെയും കാണണം. എന്നെ സ്നേഹിച്ച്, എനിക്കു വേണ്ടി ജീവൻ തന്ന എന്റെ യേശുവിന്റെ പാദപീഢത്തിൽ മുത്തണം.



സാത്താന്റെ ഒറ്റുകാർ അവനെ പിടിച്ചു. അവയവങ്ങൾ ഒന്നൊന്നായി മുറിച്ചു മാറ്റി. അവൻ ഉറച്ചുനിന്നു എന്ത് വന്നാലും ഈ നമ്പർ ഏൽക്കയില്ല. ദൈവത്തെ സ്തുതിച്ചുകൊണ്ട് അവൻ അക്കരെ നാട്ടിൽ ചേർന്നു.

# 35

## രക്തസാക്ഷിയായ സിറിൽ

**എ.**ഡി. 60-ൽ വലേറിയൻ റോമിൽ ഭരണം നടത്തിയ സമയം ക്രിസ്തീയ സഭയ്ക്ക് അതിദാരുണമായ പീഡകൾ അനുഭവിക്കേണ്ടി വന്നു. 8-ാമത്തെ പീഡയുടെ കാലഘട്ടം.

ദൈവമക്കൾ പീഡ അനുഭവിക്കുന്ന സന്ദർഭത്തിലും തങ്ങളുടെ രക്ഷകനെക്കുറിച്ച് മറ്റുള്ളവരോട് പറയുന്നതിൽ ധൈര്യം കാണിച്ചിരുന്നു. കുട്ടികൾ പോലും കൂട്ടുകാരോട് തങ്ങളെ രക്ഷിച്ച യേശു അപ്പച്ചനെക്കുറിച്ച് പറയും.

കൈസര്യ പട്ടണത്തിൽ 6 വയസ്സുള്ള കൂറിലോസ് (സിറിൽ) രക്ഷിക്കപ്പെട്ടു. ആ കുട്ടി യേശു യേശു എന്റെ രക്ഷിതാവ് എന്നു എപ്പോഴും പറയുമായിരുന്നു. മറ്റുള്ളവർ അറിഞ്ഞാൽ കുടുംബം മുഴുവൻ നശിക്കപ്പെടും എന്നറിഞ്ഞ പിതാവ് അവനെ ശകാരിക്കുകയും അടിക്കുകയും ചെയ്തു. ഒരു ഫലവുമില്ല എന്നുകണ്ട് അവനെ പൂട്ടിയി



ട്ടു. ശത്രുക്കൾ അറിഞ്ഞാൽ ആ കുടുംബത്തെ മുഴുവൻ ചുട്ടു കളയും എന്നു ഭയന്ന പിതാവ് അവനെ ന്യായാധിപന്റെ മുന്നിൽ കൊണ്ടുവന്നു.

ന്യായാധിപൻ - മകനെ നീ ഈ വിഗ്രഹത്തിന്റെ മുമ്പിൽ കുമ്പിടുക.

സിറിൽ - ഞാൻ ജീവനുള്ള യേശുക്രിസ്തുവിന്റെ മകനാണ്. വിഗ്രഹത്തെ കുമ്പിടുകയില്ല.

ന്യായാധിപൻ (സ്നേഹത്തോടെ) - മോനെ, നിനക്ക് ഞാൻ നല്ല സ്വീറ്റ്സ്, ഉടുപ്പും, നല്ല വീട്, കളിപ്പാട്ടങ്ങളും ഒക്കെ തരാം. നീ യേശുക്രിസ്തുവിനെ ഒരു പ്രാവശ്യം തള്ളിപ്പറഞ്ഞാൽ മതി.

സിറിൽ - എനിക്ക് വീട്, ധനം, മാനം ഒന്നും വേണ്ട. എന്റെ യേശുവിനെ മതി.

ന്യായാധിപൻ - യേശുവിന തള്ളിപ്പറഞ്ഞില്ലെങ്കിൽ നിന്നെ ചുട്ടുകളയും അല്ലെങ്കിൽ സിംഹത്തിന്റെ കുഴിയിൽ ഇടും.

സിറിൽ - ഞാൻ മരിക്കുമ്പോൾ യേശു എന്നെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകും. എനിക്ക് അതുമാത്രം മതി.

ന്യായാധിപൻ - നിന്നെ തനിച്ച് ബന്ധിച്ച് തീയിലിടും.

സിറിൽ - എന്റെ കൂടെ യേശു കാണും. ഞാൻ

തീയിൽ കൂടെ സ്വർഗത്തിലെത്തും. നിങ്ങൾക്ക് ചെയ്യുവാനുള്ളത് വേഗം ചെയ്യുക.

ന്യായാധിപൻ - അവനെ തീയിലിടൂ.

ഈ കല്പന കേട്ട ചുറ്റും നിന്നവർ പൊട്ടിക്കരഞ്ഞു. അവരോട് സിറിൽ നിങ്ങൾ എന്തിനു കരയുന്നു. ഞാൻ വേദനയില്ലാത്ത മനോഹരമായ വീട്ടിലേക്ക് എന്റെ യേശു അപ്പച്ചന്റെ അടുക്കലേക്ക് പോകുകയാണ്. നിങ്ങൾ രക്ഷിക്കപ്പെട്ടാൽ അവിടെ എത്തും.

അധികം താമസിക്കാതെ സിറിലിനെ തീ പൊതിഞ്ഞു. തീയിൽ കൂടി സിറിൽ അവനെ സ്നേഹിച്ച യേശുവിന്റെ അടുക്കലെത്തി.



# 36

## ഭാവന ടീച്ചറേ, എന്റെ മകൻ എവിടെ?

2006 ഡിസംബർ 6.

വൈകുന്നേരം 4 മണിക്ക് വൽസ്സ വിളിച്ചു പറഞ്ഞു. പിന്റു മോൻ ആക്സിഡന്റിൽ മരിച്ചു. കൂടെ എക്സ്കർഷന് പോയവർ 12 പേരും മരിച്ചു. ശവസംസ്കാരം അവന്റെ വല്യപ്പച്ചന്റെ വീട്ടിൽ വച്ച്.

എന്റെ കൈകാലുകൾ തളർന്നുപോയി. ഡെഡ്ബോഡി പോലും കാണാൻ എനിക്ക് സാധിക്കുകയില്ലല്ലോ!

എന്റെ ചിന്ത ഫെബ്രുവരി മാസത്തിലേക്ക് പോയി. ഫെബ്രുവരി 12 ഞായറാഴ്ച യോഗം കഴിഞ്ഞ് മിസ്സസ്സ് പിൻസി ടാർഡിൽ എന്നോട് പറഞ്ഞു. കുഞ്ഞുങ്ങളെ സണ്ടേസ്കൂൾ പഠിപ്പിക്കുന്നതിന് ഒരു മെതേഡ് ഉണ്ട്. പണ്ടത്തെപ്പോലെ ആർക്കും പഠിപ്പിക്കാൻ ഒക്കത്തില്ല അതിന് ട്രെയിനിംഗ് ഒക്കെ വേണം. കുഞ്ഞുങ്ങളുടെ

മൈൻഡിനെ കൂൾ ആക്കുന്ന കഥകൾ ഒക്കെ പറഞ്ഞ് കൊടുക്കണം. അല്ലാതെ കൊച്ചു കുഞ്ഞുങ്ങൾക്ക് നരകത്തെക്കുറിച്ചോ, കർത്താവ് ഏറ്റ അടി, തുപ്പൽ, ചാട്ടവാർ ഇതൊക്കെ പറഞ്ഞ് അവരുടെ ഹൃദയത്തിൽ ഭ്രമം ഉണ്ടാക്കരുത്. ഇക്കഴിഞ്ഞ ആഴ്ച പിന്റോ മോൻ ഉറങ്ങിയില്ല. ഞാൻ വളരെ പ്രയാസപ്പെട്ടാണ് നരകത്തെക്കുറിച്ച് ഭയം മാറ്റിയത്. ഞങ്ങൾ സിൽവർ സ്റ്റോമിൽ ഒക്കെ പോയി. “Now he is very happy, don’t disturb him.”

ഉല്ലാസങ്ങളിലും, പണം സമ്പാദനത്തിലും മുഴുകി കഴിയുന്ന ഒരു കുടുംബമാണ് പിൻസിയുടേത്. എന്നാൽ പിന്റു മോൻ അവനൊരു പവഴിക്കട്ട.

മാസങ്ങൾ പലതും കഴിഞ്ഞു. ഞാൻ സണ്ടേസ്കൂൾ എടുത്തുകൊണ്ടിരുന്നു.

ജൂൺ 7. എന്റെ സണ്ടേ ക്ലാസ്സിൽ പിന്റു മാത്രം. മറ്റ് എല്ലാവരും ആബ്സെന്റ്. അവൻ പറഞ്ഞു: ആന്റി എനിക്ക് നരകത്തിൽ പോകണ്ടാ എനിക്ക് പിശാചിന്റെ മകനായി ജീവിക്കേണ്ട, എനിക്ക് ദൈവമകനാകണം. മമ്മി പറയുന്നതു എനിക്ക് 9 വയസ്സല്ലേ ഉള്ളൂ. പ്രായമായിട്ട് മതി. ആന്റി എനിക്ക് രക്ഷിക്കപ്പെടണം ഞാൻ എന്തു ചെയ്യണം.

പെട്ടെന്ന് ആ വാക്യം ഓർമ്മയിൽ വന്നു അപ്പോ. പ്രവൃ.4:16 ദൈവത്തേക്കാൾ അധികം നിങ്ങളെ അനുസരിക്കുന്നത് ദൈവത്തിന്റെ മുമ്പാകെ ന്യായമോ? പിന്റെ



രക്ഷിക്കപ്പെട്ടു. ദൈവമകനായി. അടുത്തുള്ള ദിവസങ്ങളിൽ അവന്റെ മുഖത്തുള്ള ഭീതി മാറി സന്തോഷവാനായി കാണപ്പെട്ടു. വാർത്ത കേട്ട് കരഞ്ഞു കൊണ്ടിരുന്ന എന്റെ ഹൃദയത്തിലേക്ക് ആശംസകൾ പകർന്നു. ഇനി ഒരു ദിവസം എനിക്ക് പിന്റു മോനെ കാണാമല്ലോ.

മിസ്സസ്സ് പിൻസ് കുടുംബവും നാട്ടിലേക്ക് തിരിച്ചു വന്നു. തകർന്ന അവസ്ഥയിലാണ് അവൾ എന്ന് കേട്ടു. കിടക്കയിൽനിന്ന് എഴുന്നേൽക്കുന്നത് പോലും ഇല്ല. അടുത്തുള്ളവർ എത്ര ആശ്വസിപ്പിച്ചിട്ടും ആശ്വാസം കിട്ടുന്നില്ല. തകർന്ന ഒരു അവസ്ഥ. പലരും അവളെ കാണാനായി ചെന്നു. എന്നെക്കണ്ടപ്പോൾ അവൾ എഴുന്നേറ്റ്, കെട്ടിപ്പിടിച്ച് കരഞ്ഞുകൊണ്ടു ചോദിച്ചു. ആന്റി എന്റെ പിന്റു മോൻ എവിടെ.

ജൂൺ 7-ലെ സംഭവം ഞാൻ പിൻസിയോട് പറഞ്ഞു. ഇന്ന് പിന്റുമോൻ സ്വർഗ്ഗത്തിൽ കർത്താവിനോട് കൂടെ!

പിൻസി എഴുന്നേറ്റ് മുഖം കഴുകി.

എനിക്ക് ദുഃഖിക്കേണ്ട കാര്യമില്ല. അവൾ പറഞ്ഞു. ഇനിയുള്ള കാലം ഞാൻ കർത്താവിനായി ജീവിക്കും. എന്റെ ഈ ലോകവാസം കഴിഞ്ഞ് ഞാൻ ഒരുനാൾ എന്നെ രക്ഷിച്ച കർത്താവിനെയും എന്റെ പിന്റുമോനെയും കാണും.

# 37

## ഡോക്ടറെ, നമ്മുടെ ജീവിതം വെച്ചു മാറാം

കഴിഞ്ഞ വർഷത്തിന്റെ ആരംഭത്തിൽ നാം എടുത്ത തീരുമാനങ്ങളെ വിലയിരുത്തുവാനും, പുതിയ തീരുമാനങ്ങൾ എടുക്കുവാനും ഉപയോഗിക്കുന്ന മാസങ്ങളാണല്ലോ ഡിസംബറും ജനുവരിയും. അമേരിക്കയിലെ ഒരു ഡോക്ടർ തന്റെ ജീവിതത്തിലെടുത്ത തീരുമാനത്തെക്കുറിച്ചു നമ്മൾക്കു നോക്കാം.

അമേരിക്കയിലെ ചെറിയ ഒരു പട്ടണത്തിൽ പ്രസിദ്ധനും സ്നേഹശാലിയുമായ ഒരു ഡോക്ടർ ജീവിച്ചിരുന്നു. രോഗികളെ ചികിത്സിക്കുന്നതിനായി തന്റെ സമയത്തിന്റെ ഏറിയ പങ്കും ചെലവഴിച്ചിരുന്നു.

ഈ പട്ടണത്തിൽ വേറെ ആശുപത്രികളോ, ഡോക്ടേഴ്സോ ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഈ ഡോക്ടർക്ക് വിശ്രമിക്കുവാൻ പോലും സമയം കിട്ടിയിരുന്നില്ല. വീട്ടിൽ നല്ല ഒരു ഭർത്താവും, കുഞ്ഞുങ്ങൾക്ക് ഒരു നല്ല പിതാവുമായിരുന്നു.



ഒരുദിവസം പതിവിന് വിപരീതമായി രാത്രിയിൽ ഭക്ഷണ സമയത്ത് ഡോക്ടറുടെ മുഖം ചിന്താധീനമായിരുന്നു. എന്തോ കുഴപ്പമുണ്ടെന്ന് ഭാര്യ മനസ്സിലാക്കി. എന്താണ് പ്രശ്നം. തന്നോടുകൂടി പറയുവാനായി ഭാര്യ ആവശ്യപ്പെട്ടു. അൽപസമയം മൗനമായിരുന്നതിനുശേഷം ഡോക്ടർ പറഞ്ഞു: "എന്റെ ആശുപത്രിയിലുള്ള ഒരു കുട്ടിയെക്കുറിച്ച് എനിക്ക് ചിന്തിക്കാതിരിക്കാൻ കഴിയുകയില്ല. ചുറുചുറുക്കുള്ള മിടുക്കനായ 11 വയസ്സുള്ള ഡേവിസ്. അവന്റെ രോഗം മാരകമായ ക്യാൻസറാണ്. എനിക്കവനെ രക്ഷിക്കുവാൻ കഴിയുമായിരുന്നുവെങ്കിൽ ഞാനവനുവേണ്ടി എന്തു വേണമെങ്കിലും ചെയ്യുമായിരുന്നു. ആ പുഷ്പം ഇനിയും നിലത്തുവീഴാൻ അധികം താമസമില്ല. ഞാൻ എല്ലാ ദിവസത്തേയും പോലെ ഇന്നു രാവിലെയും അവന്റെ മുറിയിൽ ചെന്നു. അവൻ വളരെ സന്തോഷവാനായിട്ടാണ് കാണപ്പെട്ടത്. എന്നോടു ചിരിച്ചുകൊണ്ടു ചോദിച്ചു, "ഡോക്ടറേ നമുക്കു നമ്മുടെ ജീവിതം ഒന്നു വെച്ചു മാറാം." അതുകേട്ട ഞാൻ ഞെട്ടിപ്പോയി. ഞാൻ ഇങ്ങനെ വിചാരിച്ചു, ക്യാൻസർ കൊണ്ടു മരിക്കാൻ പോകുന്ന 11 വയസ്സുകാരൻ പ്രശസ്തിയുള്ള ഡോക്ടറായ ഞാൻ. ഉടനെ പറഞ്ഞു. "ഇല്ല" ഒരിക്കലുമില്ല. കുട്ടിയുടെ മുഖത്തു നോക്കിയപ്പോൾ എനിക്കു ലജ്ജയുണ്ടായി. ലജ്ജ മറയ്ക്കുന്നതിനുവേണ്ടി ഞാൻ ചോദിച്ചു നിനക്കു

എത്ര വയസ്സായി. ഡേവിസ് പറഞ്ഞു. 11 വയസ്സ്. മകനെ എനിക്ക് 66 വയസ്സുണ്ട്. പിന്നെ നമുക്കെങ്ങനെ വച്ചു മാറാ നാകും. ഡേവിസ് ചിരിച്ചുകൊണ്ട് പറഞ്ഞു: 'ഡോക്ടർ അങ്ങു പരിഭവിക്കുകയൊന്നും വേണ്ട. ഞാൻ ഈ അസു ഖത്തിൽനിന്നും രക്ഷപ്പെടുകയില്ല എന്നെനിക്കറിയാം. ഒരു കാരണവശാലും ജീവിതം വെച്ചു മാറുവാൻ ഞാൻ ആഗ്രഹി ക്കുന്നില്ല. എനിക്കതു കേട്ടിട്ടു വിശ്വസിക്കുവാൻ സാധിച്ചില്ല. ഞാൻ ചോദിച്ചു എന്തുകൊണ്ടാണു മകനേ ഡേവിസ് പറഞ്ഞു: 'എനിക്കു 11 വയസ്സുണ്ട്. 11 പേരെ കർത്താവിങ്കലേയ്ക്കു നടത്തുവാൻ കഴിഞ്ഞു. ഓരോ വയ സ്സിലും ഓരോ ആൾ വീതം അതുകൊണ്ട് എനിക്കെന്റെ ജീവിതം വെച്ചു മാറുവാൻ ആഗ്രഹമില്ല.'

ഞാൻ ഡേവിസിന്റെ കട്ടിലിനരികിലിരുന്നു. മകനേ നിന്നെക്കുറിച്ചു മുഴുവനറിയുവാൻ എനിക്ക് ആഗ്രഹമു ണ്ട്. ഡേവിസ് പറഞ്ഞു: "ഞാൻ ഒരു അക്രൈസ്തവ കുടുംബത്തിലാണ് ജനിച്ചത്. ഒരുദിവസം റേഡിയോയി യൽ കൂടി കർത്താവിനെക്കുറിച്ച് കേൾക്കുവാനിടയായി. സർവ്വലോകത്തിന്റെയും പാപത്തിന്റെ ഭാരം ചുമക്കുന്ന കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചു കേട്ടു. ഞാൻ എന്റെ ഹൃദയം കർത്താവിനു കൊടുത്തു. ഞാൻ ദൈവ ത്തിന്റെ മകനായി. എന്റെ സന്തോഷത്തിന്റെ കാരണം എന്റെ മാതാപിതാക്കളേയും, ചേട്ടനേയും ചേച്ചിയേയും കർത്താവിങ്കലേയ്ക്കു നടത്തി. എന്റെ കൂട്ടുകാരിൽ നാലു പേർ കർത്താവിൽ വിശ്വസിച്ചു. എന്റെ അടുത്ത വീട്ടിലെ



അങ്കിളിനോടും ആന്റിയോടും പറഞ്ഞപ്പോൾ 'ഒരു കുഞ്ഞിനെ തരാത്ത ദൈവത്തെ ഞങ്ങൾക്കു വേണ്ട' എന്നു പറഞ്ഞു. എനിക്കു ക്യാൻസർ രോഗമാണെന്നറി ഞ്ഞിട്ടും വീണ്ടും അവരോടു കർത്താവിനെക്കുറിച്ച് പറ ഞ്ഞു. അവരും ദൈവത്തിന്റെ മക്കളായി. ഞാൻ ഇവിടെ വന്നതിനുശേഷം ഇങ്ങനെ പ്രാർത്ഥിച്ചു. "കർത്താവേ എനിക്കു പതിനൊന്നു വയസ്സായി. ഒരാളേയും കൂടെ കർത്താവിങ്കലേയ്ക്കു നടത്തുവാൻ എന്നെ സഹായിക്കേ ണമേ. എന്നെ ശുശ്രൂഷിച്ചു കൊണ്ടിരുന്ന നേഴ്സിനോടും പറഞ്ഞു. ഇന്നലെ അവരും കർത്താവിന്റെ മകളായി. അങ്ങനെ പതിനൊന്നു പേരെ കർത്താവിങ്കലേയ്ക്കു നേടി. എനിക്കെന്റെ ജീവിതം ഡോക്ടറുമായിട്ടു വെച്ചു മാറു വാൻ ഇഷ്ടമില്ല. ഇതുകേട്ടിട്ട് ഞാൻ ഡേവിസിനോട് പറഞ്ഞു: 'മകനേ എനിക്കും ഇതുപോലെ പറയുവാൻ സാധിച്ചെങ്കിൽ.' ഇതു ഭാര്യയോടു പറഞ്ഞുകൊണ്ടിരുന്ന പ്പോൾ ടെലഫോൺ ബെല്ലടിച്ചു. 'അതു ഡേവിസ് നിത്യ തയിലേക്കു പ്രവേശിച്ചു എന്നായിരുന്നു.' പതിനൊന്നു വയസ്സായ കൊച്ചുകുട്ടി പതിനൊന്നു പേരെ അവൻ നേടി. 66 വയസ്സായ എനിക്കങ്ങനെ പറയുവാൻ സാധിച്ചെങ്കിൽ. ഇനിയുള്ള കാലം ഞാൻ കർത്താവിനായി ജീവിക്കും.

# 38

## കൈകൾ കൂപ്പിയ ചിത്രം

ഇന്ന് എവിടെയും കാണുന്ന ഒരു ചിത്രമാണ് പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്ന രീതിയിലുള്ള രണ്ടു കൈകൾ. ആ കൈകൾക്ക് ത്യാഗത്തിന്റെയും സ്നേഹ ത്തിന്റെയും പശ്ചാത്താപത്തിന്റെയും കഥകൾ പറയുവാ നുണ്ട്.

1490–ൽ ഒരുമിച്ചു താമസിച്ച് പഠിച്ചുകൊണ്ടിരുന്ന പാവപ്പെട്ട രണ്ടു സ്നേഹിതന്മാരുണ്ടായിരുന്നു. ഒരുവന്റെ പേർ ആൽബ്രട്ട് പുരർ എന്നും അപരന്റെ പേർ ഫ്രാൻസ് കിങ്ങ്സ്റ്റിൻ എന്നുമായിരുന്നു. തങ്ങളുടെ അനുദിന ചെല വുകൾക്കായി വളരെയധികം പണം ആവശ്യമായിരുന്നു രണ്ടുപേർക്കും. ചിത്രകല പഠിക്കുന്നതിന് വളരെ താല്പ ര്യമുണ്ടായിരുന്നു. എന്നാൽ തങ്ങളുടെ ജീവിതാവശ്യങ്ങൾ ക്കായുള്ള അദ്ധ്വാനം കഴിഞ്ഞതിനുശേഷം പഠിക്കുവാൻ സമയം വളരെ പരിമിതമായിരുന്നു.



ചിത്രകല വേഗം പഠിച്ചെടുക്കുവാനായി ഒരു മാർഗ്ഗം കണ്ടു പിടിച്ചു. ഒരാൾ ആദ്യം ചിത്രകല പഠിപ്പിക്കുന്ന കോളേജിൽ ചേർന്നു പഠിക്കുക. അപരൻ രണ്ടുപേർക്കും വേണ്ടി ജോലി ചെയ്യുക. അടുത്ത ആൾ പഠിക്കുവാൻ പോകുക. ആദ്യത്തയാൾ മറ്റേ കൂട്ടുകാരന്റെ ആവശ്യ ങ്ങൾക്കുവേണ്ടിയും ജോലിചെയ്ത് പണം സമ്പാദിക്കു ക. അങ്ങനെ ഇരുവരും തീരുമാനത്തിലെത്തി. ആദ്യം ആരാണ് പഠിക്കുവാൻ പോകേണ്ടത്. അതിനു ചീട്ടിടുവാൻ തീരുമാനിച്ചു. ആൽബർട്ട് പുരർവിനാണ് ആദ്യമായി പഠി ക്കുവാനുള്ള അവസരം കിട്ടിയത്. ഫ്രാൻസ് രണ്ടുപേരു ടെയും ആവശ്യങ്ങൾക്കായി അദ്ധ്വാനിക്കുവാൻ തുടങ്ങി.

ആൽബർട്ട് ചുരുങ്ങിയ കാലം കൊണ്ട് പഠിച്ച് പ്രസി ദ്ധനായ ഒരു കലാകാരനായി. ഉയർന്ന സ്ഥാനവും പണവും നേടി. ഈ അവസരത്തിൽ തനിക്കുവേണ്ടി വളരെ ത്യാഗത്തോടുകൂടി അദ്ധ്വാനിച്ച കൂട്ടുകാരനെക്കു റിച്ച് ആൽബർട്ട് ഓർത്തു. കൂട്ടുകാരന്റെ അടുത്തേയ്ക്ക് ഓടിയെത്തി. ആൽബർട്ട് ഫ്രാൻസിന്റെ കൈകളിലേക്ക് നോക്കിയപ്പോൾ കഠിനമായ പ്രയത്നം കൊണ്ട് വളരെ കട്ടി കൂടി മുരടിച്ച് ഇരിക്കുന്നതായി കണ്ടു. ഇനി ഒരിക്കലും ഒരു ബ്രഷ് പിടിക്കുവാൻ സാധിക്കത്തക്കവണ്ണം വിരൂപ മായിത്തീർന്നിരുന്നു. എന്നാൽ ഇങ്ങനെ സംഭവിച്ചിട്ടും ഫ്രാൻസിന് ഒട്ടും നിരാശയുണ്ടായില്ല. എന്നുമാത്രമല്ല സുഹൃത്തിന്റെ നേട്ടങ്ങളെക്കുറിച്ച് അറിഞ്ഞ് സന്തോഷി ക്കുവാനാണ് സമയം കണ്ടെത്തിയത്.

ഇത് ആൽബർട്ടിൽ വലിയ ചലനമുളവാക്കി. തന്റെ സ്നേഹിതനുവേണ്ടി തനിക്കു ചെയ്യുവാൻ കഴിയുന്ന തെല്ലാം സാധിച്ചുകൊടുക്കും എന്ന് തീരുമാനിച്ചു. ഒരുദിവസം ആൽബർട്ട് തന്റെ സ്നേഹിതനെ നോക്കിയപ്പോൾ കണ്ടത് മുട്ടുകുത്തി ഇരുകൈകളും കൂപ്പി പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നതാണ്. ആൽബർട്ട് ഉടനെതന്നെ കാൻവാസും ബ്രഷുമെടുത്ത് കൈകൂപ്പിയിരിക്കുന്ന ആ ചിത്രം വരച്ചു. അതാണ് ഇന്നും ലോകമെങ്ങും അറിയപ്പെടുന്ന ചിത്രം.

ഫ്രാൻസ് തന്റെ സ്നേഹിതനെ അകമഴിഞ്ഞ് സ്നേഹിക്കുന്നതിനും ത്യാഗം സഹിക്കുന്നതിനും ഇടയായത് യേശു ക്രിസ്തുവിന്റെ സ്നേഹം കൊണ്ട് അവൻ നിറഞ്ഞിരിക്കുന്നതുകൊണ്ടാണ് (യോഹ. 15:13-14). സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികം സ്നേഹം ആർക്കും ഇല്ല.



# 39

## ബാലനായ വില്ലസ്

വലേറിയൻ റോമൻ ചക്രവർത്തിയായി വാഴുന്ന സമയം. ക്രിസ്ത്യാനികൾ അതിക്രൂരമായ പീഢനങ്ങൾ അനുഭവി ക്കേണ്ടതായി വന്നു. അനേകായിരങ്ങൾ രക്തസാക്ഷികളായിത്തീർന്നു. ആ കൂട്ടത്തിൽ ഒരാളായിരുന്നു കപ്പദോക്യയിലെ കൈസര്യ പട്ടണത്തിൽ ജനിച്ച വില്ലസ് എന്ന ബാലൻ.

ഈ കുട്ടി തന്റെ ആയയിൽ നിന്നും കർത്താവിനെക്കുറിച്ച് അറിയുകയും അങ്ങനെ യേശുക്രിസ്തുവിനെ തന്റെ സ്വന്ത രക്ഷകനായി സ്വീകരിക്കുകയും ചെയ്തു. മകൻ ഒരു ക്രിസ്ത്യാനിയായെന്ന വിവരം അപ്പനേയും അമ്മയേയും ദുഃഖത്തിലാഴ്ത്തി. ഈ വിശ്വാസത്തിൽ നിന്നും തങ്ങളുടെ മകനെ പിന്തിരിപ്പിക്കുവാൻ ആ മാതാപിതാക്കൾ ആവോളം ശ്രമിച്ചു. എന്നാൽ തങ്ങളുടെ ആഗ്രഹത്തിന് വഴങ്ങി ക്രിസ്തുവിനെ തള്ളിപ്പറയുകയില്ലെന്ന്

മനസ്സിലായപ്പോൾ അവർക്ക് അതിയായ കോപം ഉണ്ടായി. അപ്പൻ അവനെ ക്രൂരമായി പട്ടിണി കിടത്തി. എന്നിട്ടും ഫലമില്ലെന്നു മനസ്സിലായപ്പോൾ അവനെ ന്യായാധിപന്റെ കൈയിൽ ഏല്പിച്ചു.

ന്യായാധിപൻ വളരെ സ്നേഹം നടിച്ച് അവനോട് പറഞ്ഞു: “മകനേ, നീ മരിച്ചു മൺമറഞ്ഞുപോയ ഒരു മനുഷ്യനെ എന്തിന് പിൻപറ്റണം. അവനെ തള്ളിപ്പറഞ്ഞ് നിന്നെ സ്നേഹിക്കുന്ന അമ്മയുടെ അടുത്തേയ്ക്ക് പോകുക.” “നിത്യരക്ഷയെ അവഗണിച്ച് ഞാൻ ലോകസുഖങ്ങളെ നേടണമെന്നാണോ ചക്രവർത്തി പറയുന്നത്?” എന്ന് ആ കുട്ടി പ്രതിവചിച്ചു. തുടർന്ന് ചക്രവർത്തി അവനെ ക്രൂരമായി അടിച്ചിട്ട് വീട്ടിലേക്ക് വിട്ടു. അടിയാലുള്ള വേദന കാരണം വില്ലസ് കർത്താവിനെ തള്ളിപ്പറയുമെന്ന് ചക്രവർത്തി വിചാരിച്ചു.

എന്നാൽ ബാലൻ തന്റെ വിശ്വാസത്തിൽ നിന്നും അണുവിടപോലും വ്യതിചലിക്കുന്നില്ലെന്നു മനസ്സിലായപ്പോൾ അവന്റെ അപ്പനായ ഹൈലസ് അവനെ തിരിച്ച് ന്യായാധിപന്റെ അടുക്കൽ കൊണ്ടുപോകുവാൻ തീരുമാനിച്ചു. ഇതറിഞ്ഞ വില്ലസ് അവിടെനിന്നും അടുത്ത പട്ടണത്തിലേക്ക് ഒളിച്ചോടി. എന്നാൽ അവനെ അവിടെ വച്ച് പിടിച്ച് ചക്രവർത്തിയുടെ മുമ്പിൽ ഹാജരാക്കി.



അവനോടു കൂടെ അവന്റെ സുഹൃത്തായ മോഡസ്റ്റസും, അവനെ കർത്താവിങ്കലേക്ക് നടത്തിയ അവന്റെ ആയ ക്രെസിൻലായും ഉണ്ടായിരുന്നു. അവരെ മൂന്നുപേരെയും ചക്രവർത്തി എരിയുന്ന തീച്ചൂളയിലേക്ക് എറിഞ്ഞുകളഞ്ഞു. മഹാസന്തോഷത്തോടെ അവർ തങ്ങൾ പ്രിയം വച്ച് നാട്ടിൽ എത്തിച്ചേർന്നു.

# 40

## എബ്രഹാം ലിങ്കന്റെ തീരുമാനം

ഒരാളിന്റെ ബാല്യകാലത്തിലുള്ള തീരുമാനമാണ് അവന്റെ മരണം വരെയും സ്വാധീനിക്കുന്നത്. അമേരിക്കൻ പ്രസിഡന്റ് എബ്രഹാം ലിങ്കൺ ചെറുപ്പകാലത്തെടുത്ത തീരുമാനമാണ് അമേരിക്കൻ പ്രസിഡന്റ് എന്ന സ്ഥാനം വരെയും എത്തുന്നതിനു സഹായിച്ചത്.

എബ്രഹാം ലിങ്കണെക്കുറിച്ച് കേൾക്കാത്തവരാരും തന്നെ കാണുകയില്ലല്ലോ. ലിങ്കൺ ഒരുദിവസം ഒരു വലിയ സമ്മേളനത്തിൽ പങ്കെടുത്തതിനുശേഷം ഭക്ഷണം കഴിക്കുകയായിരുന്നു. ആ ഡിന്നറിൽ പങ്കെടുത്ത എല്ലാവരും തന്നെ വേണ്ടുവോളം മദ്യം കുടിച്ചു. എന്നാൽ ഏബ്രഹാം ലിങ്കൺ മാത്രം മദ്യം തൊട്ടില്ല. സമീപത്തിരുന്നു ഭക്ഷണം കഴിച്ചു കൊണ്ടിരുന്ന സ്നേഹിതൻ ലിങ്കനോടു ചോദിച്ചു താങ്കളെന്താണ് മദ്യം കഴിക്കാതിരുന്നത്. നിങ്ങളെപ്പോലെ ഇത്ര ഉന്നതപദവിയിലിരിക്കുന്നവർ അല്പസ്വല്പം മദ്യം



ഉപയോഗിച്ചാൽ ഒട്ടും അപാകതയില്ല. ഇത്ര വലിയ ഒരു വിരുന്നിൽ നിങ്ങൾ മദ്യം കഴിക്കാതിരിക്കുന്നത് നിങ്ങളുടെ അന്തസ്സിനു ചേർന്നതല്ല. അതിനുത്തരമായി ലിങ്കൺ ഇങ്ങനെ പറഞ്ഞു. ഞാനൊരു യുവാവായിരുന്നപ്പോൾ എന്റെ അമ്മ മരിക്കുന്നതിനുമുമ്പ് ഒരു വാഗ്ദാനം ചെയ്തിരുന്നു. അത് ഇതാണ്. ജീവിതത്തിൽ ഒരിക്കലും മദ്യം ഉപയോഗിക്കുകയില്ല. ഇന്നുവരെ എന്റെ വാഗ്ദാനം പാലിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂട്ടുകാരൻ അനേകം ന്യായവാദങ്ങൾ പറഞ്ഞിട്ടും ലിങ്കൺ വഴങ്ങിയില്ല. ലിങ്കൺ ആ കൂട്ടുകാരനോട് ഇങ്ങനെ പറഞ്ഞവസാനിപ്പിച്ചു. "ഒരു വാഗ്ദാനം എന്നു പറഞ്ഞാൽ ഒരു സാഹചര്യത്തിലും ഒരു കാരണത്താലും തിരസ്ക്കരിക്കുവാൻ പാടില്ല" എന്നതാണ്.

എബ്രഹാം ലിങ്കന്റെ സ്വഭാവവിശേഷമാണ് അദ്ദേഹത്തെ വലിയവനാക്കിയത്. നമ്മൾ എടുക്കുന്ന തീരുമാനങ്ങളും, വാഗ്ദാനങ്ങളും നമ്മുടെ ജീവിതത്തിൽ നിവർത്തിക്കുവാൻ സാധിക്കുന്നുണ്ടോ?

# 41

## 57 പെനിയും ഒരെഴുത്തും

**കൊ**ച്ചു കൂട്ടുകാരേ, കുഞ്ഞുങ്ങളായ നിങ്ങൾക്ക് ഈ പ്രായത്തിൽ കാര്യമായി ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല എന്നു തോന്നുന്നുണ്ടാകാം. എന്നാൽ മിടുക്കിയായ ഒരു കൊച്ചു പെൺകുട്ടി സണ്ടേസ്കൂൾ പഠിക്കുവാൻ വന്നു. എന്നാൽ സഭാ ഹാളിൽ പ്രവേശിക്കാൻ സ്ഥലമില്ലാത്തതുകൊണ്ട് ഏറെ നിരാശയായി പുറത്തു കരഞ്ഞുകൊണ്ട് നിന്നു.

ആ സഭയിലെ സുവിശേഷകൻ ഹാളിലേക്ക് വന്നപ്പോൾ കരഞ്ഞുകൊണ്ട് നിൽക്കുന്ന പെൺകുട്ടിയെ കണ്ടു. അദ്ദേഹം അവളെ എടുത്തുകൊണ്ടുപോയി പ്രസംഗപീഠത്തിനരികെയുള്ള അല്പ സ്ഥലത്തിരുത്തി. കുട്ടിക്ക് ഏറെ സന്തോഷമായി. അന്നത്തെ പാഠങ്ങൾ എല്ലാം പഠിച്ചതിനു ശേഷം അവൾ ഭവനത്തിലേക്ക് പോയി. സ്ഥലവും, സൗകര്യവും ഇല്ലാത്തതുകൊണ്ട് എത്രയോ കുഞ്ഞുങ്ങൾക്കാണ് ദൈവവചന പഠനം നിഷേധിക്കപ്പെട്ടിരിക്കുന്നത്. എന്നാ



ലാകുന്നത് ഞാൻ ചെയ്യും എന്ന് ആ പെൺകുട്ടി തീരുമാനിച്ചു.

ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾ ഈ പെൺകുട്ടിക്ക് അസുഖം വന്ന് മരിച്ചുപോയി. ഈ നല്ല പെൺകുട്ടിയുടെ മരണത്തിൽ എല്ലാവരും വളരെ ദുഃഖിച്ചു. കുട്ടിയുടെ തലയിണയുടെ അടിയിൽ ഒരു പേഴ്സ് വച്ചിരുന്നു. അതിൽ 57പെനിയും കൂടെ ഒരെഴുത്തുമുണ്ടായിരുന്നു. "സണ്ടേ സ്കൂൾ ഹാൾ വലുപ്പം വരുത്തണം. എല്ലാ കുട്ടികൾക്കും ഇരിക്കത്തക്കവണ്ണം വലുപ്പം ഉണ്ടായിരിക്കണം. ഈ പെനി അതിനുപയോഗിക്കണം."

ശവസംസ്കാര ശുശ്രൂഷയിൽ ഈ എഴുത്ത് സുവിശേഷകൻ വായിച്ചപ്പോൾ എല്ലാവരുടേയും കണ്ണുകൾ നിറഞ്ഞു. അനേകർ തങ്ങളുടെ ശിരസ്സ് കുനിച്ചു. അന്ന് കൂടിയിരുന്നവർ ചില തീരുമാനങ്ങളെടുത്തു. അനേകരെ അറിയിച്ചു. അതിനായി, ഒരു ശേഖരണം തുടങ്ങി. 25,000 ഡോളർ പിരിച്ചെടുത്തു. അങ്ങനെ പണിത സഭാ ഹാളാണ് ഫിലാദെൽഫിയ ടെംബിൾ. ഇവിടെ 3,300 ആളുകൾക്ക് ഇരിക്കാം. കുട്ടികൾക്കായി ഒരു പ്രത്യേക ചാപ്പലുണ്ട്. ടെബിൾ യൂണൈറ്റഡ് ഗുഡ് സേവ്യർ ചാപ്പൽ. ഒരു കൊച്ചു കുട്ടിയുടെ മനസ്സിൽ ഉണ്ടായ ആഗ്രഹം ദൈവം അനുഗ്രഹിച്ച് വലിയ ഒരു സംരംഭമായി മാറ്റി. അതുപോലെ നമുക്കും ദൈവത്തിനുവേണ്ടി വൻ കാര്യങ്ങൾ ചെയ്യുവാനുള്ള കൃപ ദൈവം നൽകും.

# 42

## ഗിദയോൻ ബൈബിൾ വിതരണത്തിന്റെ ആരംഭം

**അ**മേരിക്കയിൽ ഒരു പാവപ്പെട്ട ഭവനത്തിൽ ഒരു മാതാവും പുത്രനും ഉണ്ടായിരുന്നു. മകന് 13 വയസ്സായപ്പോൾ അവന്റെ അമ്മയ്ക്ക് കഠിനമായ രോഗം ബാധിച്ച് മരിക്കാറായി. മാതാവ് തന്റെ മകൻ ജോൺ നിക്കോൾസിനെ വിളിച്ചു പറഞ്ഞു. "മകനെ നീ ദിവസവും ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും ചെയ്യണം. ദൈവത്തെ മാനിക്കുന്നവരരെ അവനും മാനിക്കും. ഞാൻ ദിവസവും വേദപുസ്തകം വായിച്ചുകൊള്ളാം എന്ന് ആ മകൻ അമ്മയോട് ഉറപ്പായി പറഞ്ഞു. ജോൺ വളർന്ന് ഒരു വലിയ ബിസിനസ്സുകാരനായി. ഒരുദിവസം ബിസിനസ്സിനായി ഒരു പട്ടണത്തിലെത്തി ഒരു ഹോട്ടലിൽ താമസിച്ചു. കിടക്കുന്നതിനുമുമ്പ് തന്റെ അമ്മയുടെ വാക്കുകൾ മനസ്സിലേക്ക് ഓടിയെത്തി. താൻ വേദപുസ്തകം നിവർത്തി വായിക്കുവാൻ തുടങ്ങി. ഇതു ശ്രദ്ധിച്ചു



കൊണ്ടിരുന്ന മറ്റൊരാളും ആ മുറിയിലുണ്ടായിരുന്നു. ഞാനും ഒരു വിശ്വാസിയാണെന്ന് അയാൾ പറഞ്ഞു. അവർ ഒരുമിച്ചിരുന്ന് ദൈവവചനം വായിച്ചു പ്രാർത്ഥിച്ചു ആ സമയത്ത് അവരുടെ മനസ്സിലേക്ക് ഒരു പ്രത്യേക ആലോചന എത്തി. ഹോട്ടൽ മുറികളിൽ വേദപുസ്തകം വെച്ചാൽ ഇവിടെ വരുന്നവർക്ക് വായിക്കാമല്ലോ. ഇത് 1898-ലാണ് സംഭവിച്ചത്. അടുത്തവർഷം 1899 ജൂലൈയിൽ വേറൊരു സ്ഥലത്തുവെച്ച് ഇരുവരും കണ്ടുമുട്ടുവാനിടയായി. മറ്റൊരാളും അവരുടെ കൂടെയുണ്ടായിരുന്നു. മൂവരും കൂടി ചേർന്ന് വേദപുസ്തകത്തിലെ വീരനായ ഗിദയോന്റെ (ന്യായ. 5:6) പേർ ഈ ശുശ്രൂഷയ്ക്ക് തിരഞ്ഞെടുത്തു. അങ്ങനെ "ഗിദയോൻ ഇന്റർനാഷണൽ" രൂപപ്പെടുവാനിടയായി. 1908 മുതൽ കോളേജുകൾ, സ്കൂളുകൾ, ഹോട്ടലുകൾ, ആശുപത്രികൾ, പട്ടാളക്യാമ്പുകൾ എന്നിവിടങ്ങളിലെല്ലാം ആയിരക്കണക്കിന് വേദപുസ്തകം വിതരണം ചെയ്തു വരുന്നു. ലോകത്തിലെ ഒട്ടുമിക്ക രാജ്യങ്ങളിലും ഇന്ന് ഈ സംഘടന പ്രവർത്തിക്കുന്നുണ്ട്. ഏതാണ്ട് 15 കോടിയിൽപരം വേദപുസ്തകം ഇതുവരെയും വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്.

വേദപുസ്തകം ലജ്ജ കൂടാതെ വായിക്കുകയും ധ്യാനിക്കു കയും ചെയ്ത ഒരു ബാലന്റെ ജീവിതത്തിൽ നിന്നുമാണ് ഇത്ര വലിയ ഒരു പ്രസ്ഥാനം രൂപമെടുത്തത്. "നാം അല്പ ത്തിൽ വിശ്വസസ്തരായിരുന്നാൽ ദൈവം

നമ്മെ അധികത്തിനു വിചാരകനാക്കും" (മത്താ. 25:21). മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവനേയും സ്വർഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റു പറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവ നെയോ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ്പറയും (മത്താ. 10:33).



# 43

## എലിസബത്ത് ഫ്രൈ

ഇംഗ്ലണ്ടിൽ ഗോർവിച്ച് എന്ന സ്ഥലത്ത് ഒരു സമ്പന്ന വ്യാപാരിയും ബാങ്ക് ഉടമയുമായ ജോൺ ഗാർനി യുടെ മകളായി എലിസബത്ത് ഫ്രൈ ജനിച്ചു. അമ്മയെ വളരെ അധികം സ്നേഹിച്ചിരുന്നു. എന്നാൽ 12 വയസ്സു ള്ളപ്പോൾ അമ്മ മരിച്ചു. വളരെ ആത്മീയ തീക്ഷ്ണതയു ണ്ടായിരുന്ന അമ്മയുടെ മരണത്തോടെ ആത്മീയ നില വാരം ഇടിഞ്ഞു. എലിസബത്ത് നൃത്തവും സംഗീതവും അഭ്യസിക്കുവാൻ തുടങ്ങി. കുതിര ഓട്ടം, വിലപിടിപ്പുള്ള ആഭരണങ്ങൾ, വസ്ത്രങ്ങൾ, നിറപ്പകിട്ടുള്ള വസ്ത്രങ്ങൾ എന്നിവയിൽ അവർ മുഴുകി. ജീവിതം ഈ ലോക ഉല്ലാ സങ്ങളിൽ ആയി. 17-ാം വയസ്സിൽ നൃത്തത്തിന്റെ ഉപരി പഠനത്തിനായി ലണ്ടനിലേക്ക് പോയി.

എന്നാൽ ദൈവം അവളുടെ ഹൃദയം തുറന്നു. സാവറി വില്യംസിന്റെ പ്രസംഗം കേൾക്കുവാൻ പോയി. അവിടെ വച്ച് അവൾ തന്റെ ജീവിതം ദൈവത്തിനായി

സമർപ്പിച്ചു. മാത്രമല്ല, ആഢംബര ജീവിതത്തോട് വിട പറഞ്ഞു. താമസിയാതെ അവളുടെ വിവാഹം ജോസഫ് ഫ്രൈയുമായി നടന്നു.

ജീവിതം കർത്താവിനായി സമർപ്പിച്ചു. കുട്ടികൾക്കായി ഒരു സണ്ടേസ്കൂൾ തുടങ്ങി. പാവപ്പെട്ടവരെ സന്ദർശിക്കു കയും അവരെ സഹായിക്കുകയും ചെയ്തു. മാത്രമല്ല ബ്രിട്ടനിലുള്ള ജയിലുകൾ അവൾ സന്ദർശിക്കുവാൻ തുടങ്ങി. അന്നത്തെ ജയിലുകൾ ഭയാനകമായിരുന്നു. അവിടെ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും വസ്ത്രങ്ങൾ നൽകി. മാത്രമല്ല 12 അംഗം അടങ്ങുന്ന ഒരു സംഘം രൂപീകരിക്കുകയും അവർ ജയിലിൽ ചെന്ന് വേദപുസ്തകം വായിച്ചു കേൾപ്പിക്കുകയും അവരെ നെയ്ത്ത് പഠിപ്പിക്കുകയും ചെയ്തു. ജയിലുകളുടെ അവസ്ഥ മെച്ചപ്പെട്ടു. ബ്രിട്ടനിലെ ജയിലുകളുടെ പുനരുദ്ധാരണം മറ്റു രാജ്യങ്ങൾ ശ്രദ്ധിച്ചു. യൂറോപ്പ് മുഴുവനും എലിസബത്ത് ഫ്രൈയുടെ ഖ്യാതി പരന്നു. 1820-ൽ റഷ്യൻ ചക്രവർത്തിനി എലിസബത്തിനെക്കുറിച്ച് കേൾക്കുകയും അവളുടെ കാരാഗൃഹപരിഷ്കരണ നടപടികളെക്കുറിച്ച് പഠിക്കുകയും മാത്രമല്ല റഷ്യൻ കാരാഗൃഹങ്ങൾ എലിസബത്തിന്റെ ആശയങ്ങൾക്കനുസൃതമായി ഉദ്ധരിക്കുകയും ചെയ്തു. ദൈവത്തിന് തന്നെത്താൻ സമർപ്പിക്കുന്നു വ്യക്തിയെക്കൊണ്ട് ദൈവം വലിയ കാര്യങ്ങൾ ചെയ്യിക്കുമെന്ന് എലിസബത്ത് നമ്മൾക്ക് ഒരു മാതൃകയായി നിലനിൽക്കുന്നു.



# 44

## ഭാവന - ഞാൻ എന്തു ചെയ്തു എന്നെ ഇങ്ങനെ വേദനിപ്പിക്കുവാൻ

ലാലു 4-ാം ക്ലാസ്സിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയാണ്. എല്ലാറ്റിനും മിടുക്കൻ. ക്ലാസ്സിൽ ഫസ്റ്റാണ്. എപ്പോഴും സന്തോഷത്തോടെയിരിക്കുന്ന ഒരു കുട്ടി. വത്സ ടീച്ചറിനെ അവന് വലിയ ഇഷ്ടമാണ്. എല്ലാ കുഞ്ഞുങ്ങൾക്കും ടീച്ചറിനെ കാര്യമാണ്. ടീച്ചർ കുറച്ചു ദിവസത്തേയ്ക്ക് അവധിക്കു പോയിരുന്നു. വന്നു കഴിഞ്ഞപ്പോൾ ലാലുവിന്റെ വാടിയ മുഖം കണ്ട് അത്ഭുതപ്പെട്ടു. സുഖമില്ലായിരിക്കും എന്ന് വിചാരിച്ചു. പിന്നീട് പരീക്ഷയുടെ ഫലം കണ്ടപ്പോൾ മനസ്സിലായി അവന് എന്തോ പറ്റി.

വത്സ ടീച്ചർ, ലാലുവിനെ അടുത്തു വിളിച്ചു ചോദിച്ചു മോനെ നിനക്ക് എന്തുപറ്റി. ലാലു പൊട്ടിക്കരഞ്ഞു എന്നിട്ടു പറഞ്ഞു. എന്റെ ഡാഡിക്കും മമ്മിക്കും അപ്പച്ചൻമാർക്കും അമ്മച്ചിമാർക്കും ഇപ്പോൾ എന്നോട് സ്നേഹ

മില്ല. മോനെ നീ അങ്ങനെ പറയരുത്. അവർക്ക് നിന്നോട് സ്നേഹമുണ്ട്. അപ്പോൾ ലാലുമോൻ പറഞ്ഞു. ഇപ്പോൾ ഡാഡി, ഡാഡിയുടെ വീട്ടിലും മമ്മി, മമ്മിയുടെ വീട്ടിലു മാണ് താമസം. ഞാൻ രണ്ടായി വിഭാഗിക്കപ്പെട്ടിരിക്കുന്നു. 15 ദിവസം ഡാഡിയുടെ വീട്ടിലും, 15 ദിവസം മമ്മിയുടെ വീട്ടിലും. രണ്ടുകൂട്ടരും എന്റെ സ്നേഹം ആരോട് ആണ് എന്നതിന് വിലപേശുകയാണ്. ഡാഡിയുടെ വീട്ടിൽ എല്ലാ വരും ചോദിക്കും ആരോട് കൂടുതൽ ഇഷ്ടം. അതുതന്നെ മമ്മിയുടെ വീട്ടിലും. ഞാൻ മടുത്തു ടീച്ചറെ. മാത്രമല്ല മമ്മിയുടെ അമ്മച്ചി പറയുന്നതുകേട്ട് ഡാഡി മമ്മിയും ഡൈവോഴ്സ് ചെയ്യാൻ പോകയാണ്. ടീച്ചറെ പറ എന്നോ ട് അല്പം എങ്കിലും സ്നേഹം ഉണ്ടെങ്കിൽ എന്നെ ഇങ്ങനെ വിഭാഗിക്കുമോ. എനിക്ക് ഡാഡിയുടെയും മമ്മി യുടെയും കൂടെ ഒന്നിച്ച് താമസിക്കണം. അല്ലെങ്കിൽ ടീച്ചറെ എനിക്ക് ജീവിക്കണ്ട.

ഡാഡിക്ക് എന്നോട് സ്നേഹം ഉണ്ടെങ്കിൽ മമ്മിയെ സ്നേഹിക്കുകയും മമ്മിക്ക് വേണ്ടത് ചെയ്യുകയും ചെയ്യി ല്ല. അതുപോലെ മമ്മിക്ക് എന്നോട് സ്നേഹമുണ്ടെങ്കിൽ വീട്ടിൽ ഭക്ഷണം ഉണ്ടാക്കുകയും എന്റെ കാര്യങ്ങലും വീട്ടിലെ കാര്യങ്ങളും നോക്കുകയില്ല. ഞാൻ എന്തു ചെയ്യേണം ടീച്ചറെ. അവർക്ക് എന്നെ വേണ്ടെങ്കിൽ ഞാൻ എന്തിന് ജനിച്ചു. എനിക്ക് വിഭാഗിക്കപ്പെട്ട് ജീവിക്കേണ്ടാ. വത്സ ടീച്ചറിൻരെ വാക്കുകൾ  തൊണ്ടയിൽ തങ്ങി. നിറ



കണ്ണുകളോട് അവർ പറഞ്ഞു. മോനെ ദൈവവും ഡൈവോഴ്സിനെ വെറുക്കുന്നു. അതുകൊണ്ട് നമ്മൾക്ക് ദൈവത്തോട് പ്രാർത്ഥിക്കാം. ദൈവം മോന്റെ കണ്ണുനീർ കണ്ട് അവർ ഒന്നിച്ച്, നിങ്ങൾ ഒന്നിച്ചു താമസിക്കുവാൻ സൗകര്യം ഉണ്ടാക്കും. വത്സ ടീച്ചറും ലാലുമോനും കൂടി ഒന്നിച്ചു പ്രാർത്ഥിച്ചു. പ്രാർത്ഥന ദൈവം കേട്ടു. ഇന്ന് ഡാഡിയും മമ്മിയും ലാലുമോനും ഒന്നിച്ചു സന്തോഷ ത്തോടെ വസിക്കുന്നു.

ഞാൻ ഉപേക്ഷണം വെറുക്കുന്ന എന്ന യിസ്രായേ ലിൻരെ ദൈവമായ യഹോവ അരുളിചെയ്യുന്നു. അതു ചെയ്യുന്നവൻ തന്റെ വസ്ത്രം സാഹസം കൊണ്ട് മൂടുന്നു എന്ന സൈന്യങ്ങളുടെ യഹോവ അരുളി ചെയ്യുന്നു. മലാഖി 2:16.

# 45

## അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കുന്ന ദൈവം

ഞാൻ സകല ജഡത്തിന്റെയും ദൈവമായ യഹോവയാകുന്നു; എനിക്ക് കഴിയാത്ത വല്ല കാര്യവും ഉണ്ടോ യിരെമ്യാവ് 32:27.

ഹിന്ദുസ്ഥാൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനം പൂർത്തിയാക്കിയ 4 ഗ്രാജുവേറ്റ്, ഫിലിപ്പ് എബ്രഹാം, എം. എ. തോമസ്സ്, കെ.സി. ജോൺ, പോൾ എസ്. ക്ലാന്റ എന്നിവർ രാജസ്ഥാനിലുള്ള കോട്ട എന്ന സ്ഥലത്തേയ്ക്കു പോകുവാൻ കർത്താവ് അവരെ വിളിച്ചു എന്നറിഞ്ഞവർ അവരെ തന്നെ ഏല്പിച്ചു. അവരുടെ കൈവശം വണ്ടി കൂലിക്ക് പണം ഇല്ലായിരുന്നു. കുറച്ച് ബുക്കും ബുക്ക് ലെറ്റ്സ് കൈയിൽ ഉണ്ട്. അവരുടെ കൂടെ എം.എ. തോമസ്സിന്റെ ഭാര്യ നവവധു അമ്മിണിയും ഫിലിപ്പ് എബ്രാഹാമിന്റെ ഭാര്യ  ചിന്നമ്മയും മകൻ ജോൺസൺ മകൾ മേരി 50 ദിവസം മാത്രം പ്രായമുള്ള സ്റ്റീഫനും ഉണ്ട്. ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് അവർ സ്റ്റേഷനിൽ എത്തി. ദൈവം വിളിച്ചതുകൊണ്ട് ദൈവം അത്ഭുതം പ്രവർത്തിക്കും എന്നവർ വിശ്വസിച്ചു. വൈകുന്നേരമായി കൗണ്ടർ അടയ്ക്കാറായി. ട്രെയിൻ വരുവാൻ സമയമായി പക്ഷെ പണമില്ല.





അവർ ഉടനെ തീരുമാനിച്ചു. വണ്ടിയിൽ പോകാൻ പണമില്ലെങ്കിൽ അവർ കോട്ടയിലേക്ക് നടന്നുപോകും. പോകുന്ന വഴിക്ക് ആരെങ്കിലും മരിച്ചാൽ അവരെ അവിടെ അടക്കും. ഒടുവിൽ ഒരാളെങ്കിലും അവിടെ എത്തിയാൽ കോട്ടയിലുള്ള ജനങ്ങളോട് കർത്താവിനെക്കുറിച്ചു പറയും അല്ലെങ്കിൽ ട്രാക്റ്റ് കൊടുക്കും. അങ്ങനെയെങ്കിൽ അവരുടെ ജീവിതം സഫലമാകും.

ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരാൾ ഓടിവന്നു ഫിലിപ്പ് എബ്രാഹാം ആരെന്ന് ചോദിച്ചു. പണം കൊടുത്തു. 9 പേർക്ക് ടിക്കറ്റിനുള്ള പണം.

അദ്ദേഹം പറഞ്ഞു കർത്താവ് എന്നോട് പറഞ്ഞു എന്റെ  കൈയിലുള്ള, ഞാൻ കളിച്ച് സമ്പാദിച്ച് എന്റെ വിലയേറിയ വെള്ളികപ്പുകൾ വിറ്റ് ദൈവദാസന്മാരുടെ വണ്ടികൂലി കൊടുക്കുക. അത് അനുസരിക്കുവാൻ ഞാൻ അല്പം വൈകി. വേറെ ആരെങ്കിലും കൊടുക്കട്ടെ എന്ന് ഞാൻ വിചാരിച്ചു. എന്റെ വിലയേറിയ വെള്ളികപ്പ് എന്ന് ഞാൻ വിചാരിച്ചു, എനിക്ക് തെറ്റുപറ്റി. പിന്നീട് ഞാൻ

അതനുസരിച്ച്. എന്നാൽ ദൈവം പറഞ്ഞത് ചെയ്യുവാൻ അല്പം വൈകി.

ദൈവത്തിന്റെ സമയം. ആ നല്ല മനുഷ്യന്റെ അഡ്രസ്സ് പോലും മേടിക്കുവാൻ സമയമില്ലായിരുന്നു. വേഗം ടിക്കറ്റ് എടുത്തു 9 പേരും തീവണ്ടിയിൽ കയറി. തങ്ങളുടെ ആവശ്യത്തിന് പണം തന്ന ദൈവത്തോടും, ആ മഹത് വ്യക്തിയോട് കണ്ണുനീർ കൊണ്ട് നന്ദി പറഞ്ഞു. ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല. അവനിൽ വിശ്വസിക്കുന്നവരെ അവൻ പരിപാലിക്കുന്നു. അവർക്കായി തക്കസമയത്ത് കരുതുന്നു.



# 46

## ഭാവന - മമ്മീ, എന്നെം ജീവിക്കുവാൻ എന്തുകൊണ്ട് അനുവദിച്ചില്ല

വത്സ ജോലികഴിഞ്ഞു ഒരു ട്രെയിനിൽ കയറി. 2 മണിക്കൂർ യാത്രയുണ്ട് വീട്ടിലേക്ക്. ഒരു പുസ്തകം എടുത്തു വായന തുടങ്ങി.

മമ്മി, മമ്മി ഒരു വിളി കേട്ടു. അടുത്തു ഒരു മാലാഖ കുഞ്ഞു നിൽക്കുന്നു. വത്സ ചോദിച്ചു, മോളെ നീ ആരാണ്. നാം ഇപ്പോൾ എവിടെയാണ്. മാലാഖ പറഞ്ഞു. കർത്താവ് മദ്ധ്യാകാശത്തിൽ വന്നു. മമ്മി ഇപ്പോൾ സ്വർഗ്ഗത്തിലാണ്. കർത്താവ് ഇവിടെയുണ്ട്. പിന്നെയും മാലാഖ പറഞ്ഞു, മമ്മിക്ക് എന്നെ മനസ്സിലായില്ല അല്ലേ. ഞാൻ മമ്മിയുടെ മകളാണ്. മമ്മി എന്നെ എന്തുകൊണ്ട് ജീവിക്കുവാൻ അനുവദിച്ചില്ല. എന്നെ ജീവിക്കുവാൻ അനുവദിച്ചിരുന്നുവെങ്കിൽ ഞാൻ കർത്താവിനായി ജീവിക്കുമായിരുന്നു.

അനേകം ആളുകളോട് കർത്താവിനെക്കുറിച്ചു പറയുമായിരുന്നു. സന്തോഷത്തോടെ എനിക്ക് ജീവിക്കാമായിരുന്നു. മമ്മി എന്നെ എന്തുകൊണ്ട് ജീവിക്കുവാൻ അനുവദിച്ചില്ല. എന്നെ മമ്മി എന്തുകൊണ്ട് കൊന്നു. മോളെ വത്സ ഞെട്ടി. വത്സ കണ്ണുതുറന്നു. ഓ ഞാൻ ഉറങ്ങിപ്പോയി. ഞാൻ സ്വപ്നം കാണുകയായിരുന്നോ.

വത്സയ്ക്ക് നല്ല ക്ഷീണമായിരുന്നു. വീണ്ടും അവൾ പുസ്തകം വായിക്കുവാൻ തുടങ്ങി. മമ്മി, മമ്മി എന്നെ എന്തുകൊണ്ട് ജീവിക്കുവാൻ അനുവദിച്ചില്ല. ഞാൻ ജീവിച്ചിരുന്നെങ്കിൽ മമ്മിയെപ്പോലെ സുവിശേഷം കേട്ട് ഞാനും രക്ഷിക്കപ്പെട്ട് ദൈവമകൾ ആയേനെ. ദൈവത്തിനായി ജീവിച്ചു സന്തോഷത്തോടെ ജീവിക്കുമായിരുന്നു. മമ്മി എന്തുകൊണ്ട് എന്നെ കൊന്നു.

ഓ മോളെ വത്സ വീണ്ടും ഞെട്ടി ഉണർന്നു. ഞാൻ വീണ്ടും ഉറങ്ങി. വീണ്ടും സ്വപ്നം കണ്ടു.

വത്സ 3 മാസം ഗർഭിണിയാണ്. ഭർത്താവ് വത്സൻ പറഞ്ഞ വാക്കുകൾ മനസ്സിലേയ്ക്ക് വന്നു. നിനക്ക് ഇപ്പോൾ പ്രമോഷൻ കിട്ടി, അതുകൊണ്ട് നീ അബോർഷൻ ചെയ്യുക. നമ്മുടെ ഭാവി സുരക്ഷിതമായിട്ട് മതി മക്കൾ. വത്സ എതിർ ഒന്നും പറഞ്ഞില്ല.

ഈ സ്വപ്നം വത്സയെ പിടിച്ചുകുലുക്കി. അബോർഷൻ റിയലി കൊലയാണോ. അങ്ങനെയെങ്കിൽ ആ പാപം



അവൾ ഒരിക്കലും ചെയ്യുകയില്ല എന്ന് തീരുമാനിച്ചു. വീട്ടിൽ ചെന്ന് ബൈബിൾ തുറന്നു വാക്യങ്ങൾ തപ്പി. 2 വാക്യം അവളുടെ ശ്രദ്ധയിൽപ്പെട്ടു. അവൾ ആ വാക്യം വായിച്ചുകൊണ്ടിരുന്നപ്പോൾ ഭർത്താവ് വന്നു. അവൾ ആ വാക്യങ്ങൾ ഭർത്താവിനെ കാണിച്ചു. അവൾ കണ്ട സ്വപ്നത്തെയും കുറിച്ച് പറഞ്ഞു. ഭർത്താവിനെ കാര്യങ്ങൾ മനസ്സിലായി. ദൈവം തങ്ങളെ പാപം ചെയ്യാതെ കാത്തു എന്നോർത്ത അവർ 2 പേരും കൂടി ദൈവത്തിന് നന്ദി പറഞ്ഞു.

നീയല്ലോ എന്റെ അന്തരംഗങ്ങളെ നിർമ്മിച്ചത് എന്റെ അമ്മയുടെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു. ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്ക് സ്തോത്രം ചെയ്യുന്നു. നിന്റെ പ്രവൃത്തികൾ അത്ഭുതകരമാകുന്നു. അതു എന്റെ ഉള്ളം നല്ലവണ്ണം അറിയുന്നു. ഞാൻ പിണ്ഡാകരമായിരുന്നപ്പോൾ നിന്റെ കണ്ണ് എന്നെ കണ്ടു. നിയമിക്കപ്പെട്ട നാളുകളിൽ ഒന്നും ഇല്ലാതിരുന്നപ്പോൾ അവയെല്ലാം നിന്റെ പുസ്തകത്തിൽ എഴുതിയിരുന്നു. സങ്കീർത്തനങ്ങൾ 139:13-16

# 47

## കർത്താവിന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മ അനുഭവിച്ചറിയണമെന്നാഗ്രഹിച്ച സ്ത്രീരത്നം

**അ**വന്റെ മരണത്തോടു അനുരൂപപ്പെട്ടിട്ടു അവനേയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയേയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയേയും അനുഭവിച്ചറിയേണ്ടതിന് (ഫിലി. 3:10) ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുന്തോറും സന്തോഷിച്ചു കൊൾവിൻ (1 പത്രോസ് 4:13)

ജീവിതത്തിൽ കഷ്ടങ്ങളും ദുഃഖങ്ങളും വരുമ്പോൾ കർത്താവേ എന്റെ ജീവിതത്തിൽ എന്തുകൊണ്ട് കഷ്ടത എന്നു ചോദിക്കുന്നവരാണ് നാം. കഷ്ടത ജീവിതത്തിലുണ്ടാകരുതേ എന്ന് പ്രാർത്ഥിക്കുന്നവരാണ് നാം. എന്നാൽ കർത്താവേ നിന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മ ഞാൻ അനുഭവിച്ച് അറിയാനായി എന്നെ തന്നെ നിന്റെ പാദ



ത്തിൽ സമർപ്പിക്കുന്നു എന്നു പറഞ്ഞ സ്ത്രീരത്നമാണ് ഹെലൻ റോസ്‌വെയ്ൻ.

1925-ൽ ബ്രിട്ടണിൽ ഒരു സമ്പന്ന കുടുംബത്തിൽ ഹെലൻ റോസ്‌വെയ്ൻ ജനിച്ചു. പിതാവ് ഒരു കോളേജ് ലെക്ചറർ ആയിരുന്നു. ഹെലൻ വളരെ മിടുക്കിയായിരുന്നു. മിടുക്കിയായതിനൊപ്പം തന്നെ എല്ലാവരും അഭിനന്ദിക്കണമെന്ന് ആഗ്രഹം അവൾക്കുണ്ടായിരുന്നു. സൺഡേ സ്കൂളിൽ പഠിപ്പിക്കുന്ന ടീച്ചർ കർത്താവിന്റെ വേലയ്ക്കായി മറ്റുള്ള രാജ്യങ്ങളിലേക്ക് പോകുന്ന മിഷണറിമാരെക്കുറിച്ച് പറഞ്ഞു. ഹെലൻ അതിൽ ആകൃഷ്ടയായി തന്റെ ഹൃദയത്തിൽ ഒരു മിഷണറിയായി പോകണമെന്ന് ആഗ്രഹമുണ്ടായി.

താമസിയാതെ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ മെഡിസിൻ പഠിക്കുവാൻ ചേർന്നു. അവിടെവച്ച് കർത്താവിനെ സ്വന്തം രക്ഷകനായി സ്വീകരിപ്പാനും ഇടയായി.

കേംബ്രിഡ്ജ് ഇന്റർ കോളേജിയേറ്റ് ക്രിസ്ത്യൻ യൂണിയനിലേക്ക് ഡോറോത്തി എന്ന പെൺകുട്ടി അവളെ ക്ഷണിച്ചു. അവൾ താമസിയാതെ അതിലെ സജീവ അംഗമായി.

1945-ൽ ഒരു ക്യാമ്പിൽ സംബന്ധിക്കാൻ ഇടയായി. ബ്രദർ ഗ്രഹാം സ്കോർജി, ഫിലിപ്പ്യർ 3:10-ാം വാക്യത്തെ അടിസ്ഥാനമാക്കി അന്ന് ക്ലാസ്സ് എടുത്തു. ആ വചനം അവ

ളോട് സംസാരിച്ചു. തന്നെ കർത്താവ് തന്റെ വേലയ്ക്കായി വിളിക്കുന്നു എന്ന് അവൾക്ക് മനസ്സിലായി. മാത്രമല്ല കർത്താവിന്റെ കഷ്ടങ്ങളിൽ കൂട്ടാളിയാകുവാൻ തന്നെ വിളിക്കുന്നതായി അവൾക്ക് മനസ്സിലായി. ആദ്യം അവൾ അതിന് എന്നെക്കൊണ്ട് സാധിക്കുകയില്ല എന്നിക്ക് ഒരു ഡോക്ടറായി സുഖമായി ഇരിക്കണം എന്നവൾ ആഗ്രഹിച്ചു. എന്നാൽ അടുത്ത നിമിഷം തന്നെ കർത്താവ് അവളോട് പിന്നെയും വചനത്തിൽക്കടി സംസാരിച്ചു.

ഹെലൻ അടുത്തുള്ള ഒരു കുന്നിലേക്ക് പോയി. ഏകാന്തയായി കർത്താവിന്റെ സന്നിധിയിൽ ഇരുന്നു കർത്താവിനോടു പറഞ്ഞു: കർത്താവേ നിന്റെ വേലയ്ക്കായി ഒരു മിഷണറിയായി നീ അയയ്ക്കുന്നിടത്തേക്ക് ഞാൻ പോകും. എന്നെ അങ്ങയെപ്പോലെ ആക്കുക. അങ്ങയുടെ കഷ്ടങ്ങളിൽ പങ്കുള്ളവളാക്കുക, എന്നാൽ കർത്താവേ എനിക്ക് ഇനി സഹിക്കുവാൻ വയ്യ എന്നു പറയുമ്പോൾ കർത്താവേ ദയവായി നിർത്തേണമേ എന്നോടു കരുണയുണ്ടാകണമേ എന്ന് ഹെലന്റെ പഠിത്തം കഴിഞ്ഞു. ഒരു മിഷണറി ഡോക്ടറായി തന്നെതന്നെ ദൈവത്തിൽ സമർപ്പിച്ചു. 6 മാസം വേൾഡ് വൈഡ് ഇവാഞ്ചലിസം ക്രൂസേഡിന്റെ കൂടെ പഠിച്ചു. അതിനുശേഷം ഫ്രെഞ്ച് ഭാഷയും ഹോളണ്ട് ഭാഷയും പഠിക്കുവാനായി ബെൽജിയത്തിലേക്ക് പോയി. പഠനാനന്തരം വേൾഡ് വൈഡ് ഇവാഞ്ചലിസം ക്രൂസേഡിന്റെ കൂടെ ആഫ്രിക്കയിലുള്ള കോംഗോയിലേക്കു പോയി.



1953-ൽ 28 വയസ്സുള്ള ഒരു യുവതി കോംഗോയിലേക്ക് മിഷണറി ഡോക്ടറായി ചെന്നു. താമസിയാതെ അവിടെ സ്ത്രീകളെ നേഴ്സുമാരായി പരിശീലനം ചെയ്യുവാൻ ഒരു സ്കൂൾ തുടങ്ങി. ഉദ്ദേശം അവരെ മറ്റു സ്ഥലങ്ങളിലേക്കോ നേഴ്സ് ഇവാഞ്ചലിസ്റ്റായി അയയ്ക്കുവാനായിരുന്നു. കോംഗോയിൽ നിന്ന് 7 മൈൽ അകലെയുള്ള ഒരു ഹോസ്പിറ്റൽ ഉപയോഗശൂന്യമായി കിടന്നിരുന്നു. 1955ൽ ഡോക്ടർ ഹെലനെ അങ്ങോട്ട് അയച്ചു. അവൾ അവിടെ ആ ഹോസ്പിറ്റൽ പുനരുദ്ധരിച്ചു. അത് കുഷ്ഠരോഗികളുടെയും പ്രസവശുശ്രൂഷയുടെയും ഒരു കേന്ദ്രമായി മാറി. 100 ബഡ് ഉള്ള ഒരു ഹോസ്പിറ്റൽ താമസിയാതെ അവിടെ ഉണ്ടായി. കൂടാതെ അവിടെയും ഒരു ട്രെയിനിംഗ് സ്കൂൾ സ്ഥാപിച്ചു. 150 മൈൽ ചുറ്റളവിൽ വേറൊരു ആശുപത്രി ഉണ്ടായിരുന്നില്ല. അതുകൊണ്ട് 48 ക്ലിനിക്കുകൾ പല സ്ഥലങ്ങളിലായി ആളുകളുടെ സഹായത്താൽ ഹെലൻ സ്ഥാപിച്ചു. 1958-ൽ അവൾ തീരെ ക്ഷീണിതയായതുകൊണ്ട് ഭവനത്തിലേക്ക് മടങ്ങി. അവിടെവെച്ചു വീണ്ടും ക്ഷീണം മാറിയതിനാൽ വീണ്ടും കോംഗോയിലേക്കു മടങ്ങി.

കോംഗോ ബെൽജിയത്തിൽ നിന്നും സ്വതന്ത്രമായി അതിനെ തുടർന്നു 1964ൽ ആഭ്യന്തര കലഹം ഉണ്ടായി. 10 പ്രൊട്ടസ്റ്റന്റ് മിഷണറിമാരെ അവർ പിടിച്ചു തടവിൽ ഇട്ടു. ആ കൂട്ടത്തിൽ ഹെലനും ഉണ്ടായിരുന്നു. രക്ഷപ്പെടാ

നായി അവൾ ഒരു ശ്രമം നടത്തി. എന്നാൽ അവർ അവളെ പിടിച്ചു വലിച്ചിഴച്ചു. അവർ ശക്തിയായി അടിച്ചു, ഇടിച്ചു, മുറിവേൽപ്പിച്ചു. അവളുടെ പല്ലുകൾ അവർ അടിച്ചു വീഴ്ത്തി, കണ്ണട പൊട്ടിച്ചതു മുഖാന്തിരം കണ്ണിൽ നിന്നും രക്തം ഒഴുകി. കള്ളു കുടിച്ചു മത്തരായ ആ ദുഷ്ടന്മാർ അവളെ വലിച്ചിഴച്ചു അവരുടെ വീട്ടിലേക്കു കൊണ്ടുപോയി. ഡോ. ഹെലൻ ശാരീരികവും മാനസീകവും ആയി തളർന്നു. ഇനി ജീവിച്ചിട്ട് എന്തു കാര്യം എന്നുവരെ അവൾ വിചാരിച്ചു. ആ സമയത്ത് കർത്താവ് വചനത്തിൽക്കൂടി അവളോടു പറഞ്ഞു. “നീ ആ കുന്നിൽ വെച്ച് നിന്നെത്തന്നെ എനിക്ക് തന്നില്ലേ ഒരു മിഷണറിയാകുവാൻ നീ നിന്നെത്തന്നെ സമർപ്പിച്ചില്ലേ ഇതാണ് അത്. ഇത് നിന്റെ ദുഃഖമല്ല, നിന്റെ വേദനയല്ല എന്റേതും കൂടിയാണ്. നിന്റെ ശരീരം നീ എനിക്ക് തന്നില്ലേ പിന്നെ നീ എന്തിനാണ് നിരാശപ്പെടുന്നത്.” അപ്പോൾ മുതൽ അവളുടെ ഹൃദയം ദിവ്യസമാധാനത്താൽ നിറഞ്ഞു. ക്രിസ്തുവിന്റെ സമാധാനം അവളുടേതായി.

അവളെ തടവിൽ നിന്നും വിട്ടപ്പോൾ സ്വന്തദേശത്തേക്ക് തിരിച്ചുപോയി. എന്നിട്ടും വീണ്ടും കോംഗോോയിലേക്ക് വന്നു. എന്നാൽ ശാരീരികമായ പ്രശ്നത്താൽ 1973-ൽ ഡോ. ഹെലൻ തിരിച്ചു സ്വദേശത്തേയ്ക്കു തന്നെ പോയി അവിടെ ഐർലണ്ടിൽ താമസമാക്കി. പിന്നെയുള്ള സമയം സഞ്ചരിച്ചു കർത്താവിനെക്കുറിച്ചു മറ്റുള്ളവരോടു



പറയുവാനും മാത്രമല്ല അനേകം പുസ്തകങ്ങളെഴുതുവാനും ഇടയായി.

ഡിസംബർ 7, 2016ൽ 91 വയസ്സുള്ള ഡോ. ഹെലൻ റോസ്വെയ്ർ തന്റെ ആത്മീക മണവാളന്റെ അടുത്ത് എത്തിച്ചേർന്നു.

# 48

## കഷ്ടതയിലും പുഞ്ചിരി തൂകാൻ

**എ**നിക്ക് ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു. ഫിലപ്പിയർ 1:21.

കിഴക്കെപൊതി ഭവനത്തിൽ ഒരു യാക്കോബായ കുടുംബത്തിൽ 1919 ആഗസ്റ്റ് 3ന് കെ.വി. വർക്കിയുടെയും മറിയാമ്മയുടെയും മക്കളിൽ ഇളയമകനായി കെ.വി. കുര്യാക്കോസ് ജനിച്ചു. 3 മാസമായപ്പോഴേക്കും മാതാവ് മരിച്ചു. പിതാവും മൂത്ത സഹോദരങ്ങലും ചേർന്ന് കുഞ്ഞിനെ വളർത്തി.

ദൈവവചനം കേട്ട് കെ.വി. വർക്കി രക്ഷിക്കപ്പെട്ട് താമസിയാതെ സ്നാനപ്പെട്ടു. അദ്ദേഹത്തിന്റെ പിതാവ് അന്ന് ജീവിച്ചിരിപ്പുണ്ടായിരുന്നു. ആദ്യം എതിർത്തു. എന്നാൽ മകന്റെ ജീവിതം കണ്ട പിതാവും രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ടു, ബ്രദറൺ കൂട്ടായ്മയിൽ പോയി. താമസിയാതെ കെ.വി. കുര്യാക്കോസും രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ടു.



പഠനത്തിൽ മിടുക്കനായിരുന്നതു കൊണ്ട് മാത്തമാറ്റിക്സിൽ ബി.എ. ബിരുദം നേടി. താമസിയാതെ സെക്രട്ടറിയേറ്റിൽ ജോലിയും കിട്ടി. 1947-ൽ ഇടച്ചേരിൽ ഇ.പി. വർഗ്ഗീസിന്റെയും സാറമ്മയുടെയും 11 മക്കളിൽ അഞ്ചാമത്തെ മകളായ ബേബി എന്നു വിളിക്കുന്ന ഡെയ്സിയെ വിവാഹം കഴിച്ചു. ആത്മീയ ശുശ്രൂഷയിൽ ധാരാളമായി പങ്കെടുക്കണമെന്നുള്ള താല്പര്യത്തോടുകൂടി സെക്രട്ടറിയേറ്റിലുണ്ടായിരുന്ന തന്റെ ജോലി രാജിവെച്ചു. അവർക്ക് ദൈവം 7 പെൺമക്കളെയും ഒരു മകനെയും കൊടുത്തു. കഷ്ടതയും ബുദ്ധിമുട്ടുമൊക്കെ ഉണ്ടായിരുന്നെങ്കിലും സന്തോഷവും സമാധാനവും നിറഞ്ഞ ഒരു കുടുംബമായിരുന്നു അവരുടേത്. ആ കുടുംബം ആ ഗ്രാമത്തിന്റെ തന്നെ ഐശ്വര്യമായിരുന്നു.

എന്നാൽ അധികം താമസിയാതെ പ്രതികൂലകാറ്റ് ആ കുടുംബത്തിൽ ആഞ്ഞടിച്ചു. കുടുംബനാഥന് കലശലായ ചുമ. പല നാട്ടുമരുന്നുകളും പരീക്ഷിച്ചെങ്കിലും ഫലമുണ്ടായില്ല. തുടർന്ന് കോലഞ്ചേരി മെഡിക്കൽ മിഷൻ കോളേജിൽ പരിശോധിച്ചു. തന്നെ പരിശോധിച്ച ഡോ. പോൾ പുത്തൂരാനും ഡോ. വട്ടോമും പറഞ്ഞു കരളിന് ക്യാൻസർ ആണ്.

പിന്നീടുള്ള ദിവസങ്ങൾ വേദനയുടെയും ആശങ്കകളുടേതുമായിരുന്നു. നാട്ടുകാർക്കും അദ്ദേഹം പ്രിയങ്കരനായിരുന്നതുകൊണ്ട് ആ ഗ്രാമം ഒന്നാകെ ആ കുടുംബത്തെ ഓർത്തു ദുഃഖിച്ചു, അവർക്കായി പ്രാർത്ഥിച്ചു. നാട്ടുകാരും

കുടുംബാംഗങ്ങളും ഈറനണിഞ്ഞ കണ്ണുമായി നോക്കുമ്പോൾ അപ്പച്ചന്റെ മുഖത്ത് ഒരു പുഞ്ചിരിയുണ്ടായിരുന്നു. ഭാര്യയും മക്കളെയും വിട്ടുപോകുന്നതിൽ ദുഃഖം ഉണ്ടായിരുന്നു. എന്നാൽ മരണാനന്തരം സ്വർഗ്ഗീയ അവകാശം ലഭിക്കുമെന്നുള്ള പ്രത്യാശയും അതിലുള്ള ഉറപ്പും അപ്പച്ചനെ മരണനിഴലിലും ധൈര്യത്തോടെ ചിരിക്കുവാൻ സഹായിച്ചു. മറ്റ് നിരാശപ്പെട്ടിരിക്കുന്ന രോഗികളോട് ഡോക്ടർമാർ പറഞ്ഞു നിങ്ങൾ പേവാർഡ് പി. 19ൽ ഒന്ന് പോയി, ആ രോഗിയെ കണ്ടിട്ടു വരൂ.

സകല മനുഷ്യരെയും പോലെ അപ്പച്ചനും മരണത്തെ അഭിമുഖീകരിക്കേണ്ടി വന്നെങ്കിലും നിത്യമരണമായ നരകാഗ്നിയിൽ നിന്നും രക്ഷപ്രാപിച്ചു എന്ന ബോദ്ധ്യം തനിക്കുണ്ടായിരുന്നു. ഓരോ മക്കളെയും അടുത്തുനിർത്തി അവർക്കായി പ്രാർത്ഥിച്ചു അവരെ ദൈവകരങ്ങളിൽ ഏല്പിച്ചു. വീണ്ടും മരിക്കും മുമ്പ് മക്കളെയും ഭാര്യയെയും ചേർത്തുനിർത്തി അവരെ അനുഗ്രഹിച്ചു. എന്നിട്ട് പറഞ്ഞു ഞാൻ സ്വർഗ്ഗത്തിലേക്ക് പോകയാണ്. നമ്മുടെ പാപങ്ങളെ ഏറ്റുകൊണ്ട് ക്രൂശിൽ മരിച്ച യേശുവിൽ വിശ്വസിച്ചു ദൈവമക്കളായി ജീവിക്കണം. അങ്ങനെയെങ്കിൽ ആ മനോഹരദേശത്തു നമുക്ക് വീണ്ടും ഒന്നിക്കാം. ഇനി നിങ്ങൾ എന്റെ രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കേണ്ട. എനിക്ക് പോകാൻ സമയമായി. എന്നിട്ട് മൂത്തമകൾ, ഇന്ന് നിത്യതയിൽ വിശ്രമിക്കുന്ന മോളിയോട് പറഞ്ഞു, മോളേ നീ എന്നെ പ്രാർത്ഥിച്ചു അയയ്ക്കുക. ചേച്ചി പ്രാർത്ഥി



ച്ചു. അപ്പച്ചൻ കണ്ണുകളടച്ചു. വേദനയുണ്ടായിരുന്നു. എന്നാൽ ആ മുഖത്ത് നിരാശയോ സംശയമോ ഇല്ലായിരുന്നു. കാരണം താൻ പോകുന്നത് യേശുക്രിസ്തു വസിക്കുന്ന സ്വർഗ്ഗരാജ്യത്തിലേക്കാണെന്ന് ബോദ്ധ്യം അദ്ദേഹത്തിന് ഉണ്ടായിരുന്നു. 42 വയസ്സുള്ള വിധവയും 8 മക്കളും കർത്താവിന്റെ കരങ്ങളിലും സംരക്ഷണയിലുമായി. കർത്താവ് അവരുടെ എല്ലാ കാര്യങ്ങളിലും അവരെ നടത്തി പരിപാലിച്ചു.

മരണം പ്രകൃതിനിയമമാണ്. നാം പേടിച്ചാലും ഇല്ലെങ്കിലും നിനച്ചിരിക്കാത്ത സമയത്ത് അതു വരും. രോഗിയെന്നോ ആരോഗ്യവാനെന്നോ, പണക്കാരനെന്നോ, പാവപ്പെട്ടവനെന്നോ, സ്ത്രീയെന്നോ, പുരുഷനെന്നോ ഭേദമില്ലാതെ അതു വരും. എന്നാൽ മരണശേഷമുള്ള ദൈവിക ന്യായവിധിയിൽ നിന്ന് മോചനം പ്രാപിച്ച ഒരു വ്യക്തിക്ക് മരണത്തെ പുഞ്ചിരിയോടെ എതിരേൽക്കാം.

യേശുക്രിസ്തു ക്രൂശിൽ മരിച്ചത് താങ്കളുടെ പാപത്തിന്റെ ശിക്ഷ സ്വയം ഏറ്റെടുത്തുകൊണ്ടാണ്. ഈ യാഥാർത്ഥ്യം വിശ്വസിക്കുകയും യേശുവിനെ ഏകരക്ഷകനും കർത്താവുമായി ഹൃദയത്തിൽ അംഗീകരിക്കുകയും ചെയ്താൽ താങ്കളും നിത്യശിക്ഷാവിധിയിൽ നിന്നും രക്ഷ പ്രാപിക്കും.

താങ്കൾ ഈ നിലയിൽ രക്ഷപ്രാപിക്കാനാഗ്രഹിക്കുന്നെങ്കിൽ ഇങ്ങനെ പ്രാർത്ഥിക്കുക. "യേശുകർത്താവേ

ഞാൻ ഒരു പാപിയാണ്. എന്റെ പാപത്തിന്റെ ശിക്ഷ അങ്ങു ഏറ്റെടുത്തു എനിക്കുവേണ്ടി ക്രൂശിൽ മരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. എന്നോട് കരുണ കാണിക്കണമേ. ഞാൻ അങ്ങയെ ഇന്ന് എന്റെ ഏക രക്ഷകനും ഏക കർത്താവു മായി അംഗീകരിക്കുന്നു. എന്റെ പാപങ്ങൾ ക്ഷമിച്ചതു കൊണ്ട് ഞാൻ അങ്ങയെ സ്തുതിക്കുന്നു. ആമേൻ. ഈ നിലയിൽ ആത്മാർത്ഥമായി പ്രാർത്ഥിച്ചു എങ്കിൽ യേശു ക്രിസ്തു താങ്കളെ രക്ഷിച്ചിരിക്കുന്നു. ഈ ലോകത്തിൽ നിന്ന് മരണം നമ്മെ നീക്കിയാലും ക്രിസ്തുവിനോട് കൂടെ എന്നും നാം സ്വർഗ്ഗത്തിൽ വസിക്കും.

"യേശുവിനെ കർത്താവ് എന്ന വായ്കൊണ്ട് ഏറ്റു പറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർ ത്തെഴുന്നേല്പിച്ചു എന്ന ഹൃദയംകണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതി ക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റുപറയുകയും ചെയ്യുന്നു." റോമർ 10:9,10.



# 49

## ഇന്നും അത്ഭുതങ്ങൾ നടക്കുന്നുണ്ടോ

യേശു അവനോട് എഴുന്നേറ്റ് നിന്റെ കിടക്ക എടുത്തു നടക്ക എന്നു പറഞ്ഞു. ഉടനെ ആ മനുഷ്യൻ സൗഖ്യമായി കിടക്ക എടുത്തു നടന്നു. യോഹന്നാൻ 5:8,9.

1971-ൽ ഊരമന കിഴക്കെപ്പൊതിയിൽ കെ.വി. കുര്യാ ക്കോസ് ഞങ്ങളുടെ അപ്പച്ചൻ കർത്താവിന്റെ സന്നിധി യിൽ എത്തി. 42 വയസ്സുള്ള വിധവയും 7 പെൺമക്കളും ഏക മകനും ദൈവത്തിന്റെ സംരക്ഷണയിലായി.

1974-ൽ വൈദ്യുതി കണക്ഷൻ എടുക്കുവാൻ വേണ്ടി വയറിംഗ് ചെയ്യുവാൻ ഞങ്ങളുടെ ഒരു കസിൻ ബ്രദർ വാവച്ചനും അദ്ദേഹത്തിന്റെ കൂട്ടുകാരനും കൂടി ഭവന ത്തിൽ വന്നു താമസിച്ചു. മൂത്ത 3 ചേച്ചിമാർ പഠനത്തിനും ജോലിക്കും ആയി ഡൽഹിയിൽ പോയി.

ഞങ്ങളുടെ ബ്രദർ ജോർജ്ജുകുട്ടി ചെറുപ്പം മുതൽ ഇലക്ട്രിക് കാര്യങ്ങളിൽ ഉത്സുകനും മിടുക്കനുമായി

രുന്നു. ചാച്ചൻ ചോദിച്ചു ഇലക്ട്രിക് ഗാഡ്ജറ്റ് എവിടെ വെച്ചിരിക്കുന്നു. ഇത് കേട്ടതും ആരോടും പറയാതെ അതെടുക്കാൻ കോണി കയറി മുകളിലത്തെ നിലയിലേക്ക് പോയി. ഒരു വലിയ ഒച്ച കേട്ട് ഞങ്ങൾ ഓടിച്ചെന്നപ്പോൾ ഏകമകൻ അബോധവാസ്ഥയിൽ മുറിയിൽ കിടക്കുന്ന താണ് കണ്ടത്. ഉടനെ മോനെ എടുത്തു മൂവാറ്റുപുഴ അശോകന്റെ ആശുപത്രിയിൽ കൊണ്ടുപ്പോയി. എക്സറേ എടുത്തു. ഡോ. അശോകൻ പറഞ്ഞു, തലയിൽ ബ്ലീഡിംഗ് ഉണ്ട്. വേഗം കോട്ടയം മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപൊയ്ക്കോളൂ. ഡോ. അശോകൻ അമ്മച്ചിയെ നല്ലവണ്ണം അറിയുന്ന ഒരു നല്ല ഡോക്ടറായിരുന്നു. അദ്ദേഹം കോട്ടയം മെഡിക്കൽ കോളേജിൽ കൊടുക്കുവാൻ ഒരു എഴുത്തും മാത്രമല്ല അവിടെ എത്തുവാനുള്ള വണ്ടിയും ഏർപ്പാട് ചെയ്തു.

മോനെ വീട്ടിൽനിന്ന് കൊണ്ടുപോയ ഉടനെ ഞങ്ങൾ സഹോദരങ്ങൾ കർത്താവിന്റെ സന്നിധിയിൽ ഇരുന്ന് പ്രാർത്ഥിച്ചു തുടങ്ങി. ചുറ്റുമുള്ള ചേച്ചിമാർ, ആന്റിമാർ എത്തി അവരും ഞങ്ങളുടെ കൂടെ പ്രാർത്ഥിക്കുവാൻ തുടങ്ങി. പ്രാർത്ഥന കേൾക്കുന്ന ദൈവം ജീവിക്കുന്നവനാണ്.

കോട്ടയത്തുള്ള പ്രിയപ്പെട്ടവരെ വിവരം അറിയിച്ചു. അവർ ആശുപത്രിയിൽ എത്തി വേണ്ട ക്രമീകരണങ്ങൾ ചെയ്തു. ജോർജ്ജുകുട്ടി പൂർണ്ണസമയം അബോധാവസ്ഥ യിൽ ആയിരുന്നു. വിധവയുടെ കണ്ണുനീർ ദൈവം കണ്ടു. അവനെ ഒരനക്കംപ്പോലും ഇല്ലായിരുന്നു.



ആശുപത്രിയുടെ ഗെയിറ്റിൽ വണ്ടി എത്തി. അത്ഭുതം. മോൻ ചാടി എണ്ണിറ്റ് അമ്മച്ചിയോട് ചോദിച്ചു. അമ്മച്ചി നാം എവിടെയാണ്. 12 വയസ്സുള്ള മകൻ പറഞ്ഞു എനിക്ക് വിശക്കുന്നു. അവനെ ഉടനെ തന്നെ ഡോക്ടർ കണ്ടു. ആദ്യത്തെ എക്സ്റേ പരിശോധിച്ചു. മോൻ സംസാരിച്ചത് അവർക്ക് അതിശയമായി. വീണ്ടും എക്സ്റേ എടുത്തു. അതിൽ ബ്ലീഡിംഗിന്റെ sign പോലും ഇല്ലായിരുന്നു. ദൈവം സൗഖ്യമാക്കുമ്പോൾ പൂർണ്ണമായി സൗഖ്യമാക്കുന്നു. ഡോക്ടർമാർ അതിശയിച്ചു. ദൈവം ഞങ്ങളുടെ പ്രാർത്ഥന കേട്ടു. ദൈവനാമം മഹത്വപ്പെടുവാനും ഇടയായി.

# 50

## എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും

**ചി**ലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട് സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിക്കാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്നു കാണുന്തോറും അത് അധികമധികമായി ചെയ്യേണ്ടതാകുന്നു. (എബ്രായർ 10:24-25)

ഇന്നത്തെ യുഗത്തിൽ സഭായോഗങ്ങൾക്ക് പോകുന്നത് ഒരു ഭാരമായി കാണുന്നവർ ഉണ്ട്. ഒത്തിരി ബിസിയാണ്, ആകെക്കൂടിയുള്ള ഒരു അവധി ദിവസം ഞായറാഴ്ചയും അത് മക്കളോടു കൂടി സന്തോഷിക്കണമെന്നു കരുതുന്നവർ ഉണ്ട്. എല്ലാത്തിനും സമയമുണ്ട് സഭായോഗങ്ങൾക്കുമാത്രം സമയമില്ല. എന്നാൽ ഒരുദിവസം ദൈവത്തിന്റെ മുമ്പാകെ നിൽക്കുമ്പോൾ നാം മുടക്കിയ സഭായോഗങ്ങൾക്ക് ഞായറാഴ്ചത്ത ആരാധനായോഗത്തിനു



മാത്രമല്ല മറ്റു യോഗങ്ങൾക്കും കണക്ക് കൊടുക്കേണ്ടി വരും. കുഞ്ഞുങ്ങൾക്ക് പഠിക്കാൻ ഒത്തിരിയുണ്ട്. അതുകൊണ്ട് സഭായോഗങ്ങളെ മുടക്കി പരീക്ഷയുടെ സമയത്ത് സഭായോഗങ്ങളെ മുടക്കി വീട്ടിൽ ഇരുന്നു പഠിക്കുന്നവർ ഉണ്ട്. എന്നാൽ ദൈവത്തിന്റെ വചനം പറയുന്നത് മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുവിൻ അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും. (മത്തായി 6:33) സഭായോഗങ്ങളിൽ പോകണമെന്നുള്ളത് ദൈവത്തിന്റെ കല്പനയായതുകൊണ്ട് നാം അനുസരിച്ചാൽ ദൈവത്തിൽ നിന്നു അനുഗ്രഹം ലഭിക്കും. തൃജിച്ചാൽ ശിക്ഷയും ലഭിക്കും.

സ്കോട്ട്ലണ്ടിൽ നിന്ന് ചൈനയിലെ റ്റിയാൻജിൻ എന്ന സ്ഥലത്ത് മിഷണറിമാരായ ജെയിംസ് ഡൺലപ്പ് ലിഡേലിന്റെ രണ്ടാമത്തെ മകനായി 1902 ജനുവരി 16ന് എറിക് ഹെൻ ട്രി ലിഡേൽ ജനിച്ചു. 5 വയസ്സുവരെ ചൈനയിലുള്ള സ്കൂളിലായിരുന്നു പഠിച്ചത്. 6-ാം വയസ്സു മുതൽ മൂത്ത സഹോദരൻ റോബർട്ടിനോടൊപ്പം മിഷണറി മക്കൾക്കുള്ള ലണ്ടനിലെ എൽത്താൻ കോളേജിലെ കായികതാരമായി. 15-ാം വയസ്സിൽ ബെസ്റ്റ് കായികതാരത്തിനുള്ള അവാർഡ് നേടി. കൂടാതെ ബെസ്റ്റ് കായികതാരത്തിനുള്ള ബ്ലാക്ക്ഹീത്ത് കപ്പും കൈവശമാക്കി.

ആ കോളേജിലെ പ്രധാന അദ്ധ്യാപകൻ അവനെക്കുറിച്ചു പറഞ്ഞ് ഒട്ടും പൊങ്ങച്ചമിലല്ലാത്ത ഒരു ചെറുപ്പകാരൻ എന്നായിരുന്നു. സ്കോട്ട്ലണ്ടിൽ ഏറ്റവും വേഗ

ത്തിലോടുന്ന വ്യക്തി എന്ന ബഹുമതിയും ലഭിച്ചു. ക്രിക്കറ്റിന്റെയും റഗ്ബിയുടെയും ക്യാപ്റ്റനായി.

എറിക് ലിഡേൽ ഒരു ദൈവഭക്തനായിരുന്നു. തന്റെ ജീവിതം പൂർണ്ണമായി കർത്താവിനു സമർപ്പിച്ച ഒരു ദൈവഭക്തൻ. ഗ്ലാസ്ഗോ സ്റ്റുഡൻര് ഇവാഞ്ചലിക്കൽ യൂണിയന്റെ ഒരു പ്രവർത്തകനായിരുന്ന ലിഡേൽ അനേകം സ്ഥലങ്ങളിൽ പോയി വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുക്കുകയും കൂടാതെ മീറ്റിംഗുകളിൽ പ്രസംഗിക്കുകയും ചെയ്യുമായിരുന്നു.

1920-ൽ ലിഡേൽ എഡിൻബറോ യൂണിവേഴ്സിറ്റിയിൽ ചേർന്നു. സ്കോട്ട്ലണ്ടിനായി അനേകം പോയിന്റുകൾ നേടി 1922, 23 കാലഘട്ടത്തിലെ 5 അന്താരാഷ്ട്ര കളികളിൽ മത്സരിച്ചു. ആദ്യ ചാമ്പ്യൻഷിപ്പ് നേടി. 100 മീറ്ററിൽ 9.9 സെക്കന്റുകൊണ്ട് പൂർത്തിയാക്കി. ബി എസ് സി ഡിഗ്രി നേടി. 1924-ലെ ഒളിമ്പിക്സിനായി ഒരുക്കമെല്ലാം ആയി. അനേകം ചാമ്പ്യൻഷിപ്പ് നേടിയ ലിഡേൽ യൂണിവേഴ്സിറ്റിയുടെ അഭിമാനമായിരുന്നു. 1924-ലെ ഒളിമ്പിക്സിലെ 100 മീറ്റർ ഓട്ടമത്സരം ഒരു ഞായറാഴ്ച ആയിരുന്നു വെച്ചിരുന്നത്. ഓടിയാൽ ലിഡേലിന് മെഡൽ കിട്ടുമെന്ന് അറിയാമായിരുന്നു. ഒരു ദൈവഭക്തനായ ലിഡേൽ ഒരു തീരുമാനമെടുത്തു ഞാൻ സഭായോഗത്തെ മുടക്കി ഞായറാഴ്ച ഓടുകയില്ല.

ലിഡേൽ നിരാശനാകാതെ 400 മീറ്റർ ഓട്ടത്തിനുള്ള തയ്യാറെടുപ്പ് തുടങ്ങി. തന്നെ മാനിക്കുന്നവനെ താൻ



മാനിക്കും എന്ന ദൈവത്തിന്റെ വാഗ്ദത്തം നിറവേറി. 400 മീറ്റർ ഓട്ടം 47.6 സെക്കന്റുകൊണ്ട് ഓടി നാഷണൽ റെക്കോർഡിട്ടു. അതിനുമുമ്പ് നാഷണൽ റെക്കോർഡ് 49.6 സെക്കന്റ് ആയിരുന്നു. പിന്നീടുള്ള 12 വർഷം ലിഡേലിന്റെ റെക്കോർഡ് തകർക്കുവാൻ ആർക്കും കഴിഞ്ഞില്ല. എന്നാൽ പിന്നീട് ഗോഡ്ലലി ബ്രൗൺ ആ റെക്കോർഡ് മറികടന്നു.

പിന്നെയുള്ളള അനേകം ഒളിമ്പിക്സ് ഓട്ടം ഞായറാഴ്ചകളിൽ ആയിരുന്നത് ലിഡേൽ വേണ്ടെന്നു വെച്ചു.

1925-ൽ സ്കോട്ടിഷ് അമേച്വർ അത്‌ലറ്റിക് അസ്സോസിയേഷന്റെ ഗ്ലാസ്ഗോയിൽ വെച്ചുള്ള 100 മീറ്റർ ഓട്ടത്തിൽ 10 സെക്കന്റുകൊണ്ടും 220 മീറ്റർ 22.2 സെക്കന്റുകൊണ്ടും 440 മീറ്റർ 47.7 സെക്കന്റുകൊണ്ടും ഓടി ലോകത്തെ 4-ാമത്തെ അത്‌ലറ്റ് എന്ന റെക്കോർഡ് നേടി.

1925-ൽ ലിഡേൽ തന്റെ സകല പ്രതാപവും സൗകര്യവും വിട്ട് നോർത്തേൺ ചൈനയിലേക്ക് തന്റെ പിതാവിനെപ്പോലെ ഒരു മിഷണറിയായി പോയി. ആദ്യം റ്റിയാൻജിനിലും പിന്നീട് ഷിയോഹാംങിലും ദൈവത്തെ സേവിച്ചു.

ഒരു മിഷണറി ടീച്ചാറായിരുന്ന ഫ്ളോറൻസുമായുള്ള വിവാഹം നടന്നു. അവർക്ക് ദൈവം മൂന്നു മക്കളെ കൊടുത്തു. പെട്രീഷ്യാ, ഹീസ്തർ, മൗറീൻ.

1941-ൽ ചൈനയും ജപ്പാനുമായുള്ളള യുദ്ധം കാരണം തിരിച്ചു നാട്ടിലേക്കു പോകാം എന്ന തീരുമാന

മെടുത്തു. ഫ്ളോറൻസ് ഗർഭിണിയായതുകൊണ്ട് അവളും കുഞ്ഞുങ്ങളും കാനഡയിലേക്ക് പോയി. ചൈനയിലലെ ജനത്തെ സേവിക്കുവാൻ ലിഡേൽ അവിടെത്തന്നെ താമസിച്ചു. ജപ്പാൻകാർ മിഷണറി സ്കൂളുകലും പള്ളികളും കൈയ്യടക്കി എല്ലാവരേയും തടവിലാക്കി. ഭക്ഷണമില്ല ഒരു സൗകര്യവുമില്ലാത്ത സ്ഥലത്തും വളരെ സന്തോഷത്തോടെ കർത്താവിനെ സേവിച്ചു. അവിടെ വെച്ചും കർത്താവിനെക്കുറിച്ച് സാക്ഷിച്ചും പ്രസംഗിച്ചും ജീവിച്ചു. അവിടെയുണ്ടായിരുന്ന ജപ്പാൻ ഓഫീസറും ലിഡേലിന്റെ വാക്കുകൾ അനുസരിച്ച് കർത്താവിൽ വിശ്വസിച്ചു. പിന്നീട് അദ്ദേഹം അമേരിക്കയിലെ ഒരു പ്രശസ്തനായ ദൈവശാസ്ത്രവിദഗ്ദ്ധനായി തീരുകയും ലിഡേലിനെക്കുറിച്ച് ഇങ്ങനെ പറയുകയും ചെയ്തു. 'ഒരു പൂർണ്ണവിശുദ്ധൻ, ജീവിക്കുന്ന ഒരു വിശുദ്ധനെ കാണുവാൻ സാധിച്ചത് ഞാൻ ഭാഗ്യമായി കരുതുന്നു.'

ലിഡേൽ തന്റെ ഭാര്യയ്ക്ക് എഴുതി ഞാൻ ക്ഷീണിച്ചിട്ടുണ്ട്. ഭക്ഷണവും ഉറക്കമില്ലായ്മയും കാരണം എങ്കിലും ഞാൻ ക്രിസ്തുവിൽ ശക്തനാകുന്നു. 1945 ഫെബ്രുവരി 21 ചൈന സ്വതന്ത്രമാകുന്നത് 5 മാസം മുമ്പ് ലിഡേൽ തന്റെ 43-ാമത്തെ വയസ്സിൽ താൻ സ്നേഹിച്ച, തന്നെ സ്നേഹിച്ച് അരുമനാഥന്റെ അടുത്തെത്തി. ലിഡേലിന് ജാപ്പനീസ് ഓഫീസ് ക്വാർട്ടേഴ്സിന്റെ പിറകിൽ അടക്കി.

1980ൽ ലിഡേലിനോടുള്ള ബഹുമാനാർത്ഥം എറിക് ലിഡേൽ സെന്റർ ഉണ്ടാക്കി. എഥാൻ കോളേജിൽ



സ്പോർട്സ് സെന്ററിന് എറിക് ലിഡേൽ സ്പോർട്സ് സെന്റർ എന്നു പേരിട്ടു. 2012ൽ ലിഡേലിന്റെ പേരിൽ ഒരു സ്പോർട്സ് സ്കോളർഷിപ്പ് ആരംഭിച്ചു. ദൈവത്തെ മാനിച്ച ലിഡേലിന് ദൈവം മാനിച്ചു.

# 51

## ക്രിസ്ത്യൻ സിസ്റ്റേഴ്സ് ഫെലോഷിപ്പ് (CSF)ന്റെ ആരംഭം

മദ്ധ്യകേരളത്തിൽ സഹോദരിമാർക്കായി ഒരു പ്രവർത്തനം ആരംഭിച്ചത് 1968-ലാണ്. തൃശ്ശൂർ, കുമ്പനാട് മതലായ സ്ഥലങ്ങളിൽ സഹോദരമാർക്കായി പ്രത്യേക യോഗങ്ങളും ക്യാമ്പുകളും നടത്തിയിരുന്നു. കടമറ്റം സഭയിലെ ചില സഹോദരിമാർ കുമ്പനാട് നടന്ന ക്യാമ്പിന് പോകുവാൻ ഇടയായി. നമ്മുടെ നാട്ടിലും ഒരു ക്യാമ്പ് വേണമെന്നവർ ആഗ്രഹിച്ചു. ശ്രീമതി ബേബി കുര്യാക്കോസും, കിഴക്കെപ്പൊതി, ജെയിന്നമ്മ തോമസ്സും കൊടിയാട്ട് ഗ്രേയ്സി ജെയിക്കബ് പാപ്പാലിൽ ഇവരെ ത്രിമൂർത്തികൾ എന്ന് സഹോദരിമാരുടെ ഇടയിൽ പറഞ്ഞിരുന്നു. ഇവർ ഒന്നിച്ചു പ്രാർത്ഥിച്ചു. കടമറ്റത്തും വാളകത്തുമുള്ള സഹോദരിമാർ പ്രാർത്ഥന തുടങ്ങി. ശ്രീ. കെ. വി. കുര്യാക്കോസിന്റെ പ്രോത്സാഹനത്താലും പിൻബലത്താലും ശ്രീമതി ബേബി കുര്യാക്കോസിൻരെ സമർപ്പണത്താലും, അനേകം സഹോദരിമാരുടെ പ്രാർത്ഥനയാലും



1968ൽ കടമറ്റം സഹോദരിമാരുടെ സഭയുടെ സഹകരണത്തിൽ 3 ദിവസത്തെ ഒരു ക്യാമ്പ് കടമറ്റം ഹാളിൽ വെച്ച് ക്രമീകരിക്കുവാൻ കർത്താവ് സഹായിച്ചു. അയൽ സഭകളിൽ നിന്ന് ചുരുക്കം പേർ സഹകരിച്ചു. ക്യാമ്പിൽ സഹകരിച്ച സഹോദരിമാർ അനുഗ്രഹിക്കപ്പെടുകയും ഏതു പ്രതിബന്ധങ്ങൾ സഹിച്ചും പ്രവർത്തനം മുമ്പോട്ട് കൊണ്ടുപോകണം എന്ന് തീരുമാനിക്കുകയും ചെയ്തു. Miss Wallace Missy Trichur, Alamma Varkey Alleppey Annamma Samuel Dindigal എന്നീ സഹോദരിമാർ വചനം ശുശ്രൂഷിച്ചു.

1969 ഏപ്രിൽ 19-24 തീയതികളിൽ കടമറ്റം വാളകം സഭകളുടെ ചുമതലയിൽ വാളകത്ത് വെച്ച് ഒരു ക്യാമ്പ് നടത്തുവാൻ ദൈവം സഹായിച്ചു. അടുക്കളയുടെ ചുമതല Alamma Joseph, Plamada വളരെ ഭംഗിയായി നടത്തി. കുഞ്ഞുഞ്ഞമ്മ ഇൻഡികപറമ്പിലും പിന്നെ മറ്റു സഹോദരിമാരും സഹായിച്ചു. ബ്ര. ടി.കെ. സാമുവൽ, Miss Wallace, L.C. Christion, Alamma Varkey എന്നിവർ വചനം ശുശ്രൂഷിച്ചു.

1969-ൽ ഡിസംബർ 27-ാം തീയതി 16 സഭകളിൽ നിന്ന് ഏകദേശം 80 സഹോദരിമാർ ഒരു ആലോചന യോഗമായി കടമറ്റം സഭയിൽ കൂടുവാൻ സാധിച്ചു. കോട്ടയം മുതൽ അങ്കമാലി വരെയുള്ള സഭകളെ ഉൾപ്പെടുത്തിയായിരുന്നു ഈ മീറ്റിംഗ്. ഇതിന്റെയെല്ലാം ചുമതല വഹിച്ച് നടത്തിയിരുന്ന ശ്രീമതി ബേബി കുര്യാക്കോസ് ആയിരുന്നു.

1970 ഫെബ്രുവരി മാസത്തിൽ അങ്കമാലി കിഴക്കെ സഭാ ഹാളിൽ വെച്ച് ശ്രീ. എ.പി. പൈലിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സഹോദരിമാരുടെ കൂട്ടായ്മയ്ക്ക് Christian Sisters Fellowship (CSF) Central Kerala എന്ന നാമവും കൊടുത്തു. അങ്ങനെ ദൈവമക്കളുടെ പ്രാർത്ഥനയാലും സഹകരണത്താലും CSF ഉടലെടുത്തു.

1968ൽ തുടങ്ങി CSFന്റെ വേല പൂർവ്വാധികം ഭംഗിയായി ഇപ്പോഴും നടന്നു കൊണ്ടിരിക്കുന്നു. വളരെ പ്രാർത്ഥനയോടും കണ്ണുനീരോടും ചെറുതായി ആരംഭിച്ച ഈ സംരംഭം ദൈവം അനുഗ്രഹിച്ചു. ഇതിന്റെ പിമ്പിൽ അർപ്പണബോധത്തോട് പ്രവർത്തിച്ച അനേകം സഹോദരിമാരാണ് CSFന്റെ വിജയം.

സഹോദരിമാർക്കായി മാസവേല, മാസംതോറും ഉപവാസപ്രാർത്ഥന, മാസയോഗം, ഏകദിനയോഗം, യൂത്ത് ക്യാമ്പ്, സഹോദരിമാർക്കുള്ള ക്യാമ്പ്, ഇങ്ങനെ CSFന്റെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടക്കുന്നു. 60–ൽ കൂടുതൽ സഭകൾ ഇന്ന് CSFന്റെ പ്രവർത്തനങ്ങളിൽ പങ്കുചേരുന്നു. ഇത് സഹോദരിമാർക്ക് എല്ലാവിധത്തിലും ആത്മീയമായി പ്രചോദനം നൽകുന്നു. മാത്രമല്ല മാസവേല മുഖാന്തരം അനേകർ കർത്താവിനെ സ്വന്തരക്ഷകനായി സ്വീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. കർത്താവിന്റെ വരവ് വരെ ഈ പ്രവർത്തനം നിലനിന്ന് പോകുവാൻ കർത്താവ് സഹായിക്കട്ടെ. നമ്മൾക്ക് പ്രാർത്ഥിക്കാം. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.



# 52

## ഉറക്കം വരാത്ത രാത്രി

**അ**ന്നു രാത്രി രാജാവിന് ഉറക്കം വരായ്കയാൽ അദ്ദേഹം ദിനവൃത്താന്തങ്ങൾ കുറിച്ചുവെച്ചിരിക്കുന്ന പുസ്തകം കൊണ്ടുവരുവാൻ കല്പിച്ചു. അത് രാജാവിനെ വായിച്ചു കേൾപ്പിച്ചു... അപ്പോൾ ഹാമാൻ വസ്ത്രവും കുതിരയും കൊണ്ടുവന്നു മൊർദ്ദെഖായിയെ വസ്ത്രം ധരിപ്പിച്ചു കുതിരപ്പുറത്ത് കയറ്റി പട്ടണവീഥിയിൽക്കൂടെ കൊണ്ടു നടന്നു രാജാവിനെ ബഹുമാനിപ്പാൻ ഇച്ഛിക്കുന്ന പുരുഷനെ ഇങ്ങനെ ചെയ്യും എന്ന് അവന്റെ മുമ്പിൽ വിളിച്ചു പറഞ്ഞു. എസ്ഥേർ 6:1, 2–11.

ഹാമാൻ യഹൂദന്മാരെ മുഴുവനും നശിപ്പിക്കുവാൻ രാജാവിൽ നിന്ന് അനുമതി വാങ്ങി കൂടാതെ മൊർദ്ദെഖായിയെ കൊല്ലുവാൻ 50 മുഴം ഉയരമുള്ള ഒരു കഴുമരം ഉണ്ടാക്കി.

എസ്ഥേറും ബാല്യക്കാരികളും മൂന്നുദിവസം ഉപവസിക്കുവാൻ തീരുമാനിച്ചു. മാത്രമല്ല ശൂശൻ പട്ടണത്തി

ലുള്ള എല്ലാ യഹൂദന്മാരും ഉപവസിക്കുവാൻ തീരുമാനിച്ചു.

അന്നു രാത്രി രാജാവിന് ഉറക്കം വന്നില്ല. ദൈവത്തിന്റെ വഴികൾ എത്ര അഹോചരം. ഹാമാൻ, മൊർദ്ദെഖായിയുടെ മുമ്പിൽ തല കുമ്പിടേണ്ടി വന്നു. ദൈവം പ്രാർത്ഥന കേൾക്കുന്നവനും ഉത്തരം തരുന്നവനും ആണ്. ഹാമാനും കുടുംബവും നശിച്ചു യഹൂദന്മാർ രക്ഷപ്പെടുവാൻ ഇടയായി.

1875 രാത്രി എലിസബത്ത് ടോറിക്ക് ഉറക്കം വന്നില്ല. അവർ എഴുന്നേറ്റ് മുട്ടിന്മേൽ നിന്ന് ദൈവത്തോട് തന്റെ മകനുവേണ്ടി പ്രാർത്ഥിക്കാൻ തുടങ്ങി. കർത്താവ് എന്റെ മകനെ രക്ഷിക്കേണമെ എന്ന പ്രാർത്ഥന ദൈവം കേട്ടു എന്ന ടോറിയുടെ ജീവിതത്തിൽ നിന്ന് നമ്മൾക്ക് മനസ്സിലാക്കാം.

രൂബേന്റേയും എലിസബത്തിന്റേയും മകനായി 1856 ജനുവരി 28-ാം തീയതി ആർ.എ. ടോറി ജനിച്ചു. 15-ാം വയസ്സിൽ യേൽ യൂണിവേഴ്സിറ്റിയിൽ പഠിക്കാൻ പോയി. ടോറി ഒരു നല്ല ഡാൻസർ ആയിരുന്നു. കാമ്പസിൽ ജീവിത ഉല്ലാസത്തിനുള്ള എല്ലാ സാഹചര്യവുമുണ്ടായിരുന്നു. ചീട്ടുകളി വെറിക്കൂത്ത്, കുതിര ഓട്ടം, നാടകശാലകൾ, ഇങ്ങനെ ഈ ലോകത്തിന്റെ ഉല്ലാസങ്ങളിൽ മതിമറന്ന് ദൈവത്തെ വേണ്ട എന്ന് വെച്ച് പാപത്തിൽ ജീവിച്ചു. എന്നെ ആനന്ദിപ്പിക്കുന്നതിന് ആവശ്യമായ എല്ലാം എനിക്കുണ്ടെന്ന് ടോറി പറയുമായിരുന്നു.



18 വയസ്സ് ആയപ്പോഴേക്കും ജീവിതം മടുത്തു. എങ്ങനെയെങ്കിലും ജീവിതം അവസാനിപ്പിക്കണം എന്ന് തീരുമാനിച്ചു. മൂർച്ചയുള്ള ആയുധത്തിനായി തിരഞ്ഞു ഒരായുദവും കിട്ടിയില്ല. ഈ സമയത്താണ് ഇതൊന്നുമറിയാതെ എലിസബത്ത് തന്റെ മകനായി കരഞ്ഞ് പ്രാർത്ഥിക്കുന്നത്. ദൈവം അവളുടെ പ്രാർത്ഥന കേട്ടു. പ്രിയ മാതാപിതാക്കന്മാരെ, നമ്മുടെ മക്കൾക്കായി കരയാം.

ടോറിയുടെ മനസ്സിലേക്ക് തനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന അമ്മയെ ഓർമ്മ വന്നു. ആ നിമിഷം തന്നെ അവൻ മുട്ടിന്മേൽ നിന്ന് ദൈവത്തോട് കരഞ്ഞു. കർത്താവിനെ രക്ഷകനായി സ്വീകരിച്ചു ഒരു ദൈവമകനായി. പിന്നെയുള്ള ജീവിതം ടോറി കർത്താവിനായി സമർപ്പിച്ചു.

യേൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.ഡി.യും ഡി.ഡി.യും കരസ്ഥമാക്കി 2 വർഷം കഴിഞ്ഞപ്പോഴേക്ക് അവന്റെ മാതാവും പിതാവും മരിച്ചു. ടോറി ക്ലാര സ്മിത്തിനെ വിവാഹം കഴിച്ചു. അവർക്ക് ദൈവം 5 മക്കളെ കൊടുത്തു. പിന്നീട് ജർമ്മൻ യൂണിവേഴ്സിറ്റിയിൽ ചേർന്നു പഠിച്ചു. ഗ്രീക്ക്, ഹീബ്രു, ഇംഗ്ലീഷ് എന്നിവയിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്നു.

ഡി.എൽ. മൂഡിയുടെ ക്ഷണപ്രകാരം ചിക്കാഗോ ഇവാഞ്ചലൈസേഷൻ സൊസൈറ്റിയുടെ സൂപ്രണ്ടായി ചാർജ്ജെടുത്തു. പിന്നീട് അത് മൂഡി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടായി മാറി. കൂടാതെ മൂഡി മെമ്മോറിയൽ ചർച്ചിന്റെ പാസ്റ്റർ ആയും സേവനം അനുഷ്ഠിച്ചു.

ടോറി ഒരു പ്രാർത്ഥനാവീരനായിരുന്നു. അനേകം സ്ഥലങ്ങളിൽ പ്രാർത്ഥനാ മീറ്റിംഗ് നടത്താറുണ്ടയിരുന്നു. നോർത്ത് ഫീൽഡ്, മാഞ്ചസ്റ്റർ തുടങ്ങി അനേകം സ്ഥലങ്ങളിൽ സഞ്ചരിച്ചു ദൈവവചനം പ്രസംഗിക്കുമായിരുന്നു. അനേകർ ടോറിയുടെ പ്രസംഗം മുഖാന്തിരം കർത്താവിനെ കണ്ടുമുട്ടുവാൻ ഇടയായിത്തീർന്നു.

ഓസ്ട്രേലിയ, ന്യൂസിലാന്റ്, സിഡ്നി, ജപ്പാൻ, ചൈന, റ്റാസ്മാനിയ, ഇംഗ്ലണ്ട്, സകോട്ട്ലാന്റ്, ഐർലന്റ് എന്നീ രാജ്യങ്ങളിലും കൂടാതെ ഇന്ത്യയിൽ മധുര മദ്രാസ്, കൽക്കട്ട, ബോംബെ, ബനാറസ് എന്നിവിടങ്ങളിലും സഞ്ചരിച്ചു മീറ്റിംഗുകൾ നടത്തി അനേകായിരങ്ങളെ ക്രിസ്തുവിനു വേണ്ടി നേടി.

40 പുസ്തകങ്ങൾ അദ്ദേഹം എഴുതി. അതിൽ പ്രാർത്ഥന, പരിശുദ്ധാത്മാവ് എന്നിവയെക്കുറിച്ചുള്ളത് വളരെ വിലപ്പെട്ടതാണ്. കർത്താവിനായി ജ്വലിച്ചു പ്രകാശിച്ച ഒരു ജീവിതമായിരുന്നു ടോറിയുടേത്. അമ്മയുടെ പ്രാർത്ഥന ദൈവം കേട്ടു മകൻ വലിയ പ്രാർത്ഥനാവീര്യനായി തീർന്നു. 1928ൽ തന്റെ 72-ാം വയസ്സിൽ ഈ ലോകവാസം അവസാനിച്ചു താൻ ആശ്രയം വെച്ച ക്രിസ്തുവിലേക്കു മടങ്ങി.

ടോറി ഒരു നല്ല അദ്ധ്യാപകനും സുവിശേഷകനും എഴുത്തുകാരനും ഓർഗനൈസറും അതിലുപരി ഒരു നല്ല ദൈവഭക്തനുമായിരുന്നു.



# 53

## ഒരു വിധവയുടെ 2 ചില്ലികാശും YMEFന്റെ വാഹനവും

YMEFന്റെ വടക്കൻ വിഭാഗത്തുള്ള സഹോദരന്മാരായ ബ്ര. ഡാനിയേൽ വില്യംസ്, കൊച്ചി സൈമൺ പഴനി, ഇ.ജെ. പൈലി, അങ്കമാലി കെ.കെ. ജോർജ്ജ് പഴനി പിന്നെ മറ്റു പല സഹോദരന്മാരും പ്രാർത്ഥനയ്ക്കായി കൂടിവരുക പതിവായിരുന്നു. ഒരു വാഹനം വാങ്ങി ഉത്തരഭാരതത്തിൽ സുവിശേഷ വൽക്കരണത്തിനായി പോകുവാൻ അവർ ആഗ്രഹിച്ചു. അവർ പ്രാർത്ഥിച്ചു. ഭാരിച്ച ചെലവുള്ള ഈ കാര്യം അന്ന് ദൈവജനത്തെ അറിയിച്ചെങ്കിലും ഈ അഭ്യർത്ഥനയ്ക്ക് വേണ്ടത്ര പ്രതികരണം ഉണ്ടായില്ല. നിരാശയോടുകൂടി അവർ ആ പദ്ധതി ഉപേക്ഷിച്ചതുപോലെയായി.

അങ്ങനെയിരിക്കുമ്പോൾ ശ്രീമതി ബേബി കുര്യാക്കോസ്, കിഴക്കെപ്പൊതിയിൽ താൻ സ്വരൂപിച്ച നല്ലൊരു തുക ഒരു ടിന്നിൽ സഹോദരന്മാരെ ഏല്പിച്ചു. എന്നിട്ട്

സഹോദരി പറഞ്ഞു നിങ്ങളുടെ അഭ്യർത്ഥന അറിഞ്ഞതു മുതൽ അതിനായി പ്രാർത്ഥിക്കുകയും ഈ ടിന്നിൽ പണം സ്വരൂപിക്കുകയും ചെയ്തു. ഈ ടിൻ നിറഞ്ഞു. ഇനി അത് നിങ്ങളുടെ കൈയിൽ ഏല്പിക്കുന്നു.

ഈ സംഭവം സഹോദരന്മാരെ തട്ടിയുണർത്തി. അത് ഒരു വെല്ലുവിളിയായി. അടുത്തു കളമശ്ശേരിയിൽ കൂടിയ പ്രാർത്ഥനാ യോഗത്തിൽ പണ്ടത്തെ കാര്യം പുനിർജ്ജീവിപ്പിച്ചു ഉത്സാഹപൂർവ്വം മുന്നോട്ടുപോകുവാൻ തീരുമാനിച്ചു. അന്ന് അതിനായി ഒരു പിരിവ് നടത്തി. അന്നു തന്നെ നല്ലൊരു തുക പിരിഞ്ഞു കിട്ടി. അങ്ങനെ കർത്താവ് അത്ഭുതകരമായി ഹൃദയങ്ങളിൽ പ്രവർത്തിച്ചതിനാൽ ഏകദേശം ഒരുലക്ഷത്തോളം രൂപ ദൈവജനത്തിൽ നിന്ന് ലഭിച്ചു. വാഹനം വാങ്ങി. 1980-ൽ പുതിയ വാഹനവുമായി വടക്കേ ഇന്ത്യയിലേയ്ക്ക് സുവിശേഷവൽക്കരണത്തിനായി പുറപ്പെട്ടു. YMEFവടക്കൻ വിഭാഗത്തിന്റെ പ്രവർത്തനം ഇന്നും തുടരുന്നു. വടക്കേ ഇന്ത്യയിലുള്ള അനേകം ഗ്രാമങ്ങളിൽ വാഹനവുമായി പോകുവാനും കർത്താവിന്റെ വചനം വിതയ്ക്കുവാനും ദൈവം YMEFൽ കൂടി ചെയ്തുകൊണ്ടിരിക്കുന്നു.

അല്പം കൊണ്ടും അതികം കൊണ്ട് പ്രവർത്തിക്കുവാൻ ദൈവം ശക്തനാണ്. നമ്മുടെ സമർപ്പണമാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവത്തിൻരെ നാമം മഹത്വപ്പെടുമാറാകട്ടെ.



# 54

## ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു

**എ**നിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു. എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലയ്ക്ക് ഫലം വരുമെങ്കിൽ ഏതു തിരഞ്ഞെടുക്കേണ്ടു എന്ന് ഞാൻ അറിയുന്നില്ല (ഫിലിപ്പിയർ 1:24)

സ്കോട്ട്ലണ്ടിൽ ഗ്ലാസ്ഗോ എന്ന സ്ഥലത്ത് ജെയിംസ് ഗിൽമോറിന്റെയും എലിസബത്തിന്റെയും 6 മക്കളിൽ മൂന്നാമനായി ജെയിംസ് ഗിൽമോർ ജനിച്ചു. എല്ലാ ആഴ്ചയും മുടങ്ങാതെ അനേകം ദൂരം സഞ്ചരിച്ചു ജെയിംസിന്റെ വെല്ല്യമ്മയും വെല്ല്യപ്പച്ചനും മക്കളേയും കൊച്ചുമക്കളേയും യോഗത്തിന് കൊണ്ടുപോകുമായിരുന്നു. കൂടാതെ വീട്ടിലെ കുടുംബപ്രാർത്ഥനയ്ക്കും ഒരിക്കലും മുടക്കം വരുത്തിയിട്ടില്ല. മാത്രമല്ല ദിവസവും കുഞ്ഞുങ്ങളെ കൊണ്ടു വചനം വായിപ്പിക്കുകയും വചനം

കാണാപ്പാഠം പഠിപ്പിക്കുകയും പ്രാർത്ഥിപ്പിക്കുകയും ചെയ്യുന്നത് ഒരു ദിനചര്യയായിരുന്നു. കുഞ്ഞുങ്ങളെ വിളിച്ച് അവർക്ക് ആത്മീയകഥകളും മിഷണറിമാരുടെ കഥകളും പറഞ്ഞു കൊടുക്കുമായിരുന്നു.

ജെയിംസ് തനിക്കുവേണ്ടി ഈ ലോകത്തിലേക്ക് വന്ന യേശുക്രിസ്തുവിനെ വിശ്വസിച്ചു. തന്റെ പാപങ്ങളെ ഏറ്റുപറഞ്ഞു കർത്താവിനെ തന്റെ ഏകരക്ഷകനും ദൈവവുമായി സ്വീകരിച്ചു. അങ്ങനെ അവൻ രക്ഷിക്കപ്പെട്ടു. അന്ന് മുതൽ അവസാനം വരെ അവന്റെ ജീവിതലക്ഷ്യം ഈ ക്രിസ്തുവിനുവേണ്ടി ജീവിക്കണം എന്നതായിരുന്നു. അനേകം പ്രശ്നങ്ങളും കഷ്ടങ്ങളും ഉണ്ടായി. അപ്പോൾ എല്ലാം അവന് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമായിരുന്നു.

ലാറ്റിനും ഗ്രീക്കും ജെയിംസിന്റെ ഇഷ്ടഭാഷയായിരുന്നു. വീട്ടിൽ നിന്നുകൊണ്ട് ഗ്ലാസ്സ്ഗോ യൂണിവേഴ്സിറ്റിയിൽ അവൻ പഠിച്ചു. യൂണിവേഴ്സിറ്റിയിൽ അവൻ വളരെ മിടുക്കനായ ഒരു സ്റ്റുഡന്റ് ആയിരുന്നു. അവൻ ഒരു മിഷണറിയായി പോകുവാൻ ആഗ്രഹം പ്രകടിപ്പിച്ചത് യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകർക്ക് ഒരു വിഷമമായി. എന്നാൽ അവൻ ലണ്ടൻ മിഷണറി സൊസൈറ്റിയിൽ അപേക്ഷിക്കുകയും അവർ അവനെ മിഷണറിയായി ചെസ്ഹണ്ട് കോളേജിൽ അയച്ചു. അധികം താമസിയാതെ ജെയിംസ് 1890-ൽ ലിവർപൂളിൽ നിന്ന് പെക്കിംഗിലേക്ക് കപ്പൽ കയറി. പെക്കിംഗിൽ ചെന്ന് ചൈനീസ് ഭാഷ പഠിക്കുവാൻ ആരംഭിച്ചു.



ആ മാസം 13 ഫ്രഞ്ച് മിഷണറിമാരെ കൊല്ലുകയും മിഷണറിമാരെ കൂട്ടമായിട്ട് കൊല്ലാൻ ഒരു പ്ലാൻ അവിടുത്തെ സർക്കാർ ഉണ്ടാക്കുകയും ചെയ്തു. അപ്പോൾ ജെയിംസ് വീട്ടിലേക്ക് എഴുതി. ഞങ്ങളുടെ മരണം ദൈവരാജ്യത്തിന്റെ വളർച്ചയ്ക്ക് കാരണമാകുമെങ്കിൽ മരിക്കുന്നതിൽ ഞങ്ങൾക്ക് ഒട്ടും ഖേദമില്ല. എന്നാൽ ദൈവം ഇടപ്പെടുകയും വെള്ളപ്പൊക്കം കാരണത്താൽ കൊല്ലാൻ നിശ്ചയിച്ച ദിവസം കൊല്ലാൻ പറ്റാതെ വരികയും അങ്ങനെ ആ പ്ലാൻ വേണ്ടെന്നു വെയ്ക്കുകയും ചെയ്തു.

ഗിൽമോർ പെക്കിംഗിൽ നിന്ന് മംഗോളിയയിൽ എത്തി. ഭാഷ പഠിക്കുവാനായിട്ട് ഒരു പോസ്റ്റുമാന്റെ കൂടെ അനേകം കിലോമീറ്റർ സഞ്ചരിച്ചു. പോസ്റ്റുമാൻ കൂട്ടിന് ആളെ കിട്ടയതിൽ സന്തോഷവാനായി ഭാഷ പഠിപ്പിച്ചു. ഒരു മാസത്തെ തുടർച്ചയായ യാത്രയായിരുന്നു അത്. അതിന്റെ ഇടയ്ക്ക് അവന്റെ പാസ്പോർട്ട് ശരിയല്ലെന്ന് കള്ളം പറഞ്ഞ് അവന്റെ യാത്ര മുടക്കിച്ചു. താൻ ഏകനായി തീർന്നു ആരുമില്ലാത്ത അവസ്ഥ. സംസാരിക്കുവാൻ ഭാഷ അറിയില്ല, അപ്പോൾ താൻ മരിച്ചെങ്കിൽ നന്നായിരുന്നു എന്നു പോലും ചിന്തിച്ചു. എന്നാൽ ദൈവം കൈവിട്ടില്ല. അവിടെ ഭാഷ പഠിക്കുവാൻ ദൈവം ഒരു സ്കോച്ച് വ്യാപാരി മുഖാന്തിരം വഴി ഒരുക്കി. അനേകരോട് സുവിശേഷം പറയുവാൻ സാധിച്ചു.

1872ൽ മിസ് എമിലിയെ വിവാഹം കഴിച്ചു. രണ്ടു മക്കൾ ഉണ്ടായി. എന്നാൽ 1885ൽ എമിലി രോഗം ബാധിച്ച് താൻ സ്നേഹിച്ച ആത്മനാഥന്റെ അടുക്കലേക്ക് പോയി.

മക്കളെ സ്കോട്ട്ലണ്ടിലേക്ക് വിട്ടു വീണ്ടും താൻ മംഗോളിയിൽ തനിച്ചായി.

അനേകരെ ക്രിസ്തുവിങ്കലേക്ക് നേടി. എന്നാൽ ആദ്യത്തെ കൺവേർട്ട് ഏകദേം 15 വർഷത്തിന് ശേഷമായിരുന്നു. മംഗോളിയ ലാമയുടെ കുടിലിൽ സുവിശേഷം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഒരു സാധാരണ മനുഷ്യൻ അകത്തേക്ക് വന്നു ജെയിംസിനോട് പറഞ്ഞു കഴിഞ്ഞ അനേകം നാളുകലായി ഞാൻ ക്രിസ്തുവിനക്കുറിച്ച് കേൾക്കുകയായിരുന്നു. എന്നാൽ ആ ക്രിസ്തുവിനെ എന്റെ രക്ഷകനായി സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നു. ജെയിംസും ആ മനുഷ്യനും ഒന്നിച്ച് അനേകം മൈൽ നടന്നു സംസാരിച്ചു ഒടുവിൽ ഒരു ഏകാന്തസ്ഥലത്ത് മുട്ടുകുത്തി കർത്താവിനെ സ്വീകരിച്ചു. ജെയിംസിന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. 15 വർഷത്തെ അദ്ധ്വാനത്തിന് ഫലം കാണുവാൻ സാധിച്ചു. താമസിയാതെ അനേകർ കർത്താവിൽ വിശ്വസിച്ചു.

ഏപ്രിൽ 1891-ൽ ലണ്ടൻ മിഷണറി സൊസൈറ്റി ജെയിംസിനെ നോർത്ത് ചൈന ഡിസ്ട്രിക്റ്റിലെ ചെയർമാനാക്കി. എന്നാൽ അദ്ദേഹം ആ സമയം ഡോക്ടർ റോബർട്ടിന്റെ അതിഥിയായിരുന്നു. ജെയിംസിന് ടൈഫോയിഡ് പിടിപെടുകയും മെയ് 21, 1891ന് അദ്ദേഹം താൻ സ്നേഹിച്ച തന്റെ അരുമനാഥന്റെ അടുക്കലേക്ക് യാത്രയായി. അദ്ദേഹത്തിന്റെ മരണവാർത്ത മംഗോളിയയിൽ എത്തിയപ്പോൾ ആബാലവൃദ്ധം ജനങ്ങൾ കരഞ്ഞു. എന്നിട്ട് അവർ പറഞ്ഞു "ഞങ്ങളുടെ ഗിൽമോർ മരിച്ചു."



# 55

## ദൗത്യം

ദൈവത്തിന്റെ മക്കളെക്കുറിച്ച് ദൈവത്തിന് ഒരു പദ്ധതിയുണ്ട്. നമ്മുടെ ദൗത്യം നാം ദൈവത്തിന്റെ പദ്ധതിയനുസരിച്ച് ജീവിക്കുക എന്നുള്ളതാണ്.

1825-ൽ ഹാലേ യൂണിവേഴ്സിറ്റിയിൽ ബാറ്റ ഒരു വേദശാസ്ത്ര വിദ്യാർത്ഥിയായി ചേർന്നു. 900 വിദ്യാർത്ഥികളുള്ള ആ യൂണിവേഴ്സിറ്റിയിൽ എല്ലാവരും നന്നായി പ്രസംഗിക്കുമായിരുന്നു. എന്നാൽ അധികം പേരും ദൈവഭയമില്ലാത്തവരായിരുന്നു. ബാറ്റ ശാന്തനെങ്കിലും ഗൗരവസ്വഭാവമുള്ളവനും ദൈവത്തെ ഭയന്ന് ദൈവേഷ്ടപ്രകാരം ജീവിക്കുന്നവനുമായിരുന്നു. തന്റെ ജീവിതത്തിൽ ദൈവികപ്ലാൻ അനുസരിച്ച് ജീവിക്കുമെന്ന് അവൻ നിർണ്ണയിച്ചു. അവന്റെ ദൗത്യം എന്താണെന്ന് അവന് അറിയാമായിരുന്നു. ഒരു ദിവസം ബാറ്റ ആ യൂണിവേഴ്സിറ്റിയിലെ വേറൊരു വിദ്യാർത്ഥിയായ ജോർജ്ജ് മുള്ളറിന്റെ കൂടെ നടക്കാൻ പോയി. ബാറ്റ അന്ന് തന്നെ ഒരു പ്രാർത്ഥനാകൂടിവരവിലേക്ക് മുള്ളറിനെ ക്ഷണിച്ചു.

മുള്ളർ 1805ൽ ഹാർ മുള്ളറിന്റെ മകനായി ജനിച്ചു. ജർമ്മനിയിലെ എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ഒരു ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു ഹാർ മുള്ളർ. ജോർജ്ജ് പിതാവിന്റെ വാത്സല്യപുത്രനായിരുന്നതുകൊണ്ട് പണം ധാരാളം കൊടുത്തു. ജോർജ്ജ് പണം കൊണ്ട് ഇഷ്ടം പോലെ ജീവിച്ചു. പിതാവ് കൊടുക്കുന്ന പണത്തിൽ കൂടുതൽ കിട്ടുവാൻ കള്ളറിപ്പോർട്ട് നലൽകി കൂടുതലൽ പണം മേടിച്ചു ഇഷ്ടം പോലെ ജീവിച്ചു.

മകൻ ഒരു ലൂഥറൻ പുരോഹിതൻ ആയി ധാരാളം പണം സ്വരൂപിക്കുവാനായി പിതാവ് നിർബന്ധിച്ചു. അതിനുവേണ്ടി അദ്ദേഹം മുള്ളറിനെ സെമിനാരിയിൽ അയച്ചു. അവിടെ പഠനത്തിൽ മിടുക്കനായിരുന്നെങ്കിലും ഈ ലോക ഇഷ്ടങ്ങൾക്ക് അനുസരിച്ച് മുള്ളർ ജീവിച്ചു. അങ്ങനെ ജീവിച്ചു വരവേ ബാറ്റയുമായി വാഗണറുടെ വീട്ടിലുള്ള ഒരു പ്രാർത്ഥനായോഗത്തിന് പോയി. വാഗണർ മുള്ളറിനെ സന്തോഷത്തോടെ സ്വീകരിച്ചു. ആദ്യമായാണ് മുള്ളർ ഒരു പ്രാർത്ഥനായോഗത്തിൽ സംബന്ധിക്കുന്നത്. അവിടെയുള്ളള പാട്ട്, പ്രസംഗം, പ്രാർത്ഥന, സുവിശേഷം എന്നിവ മുള്ളറിനെ ആകർഷിച്ചു. സുവിശേഷം എന്താണ് എന്ന് മനസ്സിലായി. പിൻകാലത്ത് ആഫ്രിക്കയിലേക്ക് പോയ ബ്രദർ കൈസറിന്റെ പ്രാർത്ഥന മുള്ളറെ ചിന്തിപ്പിച്ചു. ബാറ്റയും മുള്ളറും കൂടി തിരിച്ച് ഹോസ്റ്റലിലെത്തി. മുള്ളർ അന്ന് രാത്രി മുട്ടിന്മേൽ നിന്ന് കർത്താവിനോട് പ്രാർത്ഥിച്ചു. അന്ന് മുള്ളർ കർത്താവിനെ തന്റെ ഏക രക്ഷകനും കർത്താവുമായി സ്വീകരിച്ചു.



അങ്ങനെ മുള്ളർ ഒരു ദൈവമകനായി. അന്നുമുതൽ മാനസാന്തരത്തിന് യോഗ്യമായ ഫലം പുറപ്പെടുവിച്ചു കൊണ്ട് ഇരിക്കാൻ മുള്ളർ തീരുമാനിച്ചു. മുള്ളർ വലിയ ഒരു വ്യക്തിയായി ഉയർന്നു. ബാറ്റയുടെ ദൗത്യം ബാറ്റ ചെയ്തതു മുഖാന്തിരം ബാറ്റയെക്കാളും വലിയ കാര്യങ്ങൾ ചെയ്തു മുള്ളറിനെ കർത്താവിങ്കലേക്ക് നടത്തുവാൻ ബാറ്റയ്ക്ക് സാധിച്ചു. ബ്രദർ കൈസറിന്റെ മുട്ടിന്മേൽ നിന്നുള്ള പ്രാർത്ഥന മുള്ളറിനെ ഒരു പ്രാർത്ഥനാ വീരനായി തീരുവാൻ പിന്നീട് സഹായിച്ചു.

ഒരു കഴിവും നമ്മൾക്കില്ല എങ്കിലും നമ്മെ പരിപൂർണ്ണമായി ദൈവത്തിന് സമർപ്പിച്ചുകൊണ്ട് നമ്മുടെ ദൗത്യം ചെയ്താൽ നമ്മെക്കൊണ്ട് വലിയ കാര്യങ്ങൾ ചെയ്യുവാൻ ദൈവം നമ്മെ സഹായിക്കും. കുഞ്ഞു ങ്ങളെ നിങ്ങളുടെ ഡ്യൂട്ടി ചെയ്യുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. “ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം.” (1 കൊരി. 9:16).

# 56

## ആറ് വയസ്സുകാരനായ ജോൺസൺ സി. ഫിലിപ്പിന്റെ തീരുമാനം

**എ**നിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതും ലാഭവും ആകുന്നു. ഫിലപ്പിയർ 1:21.

ദൈവീക കരുതൽ അനുഭവിച്ചു ബ്രദർ ഫിലിപ്പ് എബ്രാഹാം, എം.എ. തോമസ്, കെ.സി. ജോൺ, പോൾ എസ്. കാന്റ പിന്നെ എം.എ. തോമസ്സിന്റെയും ഫിലിപ്പ് എബ്രാഹാമിന്റെയും കുടുംബം രാജസ്ഥാനിലുള്ള കോട്ട യിൽ എത്തി. അവിടെ അവർ കർത്താവിന്റെ വേല തുട ങ്ങി. ട്രാക്റ്റ്, ബുക്ക്ലെറ്റ് പുതിയ നിയമം മറ്റു ചെറിയ പുസ്തകങ്ങൾ എന്നിവ കൊടുത്തു. പരസ്യപ്രവർത്തനം നടത്തുകയും ചെയ്തു. അവർ ഒന്നിച്ചു ഒരു വീട് എടുത്തു താമസിച്ചു. സന്തോഷത്തോടെ ദിവസങ്ങൾ നീങ്ങി.

ഒരുദിവസം രാവിലെ 5 മണിക്ക് മുമ്പ് വലിയൊരു കൂട്ടം ക്രിസ്തുവിരോധികൾ വടികളുമായി ഭവനത്തിൽ



വന്നു. പുരുഷന്മാരെ പിടിച്ച് അടിക്കുവാനും ഉപദ്രവി ക്കുവാനും തുടങ്ങി. സ്ത്രീകൾ കുഞ്ഞുങ്ങളെയും കൂട്ടി ഓടി ഒളിച്ചു. എല്ലാവരും ഭയന്നു. അയൽക്കാർ ചിലർ പോലീസിനെ അറിയിച്ചു. പോലീസ് സമയത്തു എത്തിയ തുകൊണ്ട്, ദൈവത്തിന്റെ കരുണകൊണ്ടും 4 പുരുഷ ന്മാരും പരുക്കകളോടുകൂടി മരണത്തിൽനിന്ന് രക്ഷപ്പെട്ടു.

ഏകദേശം 11 മണിയായപ്പോൾ കെ.സി.ജോൺ അങ്കിൾ വന്നു 6 വയസ്സുകാരനായ ജോൺസനെ അവർ താമസിച്ചിരുന്ന വീട്ടിലേക്ക് കൊണ്ടുപോയി. വീടിനു മുമ്പിൽ തീ ആളിക്കത്തുന്നു. വേദപുസ്തകങ്ങളും, ട്രാക്റ്റ കൾ, പുസ്തകങ്ങൾ കത്തി തീരാറായി. അങ്കിൾ പറഞ്ഞു നമ്മളെ ഇവിടെ സഹായിക്കുവാൻ ആരുമില്ല. അവർ പ്രായ മുള്ള ഞങ്ങളെ കൊന്നു എന്നു വന്നേക്കാം. ഞാൻ വിചാ രിക്കുന്നു നിനക്ക് ഭയമില്ല, കാരണം നീ രക്ഷിക്കപ്പെട്ട ഒരു ദൈവമകൻ ആണല്ലോ. ദൈവം നമ്മോടു കൂടെയുണ്ട്. ദൈവം അറിയാതെ നമ്മുടെ ജീവിതത്തിൽ ഒന്നും വരു കയില്ല. ഉടനെ ജോൺസൺ പറഞ്ഞു. അങ്കിളെ അവർ നിങ്ങളെ എല്ലാവരെയും കൊന്നാലും, ഞാൻ ജീവിക്കു വാൻ, വളരുവാൻ ദൈവം അനുവദിച്ചാൽ ഞാൻ സുവി ശേഷം അവരോട് അറിയിക്കും. അവരുടെ ഭാഷ ഞാൻ പഠിക്കും. സുവിശേഷം അവരോട് അറിയിക്കും. കർത്താവ് ആ തീരുമാനം മാനിച്ചു. ജോൺസനെ തന്റെ വിദ്യാഭ്യാസം കഴിഞ്ഞു കർത്താവിന്റെ വേലയ്ക്കായി വിളിച്ചു. വേർതി രിച്ചു. അവൻ ഇന്ന് കർത്താവിന്റെ വയലിൽ. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

# 57

## അഗ്നിശോധനയിൽ സന്തോഷിക്കുക

പ്രിയമുള്ളവരേ, നിങ്ങൾക്കു പരീരക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനകൾ ഒരു അപൂർവ്വ കാര്യം. നിങ്ങൾക്കു വന്നു കൂടി എന്ന് വെച്ച് അതിശയിച്ചു പോകരുത്. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുന്തോറും സന്തോഷിച്ചു കൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും. (1 പത്രൊസ് 4: 12, 13).

ദൈവത്തിനായി സമർപ്പിച്ച ദൈവഹിതപ്രകാരം ജീവിക്കുന്ന ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ കഷ്ടങ്ങൾ, നഷ്ടങ്ങൾ, നിന്ദകൾ, പരിഹാസങ്ങൾ, ദുഃഖങ്ങൾ, മരണങ്ങൾ ഒക്കെ ഉണ്ടായി എന്നു വരാം. ഇതിൽ ഒന്നിലും തളർന്നുപോകാതെ ദൈവം തന്നിരിക്കുന്ന സമയം ദൈവവേലയ്ക്കായി, അനേകരെ കർത്താവിനായി നേടുന്നവരായി ജീവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. സമയം തക്കത്തിൽ ഉപയോഗിക്കണം. സമയം നമ്മൾക്ക് കിട്ടിയി



രിക്കുന്ന ഒരു നിധിയാണ്. അത് ഉപയോഗിച്ച് ഇല്ലെങ്കിൽ നഷ്ടപ്പെട്ടു എന്നറിഞ്ഞു കർത്താവിനായി ഉപയോഗിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

പെട്രിക്ക് ഹാമിൽറ്റൺ ഒരു ധനിക കുടുംബത്തിൽ സ്കോട്ട്ലാന്റിൽ ജനിച്ചു. ബുദ്ധിയും കഴിവുമുള്ള ഒരു കുട്ടിയായിരുന്നു ഹാമിൽറ്റൺ. പഠിത്തത്തിൽ വളരെ മിടുക്കനായിരുന്നു. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞശേഷം മാർബർഗ് യൂണിവേഴ്സിറ്റിയിൽ പഠിക്കുവാനായി പോയി. അവിടെ പഠിക്കുന്ന സമയം കൃപയാലുള്ള രക്ഷയെക്കുറിച്ചു കേൾ ക്കുവാൻ ഇടയായി. രക്ഷ ദൈവത്തിന്റെ ദാനം ആണെന്ന് മനസ്സിലാക്കിയ ഹാമിൽറ്റൺ മാനസാന്തരപ്പെട്ട് കർത്താവിനെ സ്വന്തം രക്ഷകനായി സ്വീകരിച്ചു ഒരു ദൈവമകനായി.

പിന്നെ ഹാമിൽറ്റൺ ചിന്ത ഓരോ നിമിഷവും എങ്ങനെ കർത്താവിനെ പ്രസാദിപ്പിക്കേണം, എങ്ങനെ കർത്താവിനെക്കുറിച്ചു മറ്റുള്ളവരോട് പറയണം എന്നായിരുന്നു.

പഠിത്തത്തോടുകൂടി അവൻ ഒരു നല്ല ദൈവഭക്തനായി ദൈവവേല ചെയ്തു. യൂണിവേഴ്സിറ്റിയിലെ പഠിത്തം തീരാറായപ്പോൾ ഹാമിൽറ്റൺ ഒരു കാര്യം തീരുമാനിച്ചു. ഞാൻ സ്കോട്ട്ലാന്റിൽ പോയി അവിടെയുള്ളവരോട് ആത്മരക്ഷയെക്കുറിച്ചു പ്രസംഗിക്കും. രക്ഷ കൃപയാൽ, വിശ്വാസത്താൽ, ലഭിക്കും എന്ന് മറ്റുള്ളവരെ അറി

യിക്കുക അതായിരുന്നു ഹാമിൽറ്റണിന്റെ ലക്ഷ്യം.

യൂണിവേഴ്സിറ്റി പഠിത്തം കഴിഞ്ഞു ജോലിക്കു ഒന്നും പോകാതെ ഹാമിൽറ്റൺ സ്കോട്ട്ലാന്റിൽ തിരിച്ചു ചെന്ന് കർത്താവിനെക്കുറിച്ച് പ്രസംഗിക്കുവാൻ തുടങ്ങി. അങ്ങനെ പ്രസംഗിക്കരുത് എന്ന് അവനോട് പറഞ്ഞുവെങ്കിലും സമയം തക്കത്തിൽ ഉപയോഗിച്ചുകൊണ്ട് സുവിശേഷം വ്യക്തമായി പ്രസംഗിച്ചു. അനേകർ രക്ഷിക്കപ്പെട്ടു.

ഹാമിൽറ്റണിന് അറസ്റ്റ് ചെയ്തു ജയിലിലിട്ടു. അവിടെയും സുവിശേഷം പറഞ്ഞു അനേകരെ നേടി. അവനെ അവർ മരണശിക്ഷയ്ക്കു വിധിച്ചു.

ഹാമിൽറ്റണിനെ കെട്ടി വിറകുചുറ്റും അടക്കി തീ കൊളുത്തി. വിറക് കത്തുവാൻ താമസമുണ്ടായി. ആ സമയം ധൈര്യത്തോടും സന്തോഷത്തോടും അവൻ സുവിശേഷം പ്രസംഗിച്ചു. ഇതുകേട്ടു അനേകർ ക്രിസ്തുവിനെ അവരുടെ രക്ഷകനായി സ്വീകരിച്ചു.

തീ അവന്റെ ചുറ്റും മൂടി കർത്താവേ എന്റെ ആത്മാവിനെ ഞാൻ നിന്നിൽ സമർപ്പിക്കുന്നു എന്നു പറഞ്ഞു ഹാമിൽറ്റൺ തന്നെ രക്ഷിച്ചു. തനിക്കുവേണ്ടി ജീവൻ കൊടുത്തു. കർത്താവിന്റ അടുക്കൽ എത്തിച്ചേർന്നു. ദൈവത്തിന്റെ വലിയ നാമം മഹത്വപ്പെടുമാറാകട്ടെ.



# 58

## അവൾ തന്നാൽ ആവതു ചെയ്തു

യേശുകർത്താവ് ഈ ലോകത്തിൽ ആയിരുന്നപ്പോൾ ബേഥാന്യയിലെ കുഷ്ഠരോഗിയായി ശീമോന്റെ വീട്ടിൽ ചെന്നു. അവിടെ യേശു പന്തിയിൽ ഇരുന്നു. അപ്പോൾ മറിയ ഒരു വെങ്കൽഭരണി വിലയേറിയ സ്വച്ഛ ജട മാംസി തൈലവുമായി വന്നു. അതുപൊട്ടിച്ചു യേശുവിന്റെ തലയിൽ ഒഴിച്ചു. യേശുവിന്റെ കാൽ പൂശി തലമുടി കൊണ്ട് കാൽ തുടച്ചു. വീട് സൗരഭ്യം കൊണ്ട് നിറഞ്ഞു. ഈസ്കോര്യോത്താവ് യുദ പറഞ്ഞു. ഇത് 300 വെള്ളി കാശിന് വിറ്റ് ദരിദ്രർക്ക് കൊടുക്കുമായിരുന്നുവല്ലോ. ഇത് ദരിദ്രരെക്കുറിച്ച് വിചാരണയുണ്ടായിടല്ല, പിന്നെയോ യുദ കള്ളനായതുകൊണ്ട് പണസഞ്ചിയിൽ നിന്ന് പണം കക്കുന്നത് കൊണ്ടുമാണ് പറഞ്ഞത്. എന്നാൽ കർത്താവ് പറഞ്ഞു അവൾ എന്റെ കല്ലറയുടെ അടക്കത്തിനായി എന്റെ ദേഹത്തിനു മുമ്പുകൂട്ടി തൈലം പൂശി. സുവിശേഷം ലോകത്തിൽ പ്രസംഗിക്കുന്നിടത്ത് ഒക്കെയും അവൾ ചെയ്തതും അവളുടെ ഓർമ്മയ്ക്കായി

പ്രസ്താവിക്കും. അവൾ തന്നാൽ ആവത് ചെയ്തു. പ്രിയ കുഞ്ഞുങ്ങളെ നമ്മളെക്കുറിച്ച് എന്തു പറയും നമ്മൾക്ക് ആവത് ചെയ്തു എന്ന് പറയുമോ.

തങ്ങൾക്ക് ആവത് ചെയ്തു അനേകരെക്കുറിച്ച് വിശുദ്ധ ബൈബിളിലും പുറത്ത് നമ്മൾക്ക് കാണുവാൻ സാധിക്കും.

ബ്രിഡ്ജ് പോർട്ടിൽ Fanny Crossbyയുടെ ശവകൂടീരത്തിൽ ഇങ്ങനെ എഴുതി വെച്ചിരിക്കുന്നത് കാണാം. ഫാനി ക്രോസ് ബി - അവൾ തന്നാൽ ആവതു ചെയ്തു.

ന്യൂയോർക്കിലെ സൗത്ത് ഈസ്റ്റിൽ ഒരു സാധാരണ കുടുംബത്തിൽ 1820 മാർച്ച് 14-ാം തീയതി ഫാനി ജനിച്ചു. 6 മാസം പ്രായമുള്ളപ്പോൾ കണ്ണിന് അസുഖം പിടിച്ചു. ഡോക്ടർ മരുന്നു മാറി കണ്ണിൽ ഒഴിച്ചത് മുഖാന്തരമായി കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടു. തന്റെ കാഴ്ച നഷ്ടപ്പെടുവാൻ കാരണമായ ഡോക്ടറോട് അവൾക്ക് ഒരു ദേഷ്യവും ഉണ്ടായില്ല, മറിച്ച് ദൈവഹിതത്താൽ ഞാൻ അന്ധയായി എന്നവൾ വിശ്വസിച്ചു.

8-ാം വയസ്സിൽ അവൾ ഒരു ഗാനം എഴുതി. പിന്നെ ഗാനങ്ങൾ എഴുതുവാൻ തുടങ്ങി. മതേതര ഗാനങ്ങളാണ് അവൾ എഴുതിയിരുന്നത്. ചെറുപ്പം മുതൽ അനേകം ബൈബിൾ വാക്യങ്ങൾ അവൾ കാണാപ്പാഠം പഠിക്കുമായിരുന്നു. മോശെയുടെ പഞ്ചഗന്ധം, 4 സുവിശേഷങ്ങൾ, രുത്ത് ഉത്തമഗീതം സദൃശ വാക്യങ്ങൾ പിന്നെ പല



സങ്കീർ ത്തനങ്ങൾ അവൾക്ക് കാണാപ്പാഠമായി അറിയാമായിരുന്നു.

പ്രിയ കുഞ്ഞുങ്ങളെ അന്ധയായ ഫാനി ക്രോസ് ബി ഇത്ര വാക്യങ്ങൾ കാണാപ്പാഠമായി അറിയാമായിരുന്നു. നമ്മൾക്ക് എത്ര വാക്യം അറിയാം. ഈ വാക്യങ്ങളാണ് അവളെ നടത്തിയത് എന്ന് അവൾ പറയുമായിരുന്നു. നമ്മൾക്ക് ദൈവത്തിനുവേണ്ടി ആവോളം ചെയ്യുവാൻ ആഗ്രഹമുണ്ടെങ്കിൽ വചനം ഹൃദയത്തിൽ ആവശ്യമാണ്.

12-ാം വയസ്സിൽ അന്ധമാർക്കുള്ള സ്കൂളിൽ വിദ്യാഭ്യാസം ആരംഭിച്ചു. പഠനശേഷം 1847 മുതൽ 1858 വരെ ആ സ്കൂളിൽ ഒരു അദ്ധ്യാപികയായി. അന്ധസംഗീതജ്ഞനായ അലക്സാണ്ടർ വാൻ ഓൾസ്റ്റൈനെ 1858ൽ ഫാനി വിവാഹം കഴിച്ചു. ദൈവം അവർക്ക് ഒരു കുഞ്ഞിനെ കൊടുത്തു. എന്നാൽ കുഞ്ഞ് ചെറുപ്പത്തിൽ തന്നെ മരിച്ചു. തന്റെ ജീവിതത്തിൽ ഉണ്ടായ കഷ്ടത ഒന്നും അവളെ താഴ്ത്തിയില്ല.

1850ൽ അവൾ രക്ഷിക്കപ്പെട്ടു ഒരു ദൈവമകളായി. 1863ൽ അവൾ ക്രൈസ്തവ സംഗീതജ്ഞനായ വില്യം ബിബ്രഡ്ബറിയെ കണ്ടുമുട്ടി. അദ്ദേഹം അവൾക്ക് പ്രോത്സാഹനം കൊടുത്തു. അന്നുമുതൽ അവൾ ക്രിസ്തീയ ഗാനങ്ങൾ എഴുതുവാൻ ആരംഭിച്ചു. ഗാനം എഴുതുന്നതിന് മുമ്പ് പ്രാർത്ഥിക്കുകയും ദൈവത്തിന്റെ ഗൈഡൻസിനായി കാത്തിരിക്കുകയും ചെയ്യുമായിരുന്നു. അവളുടെ ഗാനങ്ങൾ മുഖാന്തരം അനേകർ രക്ഷിക്കപ്പെട്ടു. അനേകർ

പിന്മാറ്റത്തിൽ നിന്ന് തിരിച്ചുവന്നു, അനേകർക്ക് ആശ്വാസമായി. ഏകദേശം 8000ത്തിലധികം ഗാനങ്ങൾ ഫാനി എഴുതി. അതിൽ ചിലതാണ്

a) Pass me not O Gentle Saviour
b) Rescue the Perishing
c) Jesus keep me near the Cross
d) Blessed Assurance Jesus is mine
e) All the way my saviour leads me
f) Praise Him Praise Him
g) I am thine Oh Lord
h) Save my Grace

ന്യൂയോർക്കിൽ ബ്രൗറി ഡിസ്ട്രിക്റ്റ് ഉള്ള ഹോം മിഷനിൽ അവൾ പോകുകയും അവിടെയുള്ള കുഞ്ഞുങ്ങളോട് കൂടി സമയം ചെലവഴിക്കുകയും അവരെ സഹായിക്കുകയും ചെയ്യുമായിരുന്നു. അവിടെയുള്ള കുഞ്ഞുങ്ങൾ തന്റെ കുഞ്ഞുങ്ങൾ എന്നാണ് ഫാനി പറഞ്ഞുകൊണ്ടിരുന്നത്.

ഫാനി നല്ല ഒരു പ്രസംഗയായിരുന്നു. യു.എസ്.എയിൽ ഉടനീളം സഞ്ചരിച്ച് കർത്താവിനെക്കുറിച്ച് സാക്ഷിക്കുകയും ക്ലാസ്സുകൾ എടുക്കുകയും ചെയ്യുമായിരുന്നു.

പ്രസിദ്ധനായ ഒരു സ്കോട്ടിഷ് പുരോഹിതൻ ഫാനിയോട് പറഞ്ഞു. ഇത്രയും കഴിവുള്ള നിങ്ങൾക്ക് ദൈവം



കാഴ്ച തരാത്തത് കഷ്ടമായിപ്പോയി ഉടനെ ഫാനി അദ്ദേഹത്തെ ശാസിച്ച് എന്നിട്ട് പറഞ്ഞു ഞാൻ ജനിച്ച സമയത്തു ദൈവത്തോട് ഒരു അപേക്ഷ ചോദിക്കുവാൻ അവസരം കിട്ടിയിരുന്നെങ്കിൽ ഞാൻ ചോദിച്ചേനെ എന്നെ ജന്മനാൽ അന്ധയാക്കി സൃഷ്ടിക്കണം എന്ന്. ആ പുരോഹിതൻ അതിന് കാണം ചോദിച്ചപ്പോളൾ അവൾ പറഞ്ഞു, കാരണം ഞാൻ സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ എന്റെ ജീവിതത്തിൽ ആദ്യം കാണുന്ന വ്യക്തി കർത്താവ് ആയിരുന്നേനെ. അതായിരുന്നു ഫാനിയുടെ സമർപ്പണവും വിശ്വാസവും.

1915 ഫെബ്രുവരി 12-ാം തീയതി ബ്രിഡ്ജ് പോർട്ടിലെ കണക്ടികട്ട് എന്ന സ്ഥലത്ത് വെച്ചു ഫാനി ക്രോസ് ബി തന്റെ 95-ാമത്തെ വയസ്സിൽ കർത്താവിന്റെ സന്നിധിയിൽ എത്തിച്ചേർന്നു. അവൾ തന്നാൽ ആവതു ചെയ്തു. നാമോ?

# 59

## എന്നെ വിടുവിച്ച സർവ്വശക്തനായ ദൈവം

നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ച് തന്റെ ദൂതന്മാരോട് കല്പിക്കും. നിന്റെ കാൽ കല്ലിൽ തട്ടിപ്പോകാതിരിക്കേണ്ടതിന് അവർ നിന്നെ കൈകളിലൽ വഹിച്ചുകൊള്ളും. സങ്കീ. 91:11,12

മദ്ധ്യപ്രദേശിൽ ഗവാളിയാർ എന്ന സ്ഥലത്ത്, മഹൽ ഗാവ് എന്ന ചമ്പൽ ഗ്രാമത്തിൽ ജോൺസൺ സി. ഫിലിപ്പ്, ശാന്ത ജോൺസൺ അവരുടെ മക്കൾ ആനന്ദും ആശയും കർത്താവിന്റെ വേല ചെയ്യുകയായിരുന്നു.

1991-ൽ ഭർത്താവ് കേരളത്തിൽ പത്തനംത്തിട്ടയിൽ ബൈബിൾ കോളേജിൽ ക്ലാസ്സ് എടുക്കുവാനായി വന്ന സമയം. ദൈവമക്കളുടെ ജീവിതത്തിൽ ഏതു തരത്തിലുള്ള കഷ്ടവും പ്രയാസവും നിന്ദയും വരാം. ആനന്ദും ആശയും സ്കൂളിൽ പോയി ബസ്സിന്റെ സ്റ്റോപ്പ് ഞങ്ങളുടെ വീട്ടിൽ നിന്ന് 2 കിലോമീറ്റർ അകലെ. ഒരു ബ്രിഡ്ജിന്റെ മുകളിലായിരുന്നു ബസ് സാധാരണ നിൽക്കുന്നത്. ഏകാ



ന്തമായ ഒരു സ്ഥലം. ചുറ്റും വീടുകളോ ആളുകളോ ഇല്ല. ഞാൻ പതിവുപോലെ കുഞ്ഞുങ്ങളെ കൊണ്ടുവരുവാൻ ബസ് വരുന്നിടത്ത് പോയി നിന്നു.

കണ്ടാൽ ഭയം തോന്നുന്ന രണ്ടു വ്യക്തികൾ രണ്ടു ബൈക്കിൽ എന്റെ അടുത്തുവന്ന് നിന്നിട്ട് എന്നോട് പറഞ്ഞു കേറടി ബൈക്കിൽ. എന്റെ കഴുത്തിൽ ആഭരണം ഇല്ലാതിരുന്നതുകൊണ്ട് ഞാൻ വിവാഹം കഴിച്ചിട്ടില്ലാത്ത വ്യക്തിയായിരിക്കും എന്നവർ വിചാരിച്ചു. സ്ത്രീകളെ പിടിച്ചു പെൺ കച്ചവടത്തിന് കൊണ്ടുപോകുകയും വിൽക്കുകയും ചെയ്തതിന് പ്രസിദ്ധികേട്ട സ്ഥലമാണ് അത്. കേറടി എന്നു പറഞ്ഞപ്പോൾ ആദ്യം ഞാൻ ഒന്ന് ഞെട്ടി. എന്നാൽ ഉടനെ മകളെ ഭയപ്പെടണ്ട, ഞാൻ നിന്നോട് കൂടെയുണ്ട് എന്ന ഇമ്പസ്വരം കേട്ട് ഞാൻ ധൈര്യപ്പെട്ടു.

ഞാൻ അവരോട് പറഞ്ഞു നിങ്ങൾക്ക് ഞാൻ ആരാണ് എന്നറിയില്ല. അതുകൊണ്ടാണ് നിങ്ങൾ ഇങ്ങനെ പറയുന്നത്. നിങ്ങളെ എല്ലാം ഞാൻ ജയിലിൽ ഇടും. എന്റെ മുഖത്ത് ഭയത്തിന്റെ ഒരു ഭാവമില്ലാതിരുന്നതു അവരെ അമ്പരിപ്പിച്ചു. ഞാൻ പക്ഷെ പുറകോട്ട് നടന്ന, കാലു കൊണ്ട് കല്ല് തപ്പി എടുക്കുവാൻ ശ്രമിച്ചു. കർത്താവേ എന്നെ രക്ഷിക്കണമേ എന്നു പ്രാർത്ഥിച്ചു ഉടനെ അവരുടെ കൂട്ടത്തിലുള്ള മൂന്നാമത്തെ ബൈക്കും അവിടെ വന്നു നിന്നു. എന്നിട്ട് വീണ്ടും പറഞ്ഞു കേറടി.

എന്റെ ദൈവം ജീവിക്കുന്നു. തക്കസമയത്തു അവൻ പ്രവർത്തിക്കുന്നവനാണ് എന്ന് എനിക്ക് കാണിച്ചുതന്ന ഒരവസരം.

ആ നിമിഷം സ്കൂൾ ബസ് അവിടെ വന്നു നിന്നു. കുഞ്ഞുങ്ങൾ ഓടി ഇറങ്ങിവന്നു എന്നെ കെട്ടിപിടിച്ചു. ഞാൻ കൈ കാട്ടി ഡ്രൈവറെ വിളിച്ചു. ഞാൻ കൈ കാട്ടി ഡ്രൈവറെ വിളിച്ചു. ക്ലീനറും, കണ്ടക്ടറും ഡ്രൈവറും കൂടി ചാടി വന്നു. അവർക്ക് കാര്യം മനസ്സിലായി. അവർ ഗുണ്ടകളോട് ചോദിച്ചു ഞങ്ങളുടെ സാറിന്റെ ഭാര്യയോട് നിങ്ങൾ എന്തു പറഞ്ഞു. ഇത് കേട്ടതും അവർ ബൈക്ക് സ്റ്റാർട്ട് ചെയ്തു ജീവനും കൊണ്ട് ഓടി. എന്റെ ദൈവം എത്ര വലിയവൻ, വിശ്വസിപ്പാനും ആശ്രയിപ്പാനും അവൻ യോഗ്യൻ.

അന്ന് ഞങ്ങൾക്ക് ടെലിഫോൺ ഇല്ലായിരുന്നു. അച്ചായന്റെ ഒരു സുഹൃത്തിന്റെ വീട്ടിൽ ചെന്ന് പപ്പയ്ക്ക് ഫോൺ ചെയ്തു. പപ്പയും മമ്മിയും സിസ്റ്റേഴ്സും ഓടി വന്നു. മമ്മി കുറച്ചു ദിവസം ഞങ്ങളുടെ കൂടെ താമസിച്ചു. എനിക്കു യാതൊരു ഭയവും ഇല്ല എന്നു മനസ്സിലാക്കി മമ്മി തിരിച്ചുപോയി. ഭർത്താവ് വരുന്നതുവരെ ഈ വിവരം അറിയിച്ചില്ല. കാരണം കർത്താവിന്റെ വേലയ്ക്ക് പോയതിന്റെ ഇടയ്ക്ക് വരുവാൻ പാടില്ല എന്നു വിചാരിച്ചു. നമ്മുടെ മാതാപിതാക്കളോ, ഭർത്താവോ നമ്മെ സംരക്ഷിക്കുന്നതിനോ എത്രയോ അധികമായി നമ്മെ സംരക്ഷിക്കുവാൻ, കരുതുവാൻ നമ്മുടെ രക്ഷകൻ പ്രാപ്തനാണ്, തയ്യാറുള്ളവനുമാണ്. നമ്മുടെ ദൈവം വിശ്വസിക്കുവാനും ആശ്രയിക്കുവാനും യോഗ്യൻ. അവന്റെ നാമം മഹത്വപ്പെടുമാറാകട്ടെ.



# 60

## നമ്മെ എങ്ങനെ അറിയപ്പെടണം എന്നാണ് നാം ആഗ്രഹിക്കുന്നത്

ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരി ക്കുന്നു. അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും. (2 തിമൊ. 4:9)

പൗലോസ് അപ്പൊസ്തലൻ തന്റെ ജീവിതാവസാനത്തിൽ നിന്നുകൊണ്ട് പറയുന്ന വാക്കുകളാണ് ഇത്. യേശുക്രിസ്തുവിൽ വിശ്വസിച്ചവരെ പിടിക്കുകയും ഉപദ്രവിക്കുകയും മാത്രമല്ല കൊല്ലുവാൻ അനുവാദം മേടിക്കുകയും ചെയ്ത ഒരു കൊലയാളി ആയിരുന്നു പൗലോസ്. എന്നാൽ താൻ ഒരു ദൈവമകനായി. അനേകരെ കർത്താവിനായി നേടി, കർത്താവിനായി അനേകം കഷ്ടത സഹിച്ചു. അടിയേറ്റു, മരണവക്ക് വരെ എത്തി. അനേകം പുസ്തകങ്ങൾ എഴുതി, അനേകം സഭകൾ സ്ഥാപിച്ചു. ഇപ്പോൾ

തനിക്ക് പറയാനുള്ളത് എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നതും ലാഭവും. പ്രിയ കുഞ്ഞുങ്ങളെ ദൈവത്തിനും മറ്റുള്ളവർക്കും നമ്മെക്കുറിച്ചു എന്തു പറയുവാൻ സാധിക്കും.

ഏകദേശം 55 വയസ്സുള്ള ആൽഫ്രഡ് നോബൽ രാവിലെ പത്രം വായിച്ചു. ചരമവാർത്തകൾ നോക്കി. അദ്ദേഹം തന്റെ മരണവാർത്ത അതിൽ കണ്ടു ഞെട്ടിപ്പോയി. ഒരുനിമിഷം അധികം ചിന്തിച്ചു ഞാൻ മരിച്ചോ അതോ ഞാൻ ജീവനുള്ളവനാണോ. പിന്നീട് തന്നെക്കുറിച്ച് ലോകം എന്താണ് എഴുതിയിരിക്കുന്നത് എന്നറിയുവാൻ വീണ്ടും വായിച്ചു. ഡൈനാമിറ്റ് രാജാവ് അന്തരിച്ചു. അദ്ദേഹം മരണത്തിന്റെ കച്ചവടക്കാരനായിരുന്നു. ആ വാർത്ത അദ്ദേഹത്തെ വേദനിപ്പിച്ചു, ചിന്തിപ്പിച്ചു. താൻ മരിക്കുമ്പോൾ ലോകം തന്നെക്കുറിച്ചു പറയുന്നത് ഇതായിരിക്കും. അത് അനുവദിച്ചുകൂടാ. ഈ അഭിപ്രായത്തിന് വ്യത്യാസം വരുത്തും എന്നദ്ദേഹം തീരുമാനിച്ചു.

1833 ഒക്ടോബർ മാസത്തിൽ ആൽഫ്രഡ് നോബൽ ജനിച്ചു. പഴയ കെട്ടിടങ്ങളും പാലങ്ങളും പൊളിക്കുന്ന ജോലിയായിരുന്നു പിതാവിന്. പൊളിക്കുന്നതിനുവേണ്ടി ചെറിയ വെടിമരുന്നുകൾ ഉപയോഗിച്ചിരുന്നു. ആൽഫ്രഡ് വിചാരിച്ചു എങ്ങനെയെങ്കിലും ഒരു ശക്തിയേറിയ സ്ഫോടകവസ്തു കണ്ടുപിടിക്കണം. അത് തന്റെ പിതാവിന്റെ ജോലിക്ക് സഹായമാകും എന്ന് ചിന്തിച്ചു. ഒടുവിൽ ആൽഫ്രഡ് ഒരു ഡൈനാമിറ്റ് കണ്ടുപിടിച്ചു. മാത്ര



മല്ല അത് വലിയ ഒരു ഫാക്ടറിയായി വളർന്നു. താനും കുടുംബവും സമ്പന്നരാവുകയും ചെയ്തു. എന്നാൽ മറ്റു ചിലർ ഈ ഡൈനാമിറ്റ് മേടിക്കുകയും അതുകൊണ്ട് മനുഷ്യരെ കൊല്ലുകയും നശിപ്പിക്കുകയും ചെയ്തു.

ഡൈനാമിറ്റ് കണ്ടുപിടുത്തം ഒരു ശാപമായി തീർന്നു. ഗുണത്തിലേറെ അത് ദോഷം ചെയ്തു. ഫാക്ടറിക്ക് തീപിടുത്തം ഉണ്ടായതു മുഖാന്തരം തന്റെ ജ്യേഷ്ഠ സഹോദരൻ മരിച്ചു. ജ്യേഷ്ഠ സഹോദരന്റെ പേരിന് പകരം ആൽഫ്രഡിന്റെ പേരാണ് ചരമവാർത്തയിൽ വന്നത്.

ആൽഫ്രഡ് ഒരു തീരുമാനം എടുത്തു. വരുമാനത്തിന്റെ നല്ല പങ്ക് സമ്മാനങ്ങളായി പ്രഖ്യാപിച്ചു. പഠനത്തിനോ രാഷ്ട്രത്തിന്റെ ഉന്നമനത്തിനോ ആരെങ്കിലും പ്രയത്നിക്കുകയും അതിൽ വിജയിക്കുകയും ചെയ്താൽ അവരെ അനുമോദിക്കുക എന്നതായിരുന്നു ഈ സമ്മാനത്തിന്റെ ലക്ഷ്യം. അങ്ങനെ ആൽഫ്രഡ് നോബൽ തുടങ്ങിയ സമ്മാനത്തിന് നോബൽ പ്രൈസ് എന്ന് അറിയപ്പെട്ടു. ഇന്ന് ആൽഫ്രഡിന് അറിയപ്പെടുന്നത് മനുഷ്യരെ കൊല്ലുന്ന ഡൈനാമിറ്റ് രാജാവ് എന്നല്ല മറിച്ച് നോബൽ പ്രൈസിന്റെ പിതാവായിട്ടാണ്.

ഇന്നല്ലെങ്കിൽ നാളെ നാം മരിക്കും. നമ്മെ ലോകത്ത് അറിയപ്പെടുന്നത് എങ്ങനെയായിരിക്കും. നാം എങ്ങനെ ജീവിക്കുന്നു എന്നത് അനുസരിച്ചാണ് നമ്മെ അറിയപ്പെടുന്നത് എന്ന് മനസ്സിലാക്കി നമ്മുടെ ജീവിതത്തെ ക്രമ

പ്പെടുത്തുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. കുഞ്ഞുങ്ങളെ നാം രക്ഷിക്കപ്പെട്ടവർ ആണെങ്കിൽ നാം ദൈവത്തിന്റെ മക്കളാണ്. കർത്താവ് യോഹന്നാൻ സ്നാപകനെക്കുറിച്ച് പറഞ്ഞു. സ്ത്രീകളിൽനിന്ന് ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരുമില്ല. ദൈവരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനിലും വലിയവൻ എന്ന് ഞാൻ നിങ്ങളോട് പറയുന്നു. (ലൂക്കോസ് 7:28). ദൈവത്തിനും മനുഷ്യർക്കും കൊള്ളാകുന്നവരായി ജീവിച്ചു. നല്ല സാക്ഷ്യം ലഭിക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. അവന്റെ വലിയ നാമം മഹത്വപ്പെടുമാറാകട്ടെ.